# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഫറോക്ക് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോഴിക്കോട്-673020**

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/164/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 12/03/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഫറോക്ക് മുനിസിപ്പാലിറ്റി

സർ,

**വിഷയം : ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം).
3. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
4. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
5. കാര്യാലയ പ്രതി.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/164/2024 തീയ്യതി: 12/03/2024

## കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-09-2022 മുതൽ 21-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ. എസ് | ജോയിന്റ് ഡയറക്ടർ | 22-01-2024 | 03-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2024 | 03-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സതീഷ് കുമാർ കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനൂപ് കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ബിബിൻ ഇ.സി, ഓഡിറ്റർ

ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

കുമാരി അയന.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ.സി.അബ്ദുൾ റസാഖ് | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ. അഭിലാഷ്.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 31-08-2022 |
| ശീ. അനിൽ കുമാർ | സെക്രട്ടറി | 01-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ലാലു ജോൺസ് . ആർ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | 01-04-2022 | 31-03-2023 |
| ശ്രീ വത്സൻ സി.കെ | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ. നായർ സംഗീത ശ്രീധരൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി താരാ ബാബു | പ്രിൻസിപ്പാൾ ജി.ജി.എച്ച്.എസ് ഫറോക്ക് | 01-04-2022 | 31-03-2023 |
| ഡോ. അൽസ മറിയം | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീ സനിൽ കുമാർ പി. | സീനിയ ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മോനിഷ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2022 | 06-01-2023 |
| ശ്രീമതി ഹസീന .വി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 07-01-2023 | 31-03-2023 |
| ശ്രീ. അഷ്ഹദ് അലി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സുനീർ വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീമതി വിജ്ജല കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 31-03-2023 |
| ശ്രീ അഭിലാഷ് ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീ ഹിരൺ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്ജ്) | 13-09-2022 | 25-10-2022 |
| ശ്രീ അനി ഐസക്ക് | അസിസ്റ്റന്റ് എഞ്ചിനീയർ | 26-10-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ അധികൃതമാക്കിയിട്ടില്ല. | 1-1-3 |
| 5 | ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല. | 1-1-4 |
| 6 | വസ്തു നികുതി കളക്ഷൻ– വാർഷിക കണക്കും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വസ്തു നികുതി കുടിശ്ശിക–വാർഷിക കണക്കും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-1-9 |
| 11 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന തരത്തിൽ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-10 |
| 12 | ഇ – ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-11 |
| 13 | ഗ്രാന്റുകളുടെ നീക്കിയിരിപ്പിലെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | CFC ഗ്രാന്റുകളുടെ വർഷാവസാന നീക്കിയിരിപ്പ് വിവരങ്ങളിൽ കൃത്യതയില്ല | 1-1-14 |
| 16 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | വികസനഫണ്ട് (ജനറൽ) ചെലവ്- വാർഷികകണക്കിലേയും സുലേഖ ചെലവ് പത്രികയിലേയും തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. | 1-1-16 |
| 18 | ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും തുക നൽകുന്നതിന് പകരം സ്വഛ്ഭാരത് ഫണ്ടിൽ നിന്നും തുക നൽകി. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-3 |
| 21 | ഫണ്ട് വിനിയോഗം (എ.സി.ആർ, സുലേഖ ചെലവ് പത്രിക, വാർഷിക കണക്ക് എന്നിവ പ്രകാരം) | 1-4 |
| 22 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമമല്ല | 1-6 |
| 25 | ക്യാഷ് പരിശോധന | 1-7 |
| 26 | ടാക്സ് ഓഡിറ്റ് | 1-8 |
| 27 | തൊഴിൽ നികുതി അപാകതകൾ | 1-9 |
| 28 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-10 |
| 29 | തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. | 1-11 |
| 30 | റോഡുകളുടെ വീതി, തറ നിർമ്മിതി എന്നിവ തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു | 1-12 |
| 31 | മൊബൈൽ ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു- തനത് വരുമാനത്തിൽ നഷ്ടം | 1-13 |

| | | |
|---|---|---|
| 32 | അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. | 1-14 |
| 33 | നിലവിലുള്ള കെട്ടിടം പരിഗണിക്കാതെ ഒക്യുപെൻസി നൽകി | 1-15 |
| 34 | അർഹതയില്ലാത്ത കാലയളവിൽ വാടകയിളവ് നൽകി | 1-16 |
| 35 | വാടക കുടിശ്ശിക അടച്ചു തീർക്കാൻ വൈകിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം | 1-17 |
| 36 | ബൈലോ രൂപീകരിക്കാത്തതിനാൽ വാടക പുനർ നിർണയം-വ്യത്യസ്ത നിരക്കുകൾ പിൻതുടരുന്നു | 1-18 |
| 37 | ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-19 |
| 38 | ബാങ്ക് ബുക്കിൽ ഉൾപ്പെടുത്താതെ തുകകൾ ബാങ്കിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ചു | 1-20 |
| 39 | മാന്വൽ രസീത് വഴി പണം പിരിക്കലിൽ ഗുരുതര അപാകതകൾ : ധനകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 1-21 |
| 40 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് - തുകകളുടെ സൂക്ഷിപ്പിൽ കൃത്യതയില്ല | 1-22 |
| 41 | നഗരസഭ കൗൺസിൽ ഹാളിൽ കോൺഫറൻസിങ്ങ് സിസ്റ്റം സ്ഥാപിക്കൽ - ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല | 1-23 |
| 42 | സ്യൂട്ട് രജിസ്റ്റർ -കേസുകളുടെ വിവരങ്ങൾ ലഭ്യമല്ല | 1-24 |
| 43 | വാഹനം കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-25 |
| 44 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കിയത് - രേഖകൾ ലഭ്യമല്ല. | 1-26 |
| 45 | മോട്ടോർ വാഹന വകുപ്പിന്റെ നിരക്ക് കണക്കിലെടുക്കാതെ ക്വട്ടേഷൻ ക്ഷണിച്ചു. | 1-27 |
| 46 | കാലാവധി കഴിഞ്ഞ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിൽ തുടർനടപടിയില്ല | 1-28 |
| 47 | അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തി ഫണ്ട് ചെലവ് ചെയ്തു. | 1-29 |
| 48 | സെൻടൽ പ്രോവിഡന്റ് ഫണ്ടിൽ ജീവനക്കാരുടെ വരിസംഖ്യ വൈകി അടച്ചതിനാൽ പലിശയിനത്തിൽ തുക നഷ്ടമായി | 1-30 |
| 49 | മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-31 |
| 50 | സ്ഥല ലഭ്യത ഉറപ്പാക്കാത്തതിനാൽ ജൈവവൈവിധ്യ പാർക്ക് നിർമ്മാണത്തിന് ലഭിച്ച തുക നഷ്ടപ്പെടുന്ന അവസ്ഥയിൽ | 1-32 |
| 51 | ദേശീയ നഗര ഉപജീവനമിഷൻ (NULM) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച | 1-33 |
| 52 | പി.എം.എ.വൈ- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-34 |
| 53 | അതി ദരിദ്രർക്കും അഗതികൾക്കും പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച | 1-35 |
| 54 | പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ തെങ്ങിൽ തൈകൾ വിതരണം ചെയ്യാതെ നശിക്കുന്ന അവസ്ഥയിൽ | 1-36 |
| 55 | പാലിയേറ്റീവ് പദ്ധതിയ്ക്കായി വാഹനം ഉപയോഗിക്കുന്നത് നിയമാനുസൃതമല്ല | 1-37 |
| 56 | കൃഷിഭവനിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-38 |
| 57 | സേവന പുസ്തക പരിശോധന | 1-39 |
| 58 | സ്ഥിര നിക്ഷേപത്തിന് ലഭിച്ച പലിശ മുഴുവനായും അക്കൗണ്ട് ചെയ്തിട്ടില്ല | 1-40 |
| 59 | ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയ തുക നിലവിലും തിരികെ ഈടാക്കിയിട്ടില്ല | 1-41 |
| 60 | ചെലവ് തുക സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-42 |
| 61 | പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്-സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്നില്ല, അനാവശ്യയിനങ്ങൾ ഉൾപ്പെടുത്തുന്നു | 1-43 |
| 62 | കൈതോലിതോട് - എസ്റ്റിമേറ്റിൽ അമിത നിരക്ക് | 1-44 |
| 63 | എം.ആർ.എഫ്. നിർമ്മാണം - പദ്ധതി അപൂർണ്ണമായി പൂർത്തീകരിച്ച് ഉപേക്ഷിച്ചു | 1-45 |
| 64 | സീക്കോസ് മുട്ടിയറ കനാൽ - ഒരേ എസ്റ്റിമേറ്റിൽ രണ്ടുവിധം സ്റ്റാൻഡേർഡ് അവംലംബിച്ചു | 1-46 |
| 65 | ടേക്ക് എ ബ്രേക്ക് - നിലവിലും പ്രവർത്തനക്ഷമമാക്കിയില്ല | 1-47 |
| 66 | തനത് ഫണ്ട് ചെലവ് വൗച്ചറുകൾ– ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല. | 1-48 |
| 67 | സർക്കാരിന്റെ സംവരണ തത്വം മറികടന്ന് കണ്ടിജന്റ് ജീവനക്കാരെ നിയമിച്ചു | 1-49 |
| 68 | പദ്ധതി നടത്തിപ്പിനായി മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല | 1-50 |

| | | |
|---|---|---|
| 69 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് | 1-51 |
| 70 | മാലിന്യങ്ങൾ കയറ്റി അയക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-52 |
| 71 | കാർഷിക തൈ വിതരണ പദ്ധതികൾ - നടത്തിപ്പിലെ അപാകതകൾ | 1-53 |
| 72 | കൂമ്പ് ചീയൽ ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയ തൈ വെയ്ക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-54 |
| 73 | സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-55 |
| 74 | അമൃത് മുൻസിപ്പാലിറ്റി വിഹിതം നൽകൽ - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-56 |
| 75 | തടത്തിൽത്താഴം 8/4കുന്നത്ത്കുഴി ഡ്രൈനേജ് കം റോഡ് -ഫീസിബിലിറ്റി വിവരം ലഭ്യമല്ല | 1-57 |
| 76 | നഗരസഭാ ഓഫീസിൽ സോളാർ സ്ഥാപിക്കൽ - വിവരം ലഭ്യമല്ല | 1-58 |
| 77 | വയോമിത്രം പദ്ധതി - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചു | 1-59 |
| 78 | വീട് വാസയോഗ്യമാക്കൽ- പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താവിനെ തെരഞ്ഞെടുത്തു | 1-60 |
| 79 | കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ.- അപാകതകൾ | 1-61 |
| 80 | മഞ്ചാടി- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-62 |
| 81 | പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല | 1-63 |
| 82 | മാവേലി സ്റ്റോർ നവീകരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചതും, മറ്റപാകതകളും | 1-64 |
| 83 | പൊതുകിണറുകളുടെ അറ്റകുറ്റപണികൾ - അളവു രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകിയതും, മറ്റപാകതകളും | 1-65 |
| 84 | വയോജനപ്പാർക്ക് - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയില്ല, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി | 1-66 |
| ഭാഗം **2** | | |
| 1 | മൊബൈൽ ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു- തനത് വരുമാനത്തിൽ നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | മാവേലി സ്റ്റോർ നവീകരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു | 3-1 |
| 2 | പൊതുകിണറുകളുടെ അറ്റകുറ്റപണികൾ - അളവു രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകി, അനാവശ്യയിനം എസ്റ്റിമേറ്റിൽ | 3-2 |
| 3 | വയോജനപ്പാർക്ക് - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗപ്പെടുത്തിയില്ല, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2023 തീയതിയിലെ 2-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26/08/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

വാർഷികകണക്കിൽ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

(1) വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B-17, റസീപ്റ്റ് & പേയ്മെന്റ് RP-40(b) എന്നിവ പ്രകാരം 2022-23 സാമ്പത്തിക വർഷാവസാനത്തിൽ വിവിധ ബാങ്കുകളിൽ നീക്കിയിരിപ്പായി കാണിച്ച തുകകളുടെ ആധികാരികത/കൃത്യത പരിശോധിക്കുന്നതിന് ആവശ്യമായ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ, ബാങ്ക് പാസ്സ്ബുക്കുകൾ/ സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് വിവരങ്ങൾ | നീക്കിയിരിപ്പായി കാണിച്ച തുക |
|---|---|---|
| 1 | SBI Own Fund( 7383) | 42348735 |
| 2 | HDFC Card Payment Ac (57425) | 114428 |
| 3 | SBI E_payment (9972) | 5155649 |
| 4 | SIB Prof Tax Online (13502) | 1945 |
| 5 | FSCB Own Fund (0064) | 6450816 |
| 6 | SBI MP Fund (3538) | 258536 |
| 7 | ICICI Swatch Bharath (0814) | 5431 |
| 8 | HDFC Jaiva Vaividhya (5886) | 64805 |
| 9 | Canara Health Garnt-2 (1763) | 12490645 |
| 10 | UBI PMAY (5361) | 15814235 |
| 11 | ICICI CFC Grant (1255) | 19357013 |
| 12 | ICICI Swatch Bharath -2 (2141) | 4123605 |
| 13 | Treasury MF Ac Maintenance Fund | (211921 |
| 14 | Treasury Grant Fund_3 | (385345) |

(2)ക്രമ നമ്പർ 4, 6 എന്നിവയുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭിച്ചിരുന്നെങ്കിലും, പ്രസ്തുത അക്കൗണ്ടുകളുടെ പാസ്ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകകളുടെ

കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

(3) റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തതിനാൽ Directly Debited By Bank, Directly Credited By Bank എന്നീ ഇനങ്ങളിൽ തുകകൾ ചേർത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയവ ക്രമീകരിച്ചിട്ടുണ്ടോ പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ സ്ഥാപനം ഇഷ്യു ചെയ്ത് മൂന്ന് മാസത്തിലധികം കൂടുതലായി പണമാക്കാത്ത ചെക്കുകൾ ഉണ്ടോ, സ്ഥാപനത്തിന് ലഭിച്ചതും ബാങ്കിൽ നിക്ഷേപിച്ചതുമായ ചെക്കുകൾ ക്രെഡിറ്റ് ചെയ്തിട്ടുണ്ടോ പരിശോധിച്ച് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

**1-1-3 റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ അധികൃതമാക്കിയിട്ടില്ല.**

പരിശോധനയ്ക്ക് ലഭ്യമാക്കിയ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നുംതന്നെ സെക്രട്ടറി/അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് വെച്ച് അധികൃതമാക്കിയിട്ടില്ല.

**1-1-4 ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.**

തൊഴിൽ നികുതി, ലൈസൻസ്, പെർമിറ്റ്, വാടക തുടങ്ങിയ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൻവർഷത്തെ വരവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബാലൻസ് ഷീറ്റ് ബി-15 പ്രകാരം 2022-23 വർഷാവസാനത്തിൽ വസ്തുനികുതി ഒഴികെയുള്ള വിവിധ വരവിനങ്ങളിലായി 1200112/-രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. എന്നാൽ വരവ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതിത്തയ്യാറാക്കാത്തതിനാൽ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണിച്ച ഈ തുകകളുടെ ആധികാരികതയും പരിശോധിച്ച് ഉറപ്പിക്കാൻ സാധിച്ചിട്ടില്ല.

**1-1-5 വസ്തു നികുതി കളക്ഷൻ- വാർഷിക കണക്കും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല.**

2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-37) ഷെഡ്യൂൾ പ്രകാരവും, സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരവുമുള്ള തൻവർഷത്തെ വസ്തുനികുതി ഇനത്തിലെ കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക (RP-37) | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി (തൻവർഷം) | 13878152 | 13309202 | 568950 |
| വസ്തു നികുതി (കുടിശിക) | 7382247 | 6923930 | 458317 |

**1-1-6 വസ്തു നികുതി കുടിശ്ശിക-വാർഷിക കണക്കും സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല.**

2022-23 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-15 പ്രകാരം കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള തൻവർഷ തുകയും, മുൻവർഷങ്ങളിലെ കുടിശ്ശിക തുകയും, സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | വാർഷിക ധനകാര്യ പത്രിക (ബി-15) | സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് |
|---|---|---|
| വസ്തു നികുതി കുടിശ്ശിക (തൻവർഷം) | 2130703 | 4115214 |
| വസ്തുനികുതി കുടിശ്ശിക (മുൻവർഷം) | 7700679 | 8358844 |

**1-1-7 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.**

A) ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വാർഷികകണക്ക് ബി-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 8673175/- രൂപ തിരികെ നൽകാനുണ്ട്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2021-22 വാർഷികകണക്ക് ബി-7 പ്രകാരം തിരികെ നൽകാനുള്ള തുക 8445895/-രൂപയായിരുന്നു. എന്നാൽ 2022-23 വർഷത്തിൽ 227279/-രൂപ വർദ്ധിച്ച് ഇത് 8673175/- രൂപയായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ തൻവർഷം ലഭിച്ച തുക, തൻവർഷത്തിൽ തിരികെ നൽകിയ തുക, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ, കാലാവധി കഴിഞ്ഞ തുകകൾ തിരികെ നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത ചൂണ്ടിക്കാണിച്ചിട്ടും നാളിതുവരെയായി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ നഗരസഭയുടെ ഭാഗത്ത് നിന്നും ഉണ്ടായതായി കാണുന്നില്ല.

B) അഡ്വാൻസ് രജിസ്റ്റർ

വാർഷികകണക്ക് ബാലൻസ് ഷീറ്റ് ബി- 18 പ്രകാരം അഡ്വാൻസ് ഇനത്തിൽ 2694735/- രൂപ തിരികെ ലഭിക്കാനുണ്ട്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുകയോ രജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽത്തന്നെ തൻവർഷം ഏത്ര തുക ആർക്കെല്ലാം നൽകിയെന്നോ, ഏതെല്ലാം തുകകൾ തിരികെ ലഭിച്ചെന്നോ/അഡ്ജസ്റ്റ് ചെയ്തെന്നോ, ആരിൽ നിന്നാണ് തുക തിരികെ ലഭിക്കാനുള്ളതെന്നോ വ്യക്തമല്ല.

C) ആസ്തി രജിസ്റ്റർ- വാർഷികകണക്ക് ബി-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്ന രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

D) സ്റ്റോക്ക് രജിസ്റ്റർ- വാർഷികകണക്ക് ബി-14 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തുനികുതി, തൊഴിൽ നികുതി, വാടക മുതലായ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ വരവുകളുടേയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് സാമ്പത്തിക വർഷാവസാനത്തിൽ മാത്രമാണ്.

**1-1-9 വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തുന്നില്ല**

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി, വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, വരവ് രജിസ്റ്ററുകൾ പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷാന്ത്യത്തിലും രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി വാർഷികകണക്കിലെ അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നില്ല. ഉദാഃ ലൈസൻസ്, തൊഴിൽനികുതി, വാടക

**1-1-10 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന തരത്തിൽ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല**

പരിശോധനയ്ക്ക് ലഭ്യമാക്കിയ ജേണൽ ബുക്ക് പ്രകാരം 2022-23 വർഷത്തിൽ 240 ജേണൽ വൗച്ചറുകൾ ഉണ്ട്. എന്നാൽ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല.

**1-1-11 ഇ – ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ അക്കൗണ്ട് ചെയ്തിട്ടില്ല**

ഇ-ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില മുൻസിപ്പൽ ഫണ്ടിൽ വരവ് വെക്കാതെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

**1-1-12 ഗ്രാന്റുകളുടെ നീക്കിയിരിപ്പിലെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല**

വാർഷികകണക്ക് ഷെഡ്യൂൾ ബി-4 പ്രകാരം Grant, Contribution For Specific Purposes - Central Government എന്ന ശീർഷകത്തിൽ 26989252/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ ഈ തുക ഏതിനങ്ങളിൽ ലഭിച്ചതാണെന്നോ, ഓരോയിനത്തിലും എത്ര തുകയുണ്ടെന്നും, എതൊക്കെ അക്കൗണ്ടിലാണ് ഇവ സൂക്ഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഗ്രാന്റുകളുടെ നീക്കിയിരിപ്പിലെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

**1-1-13 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

വാർഷികകണക്ക് ഷെഡ്യൂൾ ബി-4 പ്രകാരം Development Fund-CFC-Capital ഇനത്തിലെ നീക്കിയിരിപ്പ് തുക 21260874/- രൂപയാണ്. എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരം സി.എഫ്.സി ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ (നം. 74801001255 – ICICI CFC Grant) സാമ്പത്തിക വർഷാവസാന നീക്കിയിരിപ്പ് തുക 19357013/- രൂപ മാത്രമാണ്. ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പും, ബി-4 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ഗ്രാന്റ് നീക്കിയിരിപ്പും തമ്മിൽ 1903861/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-1-14 CFC ഗ്രാന്റുകളുടെ വർഷാവസാന നീക്കിയിരിപ്പ് വിവരങ്ങളിൽ കൃത്യതയില്ല

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നഗരസഭയ്ക്ക് PFMS വഴി ലഭിച്ച CFC Tide, Basic Grant ഇനങ്ങളിൽ ചെലവ് കിഴിച്ചുള്ള നീക്കിയിരിപ്പ് തുകകളുടെ വിവരങ്ങൾ, വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ടൈഡ് ഗ്രാന്റ്, ബേസിക് ഗ്രാന്റ് എന്നിങ്ങനെ ഇനം തിരിച്ച് രേഖപ്പെടുത്താതെ, Development Fund -CFC-Capital (320200104) എന്ന ഒരൊറ്റ ശീർഷകത്തിൽ രണ്ട് ഗ്രാന്റുകളിലേയും ആകെ നീക്കിയിരിപ്പ് തുക രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. മേൽ സൂചിപ്പിച്ച ഗ്രാന്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പ്രത്യേകം എ.സി.ആറും എഴുതി സൂക്ഷിച്ചിട്ടില്ല. ഈ കാരണങ്ങളാൽ PFMS വഴി ബാങ്കിൽ ലഭിച്ച ഗ്രാന്റുകളിൽ എത്ര രൂപ വീതം ഓരോ ഗ്രാന്റിലും നീക്കിയിരിപ്പുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ ഫണ്ട് സൂക്ഷിക്കുന്നതിനാൽ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കാനുള്ള സാധ്യതയും വർദ്ധിക്കുന്നു.

## 1-1-15 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവ് തുകകൾ പൊരുത്തപ്പെടുന്നില്ല

ഫറോക്ക് നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക കണക്ക്, എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിലെ ചെലവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഷിക ധന കാര്യ പത്രിക (ഷെഡ്യൂൾ- I-6) പ്രകാരം ആകെ ചെലവ് തുക | എ.സി.ആർ പ്രകാരം ആകെ ചെലവ് തുക | സുലേഖ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് തുക | സി.എഫ്.സി ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ട് പ്രകാരം ആകെ ചെലവ് തുക |
|---|---|---|---|
| 1,69,69,598/- | 2,57,83,021/- | 1,76,64,837/- | 1,92.99,404/- |

മുകളിൽ ചേർത്ത വിധത്തിൽ ഓരോ രേഖകളിലെയും ചെലവ് തുകകൾ തമ്മിൽ താഴെ പറയും വിധം വ്യത്യാസമുണ്ട്.

| | | വ്യത്യാസം (രൂപ) |
|---|---|---|
| എ.സി.ആർ (2,57,83,021) | ധനകാര്യ പത്രിക (1,69,69,598) | 88,13,423 |
| | സുലേഖ ചെലവ് പത്രിക (1,76,64,837) | 81,18,184 |
| | ബാങ്ക് അക്കൗണ്ട് (1,92.99,404) | 64,83,617 |
| സുലേഖ ചെലവ് പത്രിക | ധനകാര്യ പത്രിക (1,69,69,598) | 6,95,239 |

| | | |
|---|---|---|
| (1,76,64,837) | ബാങ്ക് അക്കൗണ്ട് (1,92.99,404) | 16,34,567 |
| ധനകാര്യ പത്രിക (1,69,69,598) | ബാങ്ക് അക്കൗണ്ട് (1,92.99,404) | 23,29,806 |

സി.എഫ്.സി ഗ്രാന്റിന്റെ ചെലവ് വിവരങ്ങൾ പരിശോധിക്കുന്നതിനായി ഓഡിറ്റിന് ലഭ്യമാക്കിയ മേൽ പറഞ്ഞ രേഖകളിലെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ ചെലവ് തുകകൾ തമ്മിൽ യാതൊരു വിധത്തിലും പൊരുത്തപ്പെടുന്നില്ല. ഇവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് വേളയിൽ സാധിക്കുകയോ, വ്യത്യാസം വിശദീകരിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

**1-1-16 വികസനഫണ്ട് (ജനറൽ) ചെലവ്- വാർഷികകണക്കിലേയും സുലേഖ ചെലവ് പത്രികയിലേയും തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല.**

വികസനഫണ്ട് (ജനറൽ) ചെലവ് തുക വാർഷികകണക്ക്/സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം 56084485/- രൂപയും എ.സി.ആർ പ്രകാരം ഇത് 54644557/- രൂപയുമാണ്. ജി.ഒ പ്രൊജക്ടുകളുടെ ചെലവ് തുകയായ 7237600/- ( 2480000x2 + 759200x3) ഉൾപ്പെടുത്തുമ്പോൾ എ.സി.ആർ ചെലവ് തുക 61882157/- രൂപയാണ്. ഇവ തമ്മിലുള്ള 5797672/- രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

**1-1-17 ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും തുക നൽകുന്നതിന് പകരം സ്വച്ഛ്ഭാരത് ഫണ്ടിൽ നിന്നും തുക നൽകി.**

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ MRF നിർമ്മാണം (നം. 75/23) എന്ന പ്രോജക്ടിനായി ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട 154988/-രൂപ വൗച്ചർ നമ്പർ. 22200774/3.2.2023 പ്രകാരം സ്വച്ഛ്ഭാരത് ഫണ്ടിനായുള്ള SBM ZERO BALANCE ICICI A/C 074801002411 എന്ന ബാങ്ക് അക്കൗണ്ടിൽ നിന്നും ചെലവഴിച്ചു. വാർഷിക കണക്കുകളിലെ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-2 ബജറ്റ്**

ഫറോക്ക് നഗരസഭയുടെ 2022-23 വർഷത്തെ ബജറ്റ് 24-03-2022 ലെ കൗൺസിൽ തീരുമാന നമ്പർ 1 പ്രകാരവും, പുതുക്കിയ ബജറ്റ് 20-03-2023 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 79063865 |
| ഓഡിറ്റ് വർഷത്തെ വരവ് | 35,30,33,503 |
| ആകെ | 43,20,97,368 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 38,09,26,209 |
| നീക്കിയിരിപ്പ് | 51171159 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 83284991 |
| വരവ് | 230428741 |
| ആകെ | 313713732 |
| ചെലവ് | 204324232 |
| നീക്കിയിരിപ്പ് | 109389500 |

**1-4 ഫണ്ട് വിനിയോഗം (എ.സി.ആർ, സുലേഖ ചെലവ് പത്രിക, വാർഷിക കണക്ക് എന്നിവ പ്രകാരം)**

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ* | 0 | 55350200(Grant)+ 7237600(GO)= 62587800 | 62587800 | 54644557+ 7237600= 61882157 | 705643 |
| എസ് സി പി | 0 | 19622000 | 19622000 | 11460067 | 8161933 |
| ടി എസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8273000 | 8273000 | 6207433 | 2065567 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 8718000 | 8718000 | 8023233 | 694767 |
| CFC ഗ്രാന്റ് ടൈഡ് (PFMS) ** | 15995141 | 11259500 | 27254641 | 13582028 | 13672613 |
| CFC ഗ്രാന്റ്- ടൈഡ് (ട്രഷറി )** | 0 | 4678663 | 4678663 | 0 | 4678663 |
| CFC ഗ്രാന്റ് അൺ ടൈഡ് - (PFMS)** | 2102530 | 7506500+562801 (Int) | 10171831 | 12200993 | (2029162) |

| | | | | | |
|---|---|---|---|---|---|
| CFCഗ്രാന്റ് അൺ ടൈഡ് - (ട്രഷറി )** | 0 | 1125224 | 1125224 | 0 | 1125224 |

കുറിപ്പ്:-

1)* നഗരസഭയ്ക്ക് സ.ഉ നം. 1049/23/ധന തി. 143.2.2023 പ്രകാരം വികസനഫണ്ട് (ജനറൽ) ഇനത്തിൽ ലഭിച്ച മൂന്നാം ഗഡു തുകയായ 23788500/- രൂപയിൽ നിന്നും അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാനുള്ള തുക (759200/- രൂപ), ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (248000/-രൂപ) എന്നിവ കുറവ് ചെയ്തതിന് പുറമെ തനത് വരുമാനത്തിന്റെ 90% പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ട് (ജനറൽ) വിഭാഗത്തിന്റെ അലോട്ട്മെന്റിൽ നിന്നും 1% കുറവ് വരുത്തുമെന്ന സർക്കാർ ഉത്തരവ് (179/2022/ധന തിയ്യതി. 18.10.2022) പ്രകാരമുള്ള 632200/- രൂപയും കുറവ് ചെയ്തിട്ടുണ്ട്. വികസനഫണ്ടിൽ ലഭിക്കേണ്ട 632200/- രൂപ ഇത്തരത്തിൽ നഗരസഭയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

2)* വികസനഫണ്ട് (ജനറൽ) ജി.ഒ പ്രോജക്ടുകൾ ഉൾപ്പെടെ എ.സി.ആർ പ്രകാരമുള്ള ചെലവ് തുക 61882157/-രൂപയാണ്. എന്നാൽ വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം ഇത് 56084485/- രൂപയുമാണ്. ഇവ തമ്മിൽ 5797672/- രൂപയുടെ വ്യത്യാസം കാണുന്നു.

3)** 2021-22 വാർഷികകണക്ക് (ഷെഡ്യൂൾ B-4, B-7), എ.സി.ആർ എന്നിവ പ്രകാരം തയ്യാറാക്കിയ തുകകളാണ്, 2022-23 വർഷത്തിലെ CFC Tide, Basic Grant എന്നിവയുടെ മുന്നിരിപ്പായി ചേർത്തിട്ടുള്ളത്.

4)** 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നഗരസഭയ്ക്ക് PFMS വഴി ലഭിച്ച CFC Tide, Basic Grant ഇനങ്ങളിൽ ചെലവ് കിഴിച്ചുള്ള നീക്കിയിരിപ്പ് തുകകളുടെ വിവരങ്ങൾ, വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ടൈഡ് ഗ്രാന്റ്, ബേസിക് ഗ്രാന്റ് എന്നിങ്ങനെ ഇനം തിരിച്ച് രേഖപ്പെടുത്താതെ, Development Fund-CFC-Capital (320200104) എന്ന ഒരൊറ്റ ശീർഷകത്തിൽ രണ്ട് ഗ്രാന്റുകളിലേയും ആകെ നീക്കിയിരിപ്പ് തുക രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. രണ്ട് ഗ്രാന്റിനത്തിലും PFMS വഴി ലഭിക്കുന്ന തുകകൾ ഒരേ അക്കൗണ്ടിലാണ് സൂക്ഷിച്ച് വരുന്നതിനാലും, മേൽ സൂചിപ്പിച്ച ഗ്രാന്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പ്രത്യേകം എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തിനാലും PFMS വഴി ബാങ്കിൽ ലഭിച്ച ഗ്രാന്റുകളിൽ തൻവർഷത്തെ ചെലവിന് ശേഷം 31.03.2023 തിയ്യതിയിൽ എത്ര രൂപ വീതം ഓരോ ഗ്രാന്റിലും നീക്കിയിരിപ്പുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് തുകയിൽ എത്ര തുക വീതം ബാങ്കിലൂടെയും ,എത്ര തുക ട്രഷറി വഴിയും ചെലവഴിച്ച് എന്നത് സംബന്ധിച്ച് യാതൊരു രേഖയും/കണക്കുകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ട്രഷറി വഴി 2022-23 ൽ തുകകളൊന്നും തന്നെ ചെലവഴിച്ചിട്ടില്ലെന്നാണ് ബന്ധപ്പെട്ട സെക്ഷൻ/അക്കൗണ്ടന്റ് അറിയിച്ചിട്ടുള്ളത്. (ഇത് സംബന്ധിച്ച അപാകതകൾ, വാർഷിക കണക്കിലെ അപാകതകളിലും, ഖണ്ഡിക 1-22 ആയും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 1-4-1 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ, എസ്.സി.പി), മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|

| | | |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 212709211 | 70365048 |
| വികസനഫണ്ട് (എസ്.സി.പി) | 33650437 | 19622000 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 37183023 | 9727948 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 312 | 173 | 139 | 55.4 |

2022-23 ൽ ഡി.പി.സി. അംഗീകാരം ലഭിച്ച 312 പ്രൊജക്ടുകളിൽ 173 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 23,17,26,665/- രൂപ വകയിരുത്തിയതിൽ 10,96,46,321/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അടങ്കൽ തുകയുടെ 47 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളു.

**യഥാർത്ഥ പദ്ധതി ചെലവ് വിവരം ലഭ്യമല്ല.**

നഗരസഭയുടെ 2022-23 വർഷത്തെ പദ്ധതി ചെലവ് വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തെ അടിസ്ഥാനപ്പെടുത്തി പരിശോധിച്ചതിൽ യഥാർത്ഥത്തിൽ ചെലവ് നടന്ന പല പദ്ധതികളുടെയും ചെലവ് വിവരം സുലേഖയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കണ്ടു. വെബ് സാംഖ്യ മുഖേന ബിൽ തയ്യാറാക്കി സമർപ്പിക്കുന്ന പ്ലാൻ ഫണ്ടുകൾ (ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ്, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) മുതലായവയൊഴികെയുള്ള പദ്ധതി ചെലവുകൾ (ചെക്ക് മുഖേന വിവിധ ഫണ്ടിനങ്ങളിൽ നിന്നും നടത്തിയ ചെലവുകൾ ) വെബ് സാംഖ്യയിൽ പ്രത്യേകം രേഖപ്പെടുത്തലുകൾ നടത്തി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം ചെയ്യേണ്ട സി.എഫ്.സി, തനത്ഫണ്ട്, പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ എന്നിവ വിനിയോഗിച്ച് നടപ്പാക്കിയ പദ്ധതി ചെലവുകൾ മുഴുവനായി സുലേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നഗരസഭയുടെ ഓഡിറ്റ് വർഷത്തെ യഥാർത്ഥ പദ്ധതി ചെലവ് ഓഡിറ്റിന് കണക്കാക്കാനായിട്ടില്ല. ഇതിനൊരുദാഹരണം ചുവടെ കൊടുക്കുന്നു.

എ.സി.ആർ. പ്രകാരം 2022-23 വർഷത്തിൽ സി.എഫ്.സി. ഗ്രാന്റിന്റെ (ടൈഡ് + അൺടൈഡ്) ആകെ ചെലവ് 25783021/-രൂപയാണ്. എന്നാൽ സുലേഖ പത്രികയിൽ ഈ ഫണ്ടിന്റെ 17664837/-രൂപയുടെ ചെലവ് മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുകളിൽ ഇത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടവ ബന്ധപ്പെട്ട പരാമർശങ്ങളിൽ ഉൾപ്പെടുത്തിയത് ശ്രദ്ധിച്ചാലും. ഓഡിറ്റ് വർഷത്തെ മുഴുവൻ ചെലവ് വിവരവും സുലേഖയിൽ ഉൾപ്പെടുത്തി ശരിയായ

പദ്ധതി ചെലവ് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-6 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമമല്ല**

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ നഗരസഭയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

11-11-2022 ലെ FG3/14738/2020 ലെ ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്തങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിവിധ സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ ശരിയായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥർ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. ഏതാനും പേഴ്സണൽ രജിസ്റ്റർ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ പേഴ്സണൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപൂർണ്ണവും തീർപ്പാക്കിയ ഫയലുകളുടെ വിവരങ്ങൾ രേഖപ്പെടുത്താത്തതുമാണ്. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. മേൽനോട്ടത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ചുമതല നിർവ്വഹിക്കാത്തതാണ് മേൽപ്പറഞ്ഞ അപാകതകൾ സംഭവിക്കാനുള്ള അടിസ്ഥാന കാരണം. 2022-23 ൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, പെർമിറ്റ്, വാടക തുടങ്ങിയ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി, വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, ഒരു വരവ് രജിസ്റ്ററും പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. കൂടാതെ വർഷാന്ത്യത്തിലും രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തുന്നില്ല. ഉദാഃ വസ്തുനികുതി, ലൈസൻസ്. ലഭ്യമാക്കിയ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നുംതന്നെ സെക്രട്ടറി/അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് നഗരസഭ കൈകാര്യം ചെയ്യുന്ന കേസുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട സ്യൂട്ട് രജിസ്റ്റർ പൂർണ്ണമല്ല. കേസുകളുടെ പൂർണ്ണ വിവരം ഇതിൽ നിന്നും ലഭ്യമല്ല. മുനിസിപ്പാലിറ്റിയിൽ ജീവനക്കാർ സ്ഥലം മാറി പോവുകയും പുതിയ ആളുകൾ ജോലിയിൽ പ്രവേശിക്കുകയും ചെയ്യുമ്പോൾ ബന്ധപ്പെട്ട സെക്ഷനുകളിലെ ഫയലുകൾ സഹിതം ചാർജ്ജ് കൈമാറുന്നില്ല. ഇത് പുതുതായി ചാർജെടുക്കുന്ന സെക്ഷനുകൾക്ക് ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും ഫയലുകളിൽ തുടർന്നുള്ള നടപടിക്രമങ്ങൾ കൈക്കൊള്ളുന്നതിനും അനാവശ്യ കാലതാമസം വരുത്തുന്നു. ആയതിനാൽ ഓഡിറ്റ് കാലയളവിലെ ഫയലുകൾ പോലും കണ്ടെത്താൻ കാല താമസം സൃഷ്ടിക്കുന്ന അവസ്ഥയാണുള്ളത്. ഇത് സൂപ്പർവൈസറി തലത്തിലുള്ള പോരായ്മയെയാണ് ചൂണ്ടിക്കാണിക്കുന്നത്. നികുതി പിരിച്ചെടുക്കാൻ മുനിസിപ്പാലിറ്റി ആക്റ്റിൽ കൃത്യമായ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല. വസ്കു നികുതി തുടങ്ങി വിവിധയിനം വരവുകളുടെ കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ പുരോഗതി ഇല്ലാത്തത് വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമതയില്ലായ്മയെയാണ് കാണിക്കുന്നത്. വാർഷിക കണക്കുമായി ബന്ധപ്പെട്ട് തനത് ഫണ്ട് ചെലവ് പരിശോധിക്കുന്നതിനുള്ള ബിൽ രജിസ്റ്റർ,കാഷ്ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ഇത് ആഭ്യന്തര നിയന്ത്രണത്തിന്റെ പോരായ്മയാണ്.

തൻവർഷം അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയതിൽ നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഖ.1-14 കാണുക. അനധികൃത നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും ക്രമവത്കരിക്കുകയോ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗപ്പെടുത്തുന്നതും എന്നാൽ നിർമ്മാണം ക്രമവത്കരിക്കാത്തതും അനധികൃത നമ്പർ

പതിക്കാത്തതുമായ കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ശേഖരിക്കുന്നതിനോ തുടർ നടപടികൾ സ്വീകരിക്കുന്നതിനോ നഗരസഭക്ക് സാധിച്ചിട്ടില്ല. വിശദാംശങ്ങൾക്കായി ഖണ്ഡിക 1-15 കാണുക. നഗരസഭയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നഗരസഭയുടെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. 1996-97 മുതൽ 2021-22 വരെ വിവിധ റിപ്പോർട്ടുകളിലായി 536 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നു. മേല്പറഞ്ഞവ കൂടാതെ മുൻ റിപ്പോർട്ടുകളിലും ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലെ വിവിധ പോരായ്മകൾ ചൂണ്ടിക്കാട്ടിയിരുന്നു. ഇവയിൽ മിക്കതും പരിഹരിക്കപ്പെട്ടില്ലെന്ന കാര്യം പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു.

പോരായ്മകൾ സംബന്ധിച്ച സ്ഥാപനത്തിന്റെ നിരീക്ഷണവും അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.02.2024 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21890/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ടാക്സ് ഓഡിറ്റ്

കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധനസഹായങ്ങളും, നികുതി നികുതിയേതര തനതു സ്രോതസ്സുകളുമാണ് നഗരസഭകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമനിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം നഗരസഭകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് പ്രധാന തനതു വരുമാന സ്രോതസ്സുകൾ. ലഭ്യമാക്കാവുന്ന എല്ലാ വിഭവങ്ങളും പൂർണ്ണതോതിൽ സമാഹരിച്ചെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവന പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും കുറ്റമറ്റരീതിയിൽ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി നികുതി, ഫീസ്, വാടക തുടങ്ങിയവ കുറ്റമറ്റ രീതിയിൽ നിർണ്ണയിച്ചിട്ടുണ്ടെന്നും അവ പൂർണ്ണമായി പിരിച്ചെടുത്തിട്ടുണ്ടെന്നും പിരിച്ചെടുത്ത തുകകൾ പൂർണ്ണമായി (ട്രഷറി/ബാങ്ക്) എത്തിച്ചേർന്നിട്ടുണ്ടെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതുണ്ട്.

സ്ഥാപനത്തിന്റെ വരുമാന സ്രോതസ്സുകൾ പൂർണ്ണമായി പിരിച്ചെടുക്കുന്ന സമീപനം ഉണ്ടാവേണ്ടതുണ്ട്. ഡിമാന്റ് പൂർണ്ണമാക്കുന്ന നടപടികൾക്കാണ് മുൻതൂക്കം നൽകേണ്ടത്.

**വസ്തുനികുതി പരിഷ്കരണം**

സ.ഉ(അച്ചടി).നം.25/2023/LSGD തിയ്യതി-05.04.2023 ലെ ഉത്തരവ് പ്രകാരം വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധി വിജ്ഞാപനം ചെയ്യുകയും 22.03.2023 ലെ സ.ഉ(സാധാ) 77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി

പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തുനികതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് 22.03.2023 ലെ സ.ഉ(സാധാ) 77/2023/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക (1) ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഫറോക്ക് നഗരസഭയിലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ഭരണസമിതിയുടെ. 11/10/2023 ലെ 02-ാം നമ്പർ തീരുമാന പ്രകാരം പുതുക്കി നിശ്ചയിച്ച് 28.11.2023 ന് കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും, വിജ്ഞാപനം സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 10/01/2024 ന് ചേർന്ന ധനകാര്യ സ്ഥിരം സമിതിയിൽ കരട് വിജ്ഞാപനം അന്തിമമാക്കുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ അന്തിമ വിജ്ഞാപനം ചെയ്തിട്ടില്ല.

**വസ്തുനികുതി**

വസ്തുനികുതി മുഖേനയാണ് നഗരസഭക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചു വരുന്നത്. വസ്തുനികുതി നിർണ്ണയത്തിൽ അപാകതകളുണ്ടെന്ന് പരിശോധനയിൽ നിന്ന് വ്യക്തമാകുന്നുണ്ട്. നികുതി നിർണ്ണയത്തിൽ റോഡുകളുടെ വിവരം, തറ നിർമ്മിതി, എന്നിവ കൃത്യമായി രേഖപ്പെടുത്താതെ നികുതി നിർണ്ണയിക്കുന്നതിനാൽ വസ്തുനികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. സ്ഥാപനത്തിലെ വസ്തുനികുതി അപാകതകൾ സംബന്ധിച്ച് ഖണ്ഡിക 1-11 മുതൽ 1-15 വരെ പരാമർശിച്ചിട്ടുണ്ട്. നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗമെന്ന നിലയിൽ കെട്ടിടനികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. നിലവിൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിൽ അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുമാണ്.

2019 ലെ കേരള മുനിസിപ്പാലിറ്റി (കെട്ടിട നിർമ്മാണ) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം, ഒക്യുപെൻസി നൽകിയ കെട്ടിടങ്ങൾ ഒക്യുപെൻസി നൽകിയ തീയതി മുതൽ 2 വർഷത്തിനകം സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 22 പ്രകാരം 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് ഈ കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താവുന്നതുമാണ്. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ യഥാസമയം കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല. 31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 9831382/- രൂപയാണ് വസ്തുനികുതി കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുള്ളത്. പ്രസ്തുത തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ സംബന്ധിച്ച് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പുന:പരിശോധിക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.
2. വസ്തുനികുതി ഇനത്തിലെ കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
3. തെറ്റായ നിരക്കിലും അനർഹമായി ഇളവ് നൽകിയും വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുന:പരിശോധിക്കേണ്ടതാണ്.
4. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങളെ യഥാസമയം കണ്ടെത്തി ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, നഗരസഭ പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ , സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സ്ഥാപനത്തിലെ തൊഴിൽനികുതി അപാകതകൾ സംബന്ധിച്ച് ഖണ്ഡിക 1-9 ൽ പരാമർശിച്ചിട്ടുണ്ട്.

തൊഴിൽനികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള മുനിസിപ്പാലിറ്റി ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് (വകുപ്പ് 249).

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നല്കേണ്ടതാണ്(വകുപ്പ് 250).

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമ നം. 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

4. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്തേണ്ടതുമാണ്.

**വ്യാപാര ലൈസൻസ് ഡിമാന്റ് പൂർണ്ണമാക്കിയില്ല.**

വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റേയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട അപാകതകൾ വിശദമായി മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും നിലവിലും അപാകതകൾ തുടരുന്നു.

അപാകതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഫീൽഡ്തല ചുമതല നിർവ്വഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ മനുഷ്യശേഷിയുടെ പരമാവധി ഫീൽഡ്തല ചുമതലകൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതും ആയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.
- ഫീൽഡ്തല പരിശോധനയിലൂടെ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും നഗരസഭ പരിധിയിലെ കെട്ടിടങ്ങളെ കേന്ദ്രീകരിച്ചും സ്ഥലം ഉപയോഗപ്പെടുത്തിയും പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

**വാടകയിനത്തിൽ വരവ് നഷ്ടം**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിരുദ്ധമായി വാടക ഇളവ് നല്കുക, കൃത്യമായി അടച്ച തീർക്കാത്ത വാടകക്കാരുടെ പക്കൽ നിന്നും വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിലുള്ള കാലതാമസം, വ്യത്യസ്ത നിരക്കുകളിൽ വാടക പുനർ നിർണ്ണയിക്കുക തുടങ്ങിയ ചില അപാകതകൾ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് നിലനില്ക്കുന്നുണ്ട്.

ഖണ്ഡിക 1-16, 1-17, 1-18 കാണുക. നിലവിൽ വാടകയും ആയി ബന്ധപ്പെട്ട് നിലനിൽക്കുന്ന എല്ലാ ആശയകുഴപ്പങ്ങൾക്കും പരിഹാരമാകുന്ന രീതിയിൽ ഒരു ബൈലോ തയ്യാറാക്കേണ്ടതാണ് .

**1-9 തൊഴിൽ നികുതി അപാകതകൾ**

ഫറോക്ക് നഗരസഭയുടെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ ഫയലുകൾ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡിമാൻറ് രജിസ്റ്ററുകൾ അപൂർണം

തൊഴിൽ നികുതി രജിസ്റ്ററുകൾ അപൂർണ്ണമായി സൂക്ഷിക്കുന്നതിനാലും തൊഴിൽ നികുതി രജിസ്റ്ററിന്റെ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല എന്നതിനാലും തൊഴിൽനികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവ സമർപ്പിക്കുന്ന റിട്ടേണുകൾ ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിച്ചിട്ടില്ല. കൂടാതെ രണ്ടാം അർദ്ധ വർഷത്തിൽ ജീവനക്കാരുടെ പേര് , വരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രണ്ടാം അർദ്ധവർഷത്തിൽ സ്ഥാപനത്തിൽ നിന്നും ഈടാക്കിയ ആകെ തൊഴിൽനികുതി സംബന്ധിച്ച വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

2. കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം(B-15 ഷെഡ്യൂൾ) കുടിശ്ശിക ഇനത്തിൽ 204165 രൂപ പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചിട്ടുള്ള കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

3.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം, ചുവടെ ചേർത്ത സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു.

| പേര്, സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|
| സജീഷ്. റ്റി<br>ഇറം മോട്ടോർസ് | 192278 | 750 | 1250 |
| ജയദേവ്. വി. നായർ<br>ഇറം മോട്ടോർസ് | 368400 | 450 | 1250 |
| അഭിലാഷ്. വി.ബി<br>ഇറം മോട്ടോർസ് | 270000 | 750 | 1250 |
| സനൽ.എം.എം<br>ഇറം മോട്ടോർസ് | 163861 | 600 | 1250 |
| നിയാസ്.റ്റി.റ്റി<br>ഇറം മോട്ടോർസ് | 495590 | 600 | 1250 |

| | | | |
|---|---|---|---|
| ഉണ്ണികൃഷ്ണൻ.സി.വി<br>ഇറം മോട്ടോർസ് | 88440 | 600 | 750 |
| സൂര്യ ചന്ദ്ര ധനേഷ്<br>പോപ്പുലർ മെഗാ മോട്ടോർസ് | 138597 | 1000 | 1250 |
| സിജു നെല്ലാണ്ടിയിൽ<br>പോപ്പുലർ മെഗാ മോട്ടോർസ് | 71265 | 300 | 600 |
| ശ്രീനാഥ്.ഇ<br>പോപ്പുലർ മെഗാ മോട്ടോർസ് | 138597 | 1000 | 1250 |

4. രണ്ടാംഅർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പല സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്റ്റോൺ സിറ്റി മാർബിൾസ്

2.ജോർജ് ഇൻഫ്രാ ലിമിറ്റഡ്

3.പ്രീതി ഗോൾഡ് പാർക്ക്

4. ബെസ്റ്റിൻ

5. ഗൃഹം ടൈൽസ്

6. സുരേഷ് വുഡ് ഇൻഡസ്ട്രീസ്

7. കാലിക്കറ്റ് മാർക്കറ്റിംഗ്

8. എ.എം.എൽ.പി സ്കൂൾ പുറ്റേക്കാട്

5. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചുവടെ ചേർത്ത് സ്ഥാപനങ്ങളുടെ പേര് തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പേര്, വരുമാനം, തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയില്ല.

*റോയൽ അലയൻസ് ഓഡിറ്റോറിയം

*ഫെയ്മസ് ബേക്കറി

*ദാനാ ബേക്സ്

*സൂര്യ പാക്കേജിംഗ്

*എ.എം.എസ്. ട്രേഡിംഗ് സെന്റർ

*സെന്റ്റോ ഫിറ്റ്നസ് സെന്റർ

*പ്രണവം സില്ക്സ് & റെഡിമെയ്ഡ്സ്

ട്രേഡേഴ്സിന്റെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 1 മുതൽ 13 വരെയുള്ള വാർഡുകളിലെ തൊഴിൽ നികുതി ഈടാക്കാത്ത ട്രേഡേഴ്സിന്റെ എണ്ണം വാർഡ് തിരിച്ച് ചുവടെ നല്കുന്നു.

| വാർഡ് | തൊഴിൽ നികുതി | ട്രേഡേഴ്സിന്റെ |
|---|---|---|

| നം. | ഈടാക്കാത്തവർ | എണ്ണം |
|---|---|---|
| 1 | 4 | 15 |
| 2 | 9 | 36 |
| 3 | 11 | 31 |
| 4 | 84 | 208 |
| 5 | 78 | 84 |
| 6 | 124 | 149 |
| 7 | 42 | 102 |
| 8 | 39 | 47 |
| 9 | 22 | 50 |
| 10 | 27 | 71 |
| 11 | 29 | 53 |
| 12 | 18 | 40 |
| 13 | 5 | 12 |

പല വാർഡുകളിലും ഭൂരിഭാഗം ട്രേഡേഴ്സിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. സാമ്പത്തിക വർഷത്തിൽ അല്ലെങ്കിൽ ഒരു അർദ്ധവർഷം പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആ വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

6. നഗരസഭാ പരിധിയിലുള്ള പെരുവൻമാട് കടവ് മണൽതൊഴിലാളികളുടെ തൊഴിൽ നികുതി ഒന്നാം അർദ്ധ വർഷം ഈടാക്കിയതായി കാണുന്നു. എന്നാൽ രണ്ടാം അർദ്ധ വർഷം നികുതി ഈടാക്കിയതായി കാണുന്നില്ല.

7. സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, അഭിഭാഷകർ, സഹകരണം സംഘം ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ, ബിൽഡിംഗ് പ്ലാനുകൾ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ്സുമാർ എന്നിവരിൽ നിന്ന് നികുതി ഈടാക്കിയതായി കാണുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 447 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസരണമല്ലാതെയും പ്രദേശത്ത് യാതൊരു

സ്ഥലവും, ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. 2020 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് മുൻപ് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ ബിൽഡിംഗുകൾ എന്നിവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടിയായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമാക്കിയിട്ടുണ്ട്.

1. 5/394 O സെക്രട്ടറി ഫറോക്ക് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ഓഫീസ്

2.5/394 P 5395 സെക്രട്ടറി ഫറോക്ക് കോ- ഓപ്പറേറ്റീവ് ലേബർ സൊസൈറ്റി ലിമിറ്റഡ്.

3.6/525 എം. ശിവദാസൻ, മുള്ളാശ്ശേരി മേലേവടക്കേനി

4.6/527 സജീഷ്.എം , മുള്ളാശ്ശേരി മേലേവടക്കേനി

5. 5/394 AB, 395C,D മാവേലിസ്റ്റോർ കരുവൻതുരുത്തി

6.7/492 വനിതാ വ്യവസായ കെട്ടിടം

7. 7/494വനിതാ വ്യവസായ കെട്ടിടം

ലൈസൻസ് എടുക്കുന്നതിന് മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കിയിട്ടുണ്ടെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തേണ്ടതും ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾ കണ്ടെത്തി ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ലൈസൻസ് രജിസ്റ്ററിൽ ഡിമാന്റ്, കലക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കുറിച്ചുള്ള കൃത്യമായ വിവരം ലഭ്യമല്ല. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

**1-11 തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല.**

**ഫയൽ നമ്പർ : FE2/12700/22**

കെട്ടിട നമ്പർ : 18/18 C

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 18ൽ ഫറോക്ക് വില്ലേജിൽ റീസർവ്വെ 507/28 ൽ ഉൾപ്പെട്ട 7.81 ആർസ് സ്ഥലത്ത് നൌഫൽ, ചിറയിൽ ഹൌസ്, തിണ്ണക്കൽ, പെരുമുഖം, ഫറോക്ക് എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച വീടിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു.

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233, 2011 – ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 6 പ്രകാരം 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

27/01/2024 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയതിൽ 260.56 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന്റെ തറ നിർമ്മിച്ചിരിക്കുന്നത് മാർബിൾ കൊണ്ടാണെന്ന് വ്യക്തമായി എന്നാൽ

ഫോറം.6 പരിശോധിച്ചതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചത് എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 8 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി (ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം) | യഥാർത്ഥത്തിൽ 8 രൂപ നിരക്കിൽ നിർണ്ണയിക്കേ ണ്ട വസ്തു നികുതി (ഇളവ് - 10% മേഖല , വർദ്ധനവ് - 20% വഴി സൗകര്യം, വർദ്ധനവ് - 15% തറ നിർമ്മിതി) |
|---|---|---|---|
| 18/18 C | 260.56 $M^2$, പാർപ്പിടാവശ്യം | 2084 – 208 + 417 = 2293<br>5% LC = 115 | 2084 – 208 + 417+313 = 2606<br>5% LC = 130 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (2606+130 ) - (2293+115)<br>313 + 15 (5% LC) = 328 | | | |

കെട്ടിട ഉടമ സമർപ്പിച്ച ഫോറം 2 ൽ തറ നിർമ്മിതി മാർബിൾ എന്ന് രേഖപ്പെടുത്തിയിട്ടും ആയത് പരിശോധിക്കാതെ ഒക്യുപെൻസി അനുവദിച്ചതിനും, നികുതി നിർണ്ണയിച്ചതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി. 51/2022-23, തിയതി. 02/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് വസ്തു നികുതിയും, ഗ്രന്ഥശാലാവരിയും ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-12 റോഡുകളുടെ വീതി, തറ നിർമ്മിതി എന്നിവ തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു**

**ഫയൽ നമ്പർ : FE2/8195/2022**

കെട്ടിട നമ്പർ : 18/22 A

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 18 ൽ ഫറോക്ക് വില്ലേജിൽ റീസർവ്വെ 505/61 ൽ ഉൾപ്പെട്ട 9.31 ആർസ് സ്ഥലത്ത് ബീരാൻ കോയ, ഉള്ളാട്ടിൽ, പാലാട്ടിപാടം, കൊളത്തറ എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച വീടിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 % വർദ്ധനവ് വരുത്തേണ്ടതാണ്.

1994 – ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233, 2011 – ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 6 പ്രകാരം 250 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് ഉടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

27/01/2024 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ 6 മീറ്റർ വീതിയുള്ള പുല്ലിക്കടവ് -

രാമനാട്ടുകര റോഡിൽ നിന്നാണ് കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗ്ഗം . ഫോം.6 ൽ റോഡിന്റെ തരം 1.5 മീറ്ററിൽ കൂടുതൽ എന്ന് നൽകിയതിനാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20 % വർദ്ധനവ് വരുത്തിയിട്ടില്ല. 276.67 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന്റെ തറ നിർമ്മിച്ചിരിക്കുന്നത് മാർബിൾ കൊണ്ടാണെന്ന് വ്യക്തമായി. എന്നാൽ ഫോറം.6 പരിശോധിച്ചതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചത് എന്ന് വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | നഗരസഭ 8 രൂപ നിരക്കിൽനിർണ്ണയിച്ച വസ്തു നികുതി ( ഇളവ് - 10% മേഖല, വർദ്ധനവ് - 10% A/C ) | യഥാർത്ഥത്തിൽ 8 രൂപ നിരക്കിൽ നിർണ്ണയിക്കേണ്ട വസ്തു നികുതി(ഇളവ് - 10% മേഖല, വർദ്ധനവ് - 20% വഴി സൗകര്യം, വർദ്ധനവ് - 15% തറ നിർമ്മിതി, വർദ്ധനവ് - 10% A/C) |
|---|---|---|---|
| 18/22 A | 276.67 $M^2$, പാർപ്പിടാവശ്യം | 2213 – 221 + 221 = 2213<br>5% LC = 111 | 2213 – 221 + 443 + 332 +221 = 2988<br>5% LC = 150 |
| നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം ( 2988+150 ) – ( 2213+111 )<br>775 + 39 (5% LC) = 814 | | | |

റോഡുകളുടെ വീതി, തറ നിർമ്മിതി എന്നിവ പരിശോധിക്കാതെ ഒക്യുപെൻസി അനുവദിച്ചതിനും, തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 49/2022-23, തിയതി. 02/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡുകളുടെ വീതി, തറ നിർമ്മിതി എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് വസ്തു നികുതിയും, ഗ്രന്ഥശാലാവരിയും ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-13 മൊബൈൽ ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു- തനത് വരുമാനത്തിൽ നഷ്ടം**

ഫയൽ നമ്പർ : FE2/14521/2020

കെട്ടിട നമ്പർ : 23/328 A

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 23 ൽ ഫറോക്ക് വില്ലേജിൽ റീസർവ്വെ 483/63 ൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് മൊബൈൽ ടവറിന്റെ (ഇൻഡസ് ടവർ ലിമിറ്റഡ്, 8ാം നില വൻകാരത്ത് ടവർ, കൊച്ചിൻ, പാലാരിവട്ടം) വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു.

27/01/2024 തിയതിയിൽ സ്ഥല പരിശോധന നടത്തിയതിലും, സഞ്ചയ ഫോറം-6, നമ്പറിംഗ് ഫയൽ എന്നിവ പരിശോധിച്ചതിലും മൊബൈൽ ടവറിന്റെ വിസ്തീർണ്ണം (22.75 ചതുരശ്ര മീറ്റർ) കണക്കാക്കാതെയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചത് എന്ന് വ്യക്തമാകുന്നു. മൊബൈൽ

ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/02/2022 ലെ ആർ.ഡി.3/94/2020 നം. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ വസ്തുനികുതി നിർണ്ണയിക്കുന്നതിന് മൊബൈൽ ടവറുകളുടെ ടവറിന്റെ വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നികുതി നിർണ്ണയിക്കാത്തതിനാൽ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

**1-14 അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.**

**1. ഫയൽ നമ്പർ : FE/378/2022**

**കെട്ടിട നമ്പർ : 10/420, 10/421, 10/422**

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 10 ൽ ഫറോക്ക് ചുങ്കത്ത് കോഴിക്കോട് രാമനാട്ടുകര ഹൈവേയിൽ RTO ഓഫീസിന് സമീപത്തുള്ള Al Bab Restaurant എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തി കച്ചവടം നടത്തുന്നത് റവന്യൂ ഇൻസ്പെക്ടർ 11/01/2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനായി അധിക നിർമ്മാണത്തിന്റെ അളവുകൾ അറിയിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഫയൽ കൈമാറാവുന്നതാണെന്ന് ഫയൽ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്, എന്നാൽ ഫയൽ സാങ്കേതിക വിഭാഗത്തിന് കൈമാറിയിട്ടുണ്ടോ, എന്നത് വ്യക്തമല്ല. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല.

**2.ഫയൽ നമ്പർ : FR/7667/2022**

**കെട്ടിട നമ്പർ : 18/104**

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 18 ൽ Metro Bakery എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് ഓഫീസ് രേഖകൾ പ്രകാരം 178.70 ചതുരശ്രമീറ്ററാണ് വിസ്തീർണ്ണം റവന്യൂ ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തിയതിലും ULCCയുടെ Map പരിശോധിച്ചതിലും കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തിയതായി 28/06/2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ULCC യുടെ Map പ്രകാരം 376 ചതുരശ്ര മീറ്ററാണ് നിലവിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, ഏകദേശം 198 M2 അനധികൃത നിർമ്മാണം നടത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എൻജിനീയർക്ക് ഫയൽ കൈമാറാവുന്നതാണെന്ന് ഫയൽ കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല,

**3. ഫയൽ നമ്പർ : FE/14740/2022**

**കെട്ടിട നമ്പർ : 32/332, 32/335, 32/335 A**

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 32 ൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ ഏകദേശം 100 M2 അനധികൃത നിർമ്മാണം നടത്തിയത് റവന്യൂ ഇൻസ്പെക്ടർ 31/12/2022 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല,

**4 . ഫയൽ നമ്പർ : FE2/122/2023**

**കെട്ടിട നമ്പർ : 10/1005, 10/1007**

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 10 ൽ ചുങ്കം ബസാറിൽ Grand Bakery എന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിനോട് ചേർന്ന് GI Pipe, GI Sheet, ACP പാനലും ഉപയോഗിച്ച് ഏകദേശം 100 M2 അനധികൃത നിർമ്മാണം നടത്തി കച്ചവടം നടത്തുന്നത് റവന്യൂ ഇൻസ്പെക്ടർ 05/01/2023 ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരെ തുടർ നടപടികൾ സ്വീകരിച്ചതിന്റെ

വിശദാംശം ഫയലിൽ ലഭ്യമല്ല,

**5. ഫയൽ നമ്പർ : FR/13286/23**

**കെട്ടിട നമ്പർ : 21/194(2016)**

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 21 ൽ അബ്ദുൾ മനാഫ്, കളത്തിങ്ങൽ താഴത്ത് പെരുമുഖം എന്നവരുടെ ഉടമസ്ഥതയിലുള്ള 21/194 (2016) വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിലവിലുള്ള കെട്ടിടം പൊളിച്ച് അനധികൃതമായി 217.16 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മാണം നടത്തിയതാണെന്നും, മേൽ സാഹചര്യത്തിൽ ടി കെട്ടിടം UA നമ്പർ നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയർ 18/11/2023 ലെ FR/7449/23 നമ്പർ കുറിപ്പ് പ്രകാരം നഗരസഭയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 12/12/2023 ന് ഫോം.6 തയ്യാറാക്കിയുതല്ലാതെ നികുതി ഈടിക്കിയിട്ടില്ല.

**6. ഫയൽ നമ്പർ : FE2/7847/23**

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 8 ൽ മുഹമ്മദ് അജ്മൽ, കൊടപ്പനക്കൽ, ഹസൈൻ കുഴിമ്പാടത്ത് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് നിബന്ധനകളോടെ അനുമതി നൽകുകയും, നിബന്ധനയ്ക്ക് വിരുദ്ധമായി നിർമ്മാണം നടത്തിയതിനാൽ സ്റ്റോപ്പ് മെമ്മോ മുഹമ്മദ് അജ്മൽ കൈപ്പറ്റാത്തതിനാൽ മെമ്മോ കെട്ടിടത്തിൽ പതിക്കാൻ 09/11/2023 ന് ഫയൽ നോട്ട് തയ്യാറാക്കിയതായി കാണുന്നു. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല

അനധികൃത നിർമ്മാണങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കാത്തതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (48/2022-23 തീയതി 02/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-15 നിലവിലുള്ള കെട്ടിടം പരിഗണിക്കാതെ ഒക്യുപെൻസി നൽകി**

**ഫയൽ നമ്പർ : FE2/7836/2022**

**കെട്ടിട നമ്പർ : 10/65, 10/65 A, 10/65 B, 10/65 C1, 10/65 D1, 10/65 E1**

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 10 ൽ ഫറോക്ക് വില്ലേജിൽ റീസർവ്വെ 405/3 ൽ ഉൾപ്പെട്ട സ്ഥലത്ത് പി നൂറുല്ലിഹ ഹേമിയ, ബൈത്തുൽ ബാരിക് ചാലിയപാടം എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച വ്യവസായിക കെട്ടിടത്തിന് 05/09/2022 തിയ്യതിയിലെ FE2/7836/2022 നമ്പറായി ഒക്യുപൻസി അനുവദിച്ചിട്ടുണ്ട്.

377.20 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഇരുനില കെട്ടിടം നിർമ്മിക്കുന്നതിനാണ് 18/06/2015 തിയ്യതിയിൽ A4/664/14-15 നമ്പർ പെർമിറ്റ് എടുത്തിട്ടുള്ളതെങ്കിലും നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചതിൻപ്രകാരം 253.30 ചതുരശ്ര മീറ്ററിനാണ് ഒക്യുപെൻസി അനുവദിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ 2015 ൽ പാർഷ്യൽ കംപ്ലീഷൻ നൽകി 125.51 ചതുരശ്ര മീറ്റർ കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ച് വാണിജ്യാവശ്യത്തിനുള്ള 100 മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടം ആയി കണക്കാക്കി 80/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചതായി കാണുന്നു. 05/09/2022 തിയ്യതിയിൽ FE2/7836/2022 നമ്പറായി 253.30 ചതുരശ്ര മീറ്ററിനാണ് ഒക്യുപെൻസി അനുവദിച്ച് വ്യവസായാവശ്യത്തിനുള്ള കെട്ടിടം ആയി കണക്കാക്കി 60 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചത്.

27/01/2024 തിയ്യതിയിൽ സ്ഥലപരിശോധന നടത്തിയതിൽ വ്യവസായിക യൂണിറ്റ് പ്രവർത്തിക്കുന്നത് 95 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 10/65 നമ്പർ പഴയ കെട്ടിടത്തിലാണ്. ഈ കെട്ടിടത്തിന് നികുതി നിർണയിച്ച നൽകിയത് വാണിജ്യാവശ്യത്തിനുള്ള 100 മീറ്റർ വരെ വിസ്തീർണ്ണമുള്ള ഗോഡൗൺ കെട്ടിടം ആയി കണക്കാക്കി 60/- രൂപ നിരക്കിലാണ്, ഈ കെട്ടിടം പരിഗണിക്കാതെയാണ് പുതിയ കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ച് നമ്പർ നൽകിയത്.

വ്യവസായിക യൂണിറ്റ് പ്രവർത്തിക്കുന്ന പഴയ കെട്ടിടത്തിന്റെ വിസ്തീർണ്ണം കൂടി പരിഗണിച്ച് ഒക്യുപെൻസി അനുവദിക്കാത്തതിനാൽ വസ്തുനികുതി നഷ്ടപ്പെട്ടിട്ടുണ്ട്.

വ്യവസായികാവശ്യത്തിനുള്ള നിരക്കിൽ നികുതി നിർണ്ണയിച്ച 253.30 ചതുരശ്ര മീറ്റർ കെട്ടിടത്തിലെ 2 മുറികൾ വാണിജ്യാടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഒക്യുപെൻസി മാറ്റാതെയാണ് നിലവിൽ വാടകയ്ക്ക് നൽകിയത്.

കംപ്ലീഷൻ പ്ലാൻ പ്രകാരം 2 കാർപാർക്കിംഗ് നല്കിയിരിക്കുന്നത് കെട്ടിടത്തിന് മുൻവശത്തും 1 കാർപാർക്കിംഗ് കെട്ടിടത്തിന്റെ ഇടത് വശത്തുമാണ്, ഇടത് വശത്തെ പാർക്കിംഗ് ആയി കാണിച്ചിരിക്കുന്ന സ്ഥലത്ത് GI Pipe, ഷീറ്റ് എന്നിവ ഉപയോഗിച്ച് നിർമ്മാണം നടത്തിയതിനാൽ പാർക്കിംഗ് പ്രായോഗികമല്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. നാളിതുവരെയും കെട്ടിടത്തിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സാധിച്ചില്ല.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് കെട്ടിടം പൂർത്തീകരിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യവസായിക യൂണിറ്റ് പ്രവർത്തിക്കുന്നത് പഴയ കെട്ടിടത്തിലായതിനാൽ പുതിയ കെട്ടിടത്തിന്റെ ഉപയോഗക്രമം അനുസരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്, കംപ്ലീഷൻ പ്ലാൻ പ്രകാരം കാണിച്ച കാർ പാർക്കിംഗ് സ്ഥലങ്ങൾ സ്ഥാപനം കെട്ടിയെടുത്ത് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനാൽ അധിക നിർമ്മാണം ക്രമവത്കരിക്കേണ്ടതും അല്ലാത്ത പക്ഷം അനധികൃത നിർമ്മാണങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കുറവു വന്ന കാർപാർക്കിംഗിന് നിയമാനുസൃത ഫൈൻ ഈടാക്കേണ്ടതുമാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 അർഹതയില്ലാത്ത കാലയളവിൽ വാടകയിളവ് നൽകി

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾക്ക് കോവിഡ് 19 ന്റെ സാഹചര്യം പ്രതിപാദിച്ച് 2022-23 വർഷത്തിൽ വാടകയിളവ് അനുവദിച്ചതായി കാണുന്നു. വാടക ഡിമാന്റ് രജിസ്റ്ററിൽ താഴെ കൊടുത്ത മുറികൾക്ക് 8 -3 -2022 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മൂന്നാം നമ്പർ തീരുമാനം അടിസ്ഥാനപ്പെടുത്തി വാടക ഇളവ് അനുവദിച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനം പരിശോധിച്ചപ്പോൾ, ആയതിൽ പ്രതിപാദിച്ചിരിക്കുന്ന കാലയളവ് 2021 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിലെ വാടകയിളവിനായിട്ടുള്ളതാണെന്നും, കോവിഡ് സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം നൽകിയ ഇളവാണെന്നും മനസ്സിലാകുന്നു. സർക്കാർ നിർദ്ദേശ പ്രകാരം വാടക ഇളവ് നൽകാവുന്നത് അവശ്യ സർവീസിൽ ഉൾപ്പെടുത്താത്ത കടമുറികൾക്ക് മാത്രമാണ്. എന്നാൽ അവശ്യ സർവീസിൽ ഉൾപ്പെട്ട കടകൾക്കും ഇളവ് നൽകിയതായി കാണുന്നു. ഈ കടകൾക്ക് സർക്കാർ ഉത്തരവ് പ്രകാരം 2021 ലെ ജൂലൈ, ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വാടക ഇളവ് ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| നം | തീയതി | തുക | അവശ്യ സർവീസിൽ പെടുവയാണോ? |
|---|---|---|---|
| 4/541 | 2022 ജൂൺ, ജൂലൈ, ഓഗസ്റ്റ് | 16650 | അല്ല |
| 4/548 | 2022 ഏപ്രിൽ, | 8266 | അതെ(പലചരക്ക് |

| | | | |
|---|---|---|---|
| | മേയ് | | കട) |
| 4/549 | 2022 ഏപ്രിൽ | 3903 | അല്ല |
| 4/550 | 2022 ഏപ്രിൽ | 5057 | അല്ല |
| 4/561 | 2022 മേയ്, ജൂൺ, ജൂലൈ | 36534 | അതെ (മെഡിക്കൽ ഷാപ്പ്) |
| 5/634 | 2022 ഏപ്രിൽ, മേയ്, ജൂൺ | 3745 | അല്ല |
| 5/779 | 2022 ഏപ്രിൽ | 3256 | അല്ല |
| 5/781 | 2022 ഏപ്രിൽ | 3256 | അല്ല |
| 6/533 | 2022-ഏപ്രിൽ, മേയ്, ജൂൺ | 5505 | അതെ (കോഴിക്കട) |
| 6/536 എ | 2022-മേയ്, ജൂൺ, ജൂലൈ | 3237 | അല്ല |
| 4/866 | 2022 ഏപ്രിൽ,മേയ്, ജൂൺ | 12825 | അല്ല |
| 4/870 | 2022 ഏപ്രിൽ, മേയ്, ജൂൺ | 3672 | അല്ല |
| 4/871 | 2022 ഏപ്രിൽ, മേയ്, ജൂൺ | 9477 | അല്ല |
| 4/877 | 2022 ഏപ്രിൽ, മേയ്, ജൂൺ | 3846 | അല്ല |

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിൽ പ്രതിപാദിക്കാത്ത മാസങ്ങളിൽ ഇളവ് അനുവദിച്ചത് ശരിയായ നടപടിയല്ല. കൂടാതെ കോവിഡ് സാഹചര്യം നിലനിൽക്കാത്ത കാലയളവിൽ പ്രസ്തുത കാരണം പ്രതിപാദിച്ച് വാടകയിളവ് നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അനർഹമായി നൽകിയ വാടക ഇളവ് വാടകക്കാരിൽ നിന്ന് തിരിച്ചു പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-17 വാടക കുടിശ്ശിക അടച്ചു തീർക്കാൻ വൈകിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം**

നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട കരാർ പ്രകാരം എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി വാടക അടയ്ക്കേണ്ടതാണ്. എന്നാൽ അത് കൃത്യമായി അടച്ച് തീർക്കാത്ത വാടകക്കാരുടെ പക്കൽ നിന്നും വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നഗരസഭയുടെ ഭാഗത്തു നിന്നും സമയോചിതമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | അവസാനമായി വാടക അടച്ച മാസം | കുടിശ്ശിക തുക (2022-23 – ജി എസ് ടി ഉൾപ്പെടെ) | നോട്ടീസ് അയച്ച മാസം |
|---|---|---|---|
| 4/551 | 12/2022 | 6582*3- 19746 | 12/2023 |
| 4/559 | 8/2022 | 6039*7- 42273 | 12/2023 |
| 5/628 | 6/2022 | 1528*2 - 3056 | 12/2023 |
| 4/878 | 2022-23 ൽ അടച്ചിട്ടില്ല | 4275*12 - 51300 | 12/2023 |

സാമ്പത്തിക വർഷം അവസാനിച്ച് 9 മാസം പിന്നിട്ട ശേഷം മാത്രമാണ് കുടിശ്ശികയുള്ള വാടകക്കാർക്കെതിരെ നടപടികൾ ആരംഭിച്ചത്. തുടർ നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-18 ബൈലോ രൂപീകരിക്കാത്തതിനാൽ വാടക പുനർ നിർണയം-വ്യത്യസ്ത നിരക്കുകൾ പിൻതുടരുന്നു**

ഫറോക്ക് മുനിസിപ്പാലിറ്റിയിലെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

നഗരസഭയുടെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് 3 വർഷ കാലയളവിലേക്കാണ്. 3 വർഷം കഴിഞ്ഞ് കരാർ നീട്ടി നൽകുകയും അതോടൊപ്പം വാടക പുനർ നിർണ്ണയിക്കുകയും ചെയ്യുന്നു. വ്യത്യസ്ത വർഷങ്ങളിലെ വാടക പുനർ നിർണ്ണയിച്ചിരിക്കുന്നത് വ്യത്യസ്ത നിരക്കുകളിലായാണ്. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| . | കെട്ടിട നമ്പർ | വാടക പുനർ നിർണയ നിരക്ക് (വ്യത്യസ്ത വർഷങ്ങളിൽ) | | |
|---|---|---|---|---|
| | | 2017 | 2020 | 2023 |
| 1 | 4/543 | 18 | 20 | 15 |
| 2 | 4/545 | 18 | 15 | 15 |
| 3 | 4/546 | 18 | 20 | 15 |
| 4 | 4/547 | 18 | 20 | 15 |
| 5 | 4/556 | 18 | 20 | 15 |
| 6 | 4/558 | 25 | 20 | 15 |

നഗരസഭ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ ഒപ്പു വെക്കുന്ന കരാറിലും വാടക നിരക്ക് പുനർ നിർണ്ണയിക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്നില്ല. കൂടാതെ കുടിശ്ശിക വരുത്തിയാൽ നഗരസഭാ കൈക്കൊള്ളുന്ന നടപടികളെപ്പറ്റിയും കരാറിൽ പ്രതിപാദിക്കുന്നില്ല. വാടകയുമായി ബന്ധപ്പെട്ട

കാര്യങ്ങളിൽ ഏകരൂപത കൊണ്ടുവരാനായി ഒരു ബൈലോ തയ്യാറാക്കേണ്ടതാണ്. നിലവിൽ വാടകയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന എല്ലാ ആശയകുഴപ്പങ്ങൾക്കും പരിഹാരമാകുന്ന രീതിയിൽ ഒരു ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതും, വാടക നിബന്ധനകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കേണ്ടതുമാണ്.

### 1-19 ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1), കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ സമയ ബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സാധിച്ചിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. 2019-20, 2020-21, 2021-22 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് നഗരസഭ മറുപടി ലഭ്യമാക്കാത്തതിനാൽ അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടികൾ ഇല്ലാത്തതും പരാമർശങ്ങളെ ഗൗരവമായി സമീപിക്കാത്തതും അപാകതകൾ പരിഹരിക്കുന്നതിന് നഗരസഭയുടെ ഭാഗത്ത് നിന്ന് ശ്രമങ്ങളില്ലാത്തതും ഗുരുതരമായ ചട്ട ലംഘനമാണ്. ഉദാഹരണമായി ഫറോക്ക് നഗരസഭയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഇതുവരെ ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏൽപ്പിക്കാതെ നിലവിലും നഗരസഭയിലെ 23 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജും പമ്പ് ഓപ്പറേറ്റർമാരുടെ വേതനവും നഗരസഭ തന്നെയാണ് നൽകുന്നത്. ഇത് സംബന്ധിച്ച് 2020-21, 2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും നിലവിലും ആയത് പരിഗണിക്കാതെ തനത് ഫണ്ടിൽ നിന്നു തന്നെ ചെലവ് ചെയ്തു കൊണ്ടിരിക്കുകയാണ്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-20 ബാങ്ക് ബുക്കിൽ ഉൾപ്പെടുത്താതെ തുകകൾ ബാങ്കിൽ നിന്നും ചെക്ക് മുഖേന പിൻവലിച്ചു

മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ (FSC A/C- 10400020000064) നിന്നും 1.4.2022 മുതൽ 31.03.2023 വരെ ചെക്ക് വഴി പിൻവലിച്ച തുകകൾ ബാങ്ക് ബുക്കുമായി ഒത്തുനോക്കിയതിൽ നിന്നും ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| NO. | Date | Instrument Number | Amount |
|---|---|---|---|
| 1 | 2.4.22 | 45957 | 6,500 |
| 2 | 18.4.22 | 45956 | 1,200 |
| 3 | 19.4.22 | 45954 | 261 |
| 4 | 17.3.23 | 45924 | 1000 |
| 5 | 10.5.22 | 45919 | 1106 |
| 6 | 15.9.22 | 4803 | 825 |
| 7 | 17.10.22 | 48554 | 430 |
| 8 | 4.3.23 | 50245 | 7576 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/2022-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക്ബുക്കിൽ രേഖപ്പെടുത്താതെ അക്കൗണ്ടിൽ നിന്നും മേൽ തുകകൾ പിൻവലിച്ചതിന് ആധാരമായ

രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

**1-21 മാന്വൽ രസീത് വഴി പണം പിരിക്കലിൽ ഗുരുതര അപാകതകൾ : ധനകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു**

കൃഷി ഓഫീസർക്ക് നൽകിയ മാന്വൽ രസീത് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1)പിരിവ് നടത്തിയ തുക ദിവസങ്ങളോളം കൈവശം വെക്കുന്നു.

രസീത് നമ്പർ 307/30689-30700 വരെ 20/2/23 ന് പിരിച്ചെടുത്ത തുകയാക 4650/- രൂപ 16/3/23 ന് മാത്രമാണ് നഗരസഭയിൽ അടവാക്കിയിരിക്കുന്നത്. അന്നേ ദിവസമോ തൊട്ടടുത്ത ദിവസമോ തുക നഗരസഭയിൽ അടവാക്കാതെ 25 ദിവസത്തോളം കൈവശം വെച്ചത് ഗുരുതര വീഴ്ച്ചയാണ്.

2)തുക അക്കത്തിലോ അക്ഷരത്തിലോ രേഖപ്പെടുത്താതെ ഗുണഭോക്താവിന്റെ പേര് മാത്രം രേഖപ്പെടുത്തി പണം പിരിവ് നടത്തുന്നു.

രസീതിൽ ഗുണഭോക്താവിന്റെ പേര് മാത്രം രേഖപ്പെടുത്തി തുക രേഖപ്പെടുത്താതെ പണം പിരിവ് നടത്തുന്നതുകൊണ്ട ഗുണഭോക്താവിനോട് പിരിച്ച തുക തന്നെയാണോ നഗരസഭയിൽ ഒടുക്കിയിട്ടുള്ളത് എന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല. ഉദാഹരണം:- രശീത് നം. 337/33617 ( തീയതി- 14-3-2023)

3) രസീതിലെ തീയതി പിന്നീട് എഴുതി ചേർക്കുന്നു

ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിനായി ഉപയോഗിച്ച മാന്വൽ രസീതുകളിൽ രസീതിന്റെ കൌണ്ടർ ഫോയിൽ ഗുണഭോക്താക്കൾക്ക് നൽകിയതിന് ശേഷം തീയതി പുതിയതായി എഴുതി ചേർക്കുകുകയാണ് ചെയ്യുന്നത്. ഉദാഹരണം താഴെ കൊടുക്കുന്നു.

| പദ്ധതി | അടച്ച തീയതി | രസീത് ബുക്ക് നം | തുക |
|---|---|---|---|
| മൺചട്ടി വിതരണം | 16/2/2023 | 291,292,299,304, | 1,45,313 |
| മൺചട്ടി വിതരണം | 16/2/2023 | 295,297,301, | 1,16,250 |
| ആകെ | | | 2,61,563 |

16/2/23 എന്ന തീയതിൽ മാത്രം 2,61,563/- രൂപയാണ് നഗരസഭയിൽ അടവാക്കിയിരിക്കുന്നത്. ഈ തുക ഏതു തീയതിൽ പിരിച്ചതാണ് എന്ന് സ്ഥിരീകരിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

4)ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാതെ പണം പിരിവ് നടത്തുന്നു

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 90(എ) പ്രകാരം മാന്വൽ രസീതുകൾ വഴി പിരിവ് നടത്തുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്. എന്നാൽ കൃഷിഭവൻ വഴി പിരിവ് നടത്തിയ ഒരു മാന്വൽ രസീതിലും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. ഇതിനാൽ തന്നെ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത തുക തന്നെ ആണോ രസീതിൽ രേഖപ്പെടുത്തിയത് എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

5)പിരിവ് നടത്താൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ രസീതിൽ ഒപ്പ് വെക്കുന്നില്ല.

പിരിവ് നടത്താൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്താത്തത് കൊണ്ട് തന്നെ പണം പിരിവ് നടത്തിയത് ആരാണെന്ന് വ്യക്തമല്ല.

6)രസീതിൽ തീയതി രേഖപ്പെടുത്താതെ പണം പിരിവ് നടത്തുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രസീത് നമ്പർ | പിരിച്ചെടുത്ത തുക |
|---|---|
| 297/29671-29700 | 11625/- |

| | |
|---|---|
| 296/29548-29600 | 4664/- |

അതീവ ശ്രദ്ധയോടെ നടത്തേണ്ട ഇത്തരം സാമ്പത്തിക ഇടപാടുകൾ വളരെ ലാഘവത്തോടെയാണ് പണം പിരിവിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നത്. പണം പിരിവ് നടത്തുന്ന ഉദ്യോഗസ്ഥനും അതിന്റെ നിയന്ത്രണ ചുമതലയുള്ള ഉദ്യോഗസ്ഥനും കടമ നിറവേറ്റുന്നതിൽ ഉത്തരവാദിത്തം കാണിച്ചില്ല. സാമ്പത്തിക കാര്യങ്ങൾ ഇത്രയും നിരുത്തരവാദിത്തപരമായി കൈകാര്യം ചെയ്യുന്നതൊരു ശരിയായ കീഴ്വഴക്കമല്ല. ഇത്തരമൊരു സാമ്പത്തിക അച്ചടക്ക ലംഘനം ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടും അതൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നത് അപലപനീയമാണ്. കേരള ഫിനാൻഷ്യൽ കോഡിൽ പ്രതിപാദിച്ച രീതിയിലാണ് സാമ്പത്തിക ഇടപാടുകൾ നടക്കുന്നതെന്ന് നഗരസഭ ഉറപ്പു വരുത്തേണ്ടതാണ്.

**1-22 ധനകാര്യ കമ്മീഷൻ ഗ്രാന്റ് - തുകകളുടെ സൂക്ഷിപ്പിൽ കൃത്യതയില്ല**

ഫറോക്ക് നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക കണക്ക്, എ.സി.ആർ, സി.എഫ്.സി ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ട് (നം.74801001255 – ICICI CFC Grant) സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ തൻവർഷം പ്രസ്തുത ഫണ്ട് അക്കൗണ്ട് ചെയ്തതും ചെലവഴിച്ചതും സംബന്ധിച്ച് കൃത്യമായ കണക്കുകൾ/രേഖകൾ നഗരസഭയുടെ കൈവശം ഇല്ലെന്നു കാണുന്നു.

2022-23 വർഷത്തിലെ എ.സി.ആർ പ്രകാരം ടൈഡ് ഗ്രാന്റായി ആകെ 15938163/- രൂപയും അൺടൈഡ് ഗ്രാന്റായി ആകെ 8069301/-രൂപയും ലഭിച്ചിട്ടുണ്ട്. അവ താഴെ പറയും വിധമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

| ടൈഡ് | | അൺടൈഡ് | |
|---|---|---|---|
| ബാങ്ക് | ട്രഷറി | ബാങ്ക് | ട്രഷറി |
| 11259500 | 4678663 | 7506500 | 1125224 |

സി.എഫ്.സി ഗ്രാന്റിനായി മാത്രമുള്ള ICICI CFC GRANT (74801001255 നമ്പറിലുള്ള) ബാങ്ക് അക്കൗണ്ടിലേക്ക് 10.02.2023 തിയ്യതിയിൽ 7506500+11259500= 18766000/-രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് അക്കൗണ്ട് ചെയ്തിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ എ.സി.ആറുകൾ പ്രകാരം ടൈഡ്, അൺടൈഡ് എന്നിവയുടെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവ് തുക |
|---|---|
| ടൈഡ് | 13582028 |
| അൺടൈഡ് | 12200993 |
| **ആകെ** | **25783021** |

എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് തുകയിൽ എത്ര തുക വീതം ബാങ്കിലൂടെയും, എത്ര തുക ട്രഷറി വഴിയും ചെലവഴിച്ചു എന്നത് സംബന്ധിച്ച് യാതൊരു രേഖയും/കണക്കുകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ട്രഷറി വഴി 2022-23 ൽ തുകകളൊന്നും തന്നെ ചെലവഴിച്ചിട്ടില്ലെന്നാണ് ബന്ധപ്പെട്ട സെക്ഷൻ/അക്കൗണ്ടന്റ് അറിയിച്ചിട്ടുള്ളത്. ട്രഷറി മുഖേന തുക ചെലവഴിക്കാത്തപക്ഷം എ.സി.ആർ പ്രകാരം വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ കണക്കാക്കുമ്പോൾ ബേസിക് ഗ്രാന്റ് തുകയുടെ നീക്കിയിരിപ്പ് നെഗറ്റീവ് തുക ആവുകയോ, ബേസിക് ഗ്രാന്റിന് പകരം അതേ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന ടൈഡ് ഗ്രാന്റ് തുകയിൽ നിന്നും ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്. എ.സി.ആർ പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| CFC ഗ്രാന്റ് അൺടൈഡ് (PFMS) | 15995141 | 11259500 | 27254641 | 13582028 | 13672613 |
| CFC ഗ്രാന്റ്- അൺടൈഡ് (ട്രഷറി ) | 0 | 4678663 | 4678663 | 0 | 4678663 |
| CFC ഗ്രാന്റ് ടൈഡ് - (PFMS) | 2102530 | 7506500+562801 (Int) | 10171831 | 12200993 | (2029162) |
| CFCഗ്രാന്റ് ടൈഡ് - (ട്രഷറി ) | 0 | 1125224 | 1125224 | 0 | 1125224 |

സി.എഫ്.സി ഗ്രാന്റിനായുള്ള ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 01.04.2022 ലെ ബാങ്ക് മുന്നിരിപ്പ് | 18097671 |
| ബാങ്കിലേക്കുള്ള വരവ് തുക (11259500+7506500+പലിശ562801) | 19328801 |
| ആകെ | 37426472 |
| ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 1.4.22 മുതൽ 31.3.23 വരെ ആകെ ചെലവ് | 18069459 |
| 31.3.2023 ലെ നീക്കിയിരിപ്പ് | 19357013 |

എ.സി.ആർ പ്രകാരം തൻവർഷത്തിൽ ആകെ 25783021/- രൂപ ചെലവുണ്ടെങ്കിലും ബാങ്ക് അക്കൗണ്ട് പ്രകാരം ആകെ 18069459/- രൂപ മാത്രമാണ് ചെലവുള്ളത്. എ.സി.ആർ പ്രകാരം അധികം ചെലവഴിച്ചതായി പറയുന്ന 7713562/-രൂപ ( 25783021 - 18069459 = 7713562) ബാങ്കിൽ നിന്നും ചെലവഴിച്ചതായി കാണുന്നില്ല. അവ ചെലവഴിച്ചിട്ടില്ലെങ്കിൽ ആയത് ഏതെല്ലാം ബില്ലുകളാണെന്നും വ്യക്തമാക്കിയിട്ടില്ല. കൂടാതെ ഈ തുക ട്രഷറി വഴി ചെലവഴിച്ചതായുള്ള രേഖകളും ലഭ്യമാക്കിയിട്ടില്ല. എ.സി.ആർ പ്രകാരമുള്ള ആകെ ചെലവ് തുക **(25783021)** മുഴുവനായും ബാങ്കിൽ നിന്നും ചെലവഴിച്ചിരുന്നെങ്കിൽ ബാങ്കിൽ 31.3.2023 തിയ്യതിയിൽ 11643451/-രൂപ മാത്രമേ നീക്കിയിരിപ്പ് ഉണ്ടാവുമായിരുന്നുള്ളൂ.

കൂടാതെ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നഗരസഭയ്ക്ക് PFMS വഴി ലഭിച്ച CFC Tide, Basic Grant ഇനങ്ങളിൽ ചെലവ് കിഴിച്ചുള്ള നീക്കിയിരിപ്പ് തുകകളുടെ വിവരങ്ങൾ, വാർഷികകണക്കിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ടൈഡ് ഗ്രാന്റ്, ബേസിക് ഗ്രാന്റ് എന്നിങ്ങനെ ഇനം തിരിച്ച് രേഖപ്പെടുത്താതെ, Development Fund-CFC-Capital (320200104) എന്ന ഒരൊറ്റ ശീർഷകത്തിൽ രണ്ട് ഗ്രാന്റുകളിലേയും ആകെ നീക്കിയിരിപ്പ് തുക രേഖപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. രണ്ട് ഗ്രാന്റിനത്തിലും PFMS വഴി ലഭിക്കുന്ന തുകകൾ ഒരേ അക്കൗണ്ടിൽ സൂക്ഷിച്ച് വരുന്നതിനാലും, മേൽ സൂചിപ്പിച്ച ഗ്രാന്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പ്രത്യേകം എ.സി.ആർ എഴുതി

സൂക്ഷിച്ചിട്ടില്ലാത്തിനാലും PFMS വഴി ബാങ്കിൽ ലഭിച്ച ഗ്രാന്റുകളിൽ തൻവർഷത്തെ ചെലവിന് ശേഷം 31.03.2023 തിയ്യതിയിൽ എത്ര രൂപ വീതം ഓരോ ഗ്രാന്റിലും നീക്കിയിരിപ്പുണ്ടെന്നുള്ള വിവരങ്ങൾ ലഭ്യമല്ല.

ഗ്രാന്റ് തുക കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാൽ സി.എഫ്.സി ഫണ്ടുകളുടെ തൻവർഷത്തെ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാന്റുകളുടെ അക്കൗണ്ടിംഗിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടും ഓരോ ഗ്രാന്റിനത്തിന്റെയും തൻവർഷ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിക്കാനും ആവശ്യപ്പെട്ട് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും ആയതിന് മറുപടി ലഭിച്ചിട്ടില്ല. മേൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-23 നഗരസഭ കൗൺസിൽ ഹാളിൽ കോൺഫറൻസിങ്ങ് സിസ്റ്റം സ്ഥാപിക്കൽ - ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല**

പ്രൊജക്റ്റ് നമ്പർ 326 /23
അടങ്കൽ -13,38600/-
ചെലവ് -13,38,600/- 10,00,000/-(264/7.3.23)
3,38,600/-(291/15.3.23)
നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ് തുകയായ 13,38,600/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് 2023 മാർച്ച് മാസം ഡെപ്പോസിറ്റ് ചെയ്യുകയും, 2024 ജനവരി മാസം മൈക്ക് സിസ്റ്റം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

1. പൊതുമരാമത്ത് വകുപ്പുമായി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ചമച്ച കരാർ.
2. പദ്ധതി പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഫൈനൽ ബിൽ, നൽകിയ തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. കോൺഫറൻസിംഗ് സിസ്റ്റത്തിന്റെ സ്ഥാപനം പൂർത്തീകരിച്ച സാഹചര്യത്തിൽ, നൽകിയ തുക മുഴുവനായി വിനിയോഗിച്ചോ എന്നത് ഉറപ്പാക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ആയത് ഉറപ്പാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതും രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**1-24 സ്യൂട്ട് രജിസ്റ്റർ -കേസുകളുടെ വിവരങ്ങൾ ലഭ്യമല്ല**

ഫറോക്ക് നഗരസഭയുടെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചപ്പോൾ സ്ഥാപനം രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടു. രജിസ്റ്റർ പ്രകാരം നിലവിലെ കേസുകളുടെ എണ്ണം, കേസുകളുടെ വിഷയം, കേസ് ഏൽപ്പിച്ചിരിക്കുന്ന അഡ്വക്കേറ്റ്, അടുത്ത ഹിയറിംഗ് തീയതി, വക്കീലിന് നൽകിയ ഫീസ് തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ അറിയുവാൻ കഴിയുന്ന രീതിയിൽ രേഖപ്പെടുത്തിയിട്ടില്ല.
കേസുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-25 വാഹനം കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് 30.06.2007 ലെ സ.ഉ (കൈ) 170/07/ത.സ്വ.ഭ.വ പ്രകാരവും, നഗരസഭ വാഹനങ്ങളുടെ 2000 ലെ കേരള മുനിസിപ്പാലിറ്റി

(മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരവും നിഷ്കർഷിക്കുന്ന പല മാനദണ്ഡങ്ങളും പാലിക്കാതെയാണ് നഗരസഭാ വാഹനം ഉപയോഗിച്ചു പോരുന്നത്. ഫറോക്ക് നഗരസഭയിൽ സെക്രട്ടറി കസ്റ്റോഡിയനായി നിലവിൽ 8 വാഹനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ്, ചട്ടം എന്നിവ പ്രകാരം വാഹനങ്ങളുടെ ഉപയോഗത്തിനും പരിപാലനത്തിനുമായി സൂക്ഷിക്കേണ്ട പല രേഖകളും നഗരസഭ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വാഹന നമ്പർ | ഇനം | ഉപയോഗം | റിമാർക്സ് |
|---|---|---|---|
| KL 85 3977 | BUS (Eicher 2050) | ബഡ്സ് സ്കൂൾ വാഹനം | സ്റ്റോക്ക് രജിസ്റ്റർ, പെട്രോൾ, ഡീസൽ, ഓയിൽ മുതലായവയുള്ള ഓർഡർ ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല |
| KL11 BB 1113 | MAHINDRA TUV 300 | ചെയർമാന്റെ വാഹനം | സ്റ്റോക്ക് രജിസ്റ്റർ, പെട്രോൾ, ഡീസൽ, ഓയിൽ മുതലായവയുള്ള ഓർഡർ ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല |
| KL11BH 2185 | TATA 207 | മാലിന്യം കൊണ്ടു പോകുന്ന തിനുള്ള വണ്ടി | സ്റ്റോക്ക് രജിസ്റ്റർ,പെട്രോൾ, ഡീസൽ, ഓയിൽ മുതലായവയുള്ള ഓർഡർ ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല |
| KL 85 B1369 | E RICKSHAW WITH CART ELECTRIC | മാലിന്യം കൊണ്ടു പോകുന്നതിനുള്ള വണ്ടി | ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല |
| KL 85 B1363 | E RICKSHAW WITH CART ELECTRIC | മാലിന്യം കൊണ്ടു പോകുന്നതിനുള്ള വണ്ടി | ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല |
| KL 85 B1337 | E RICKSHAW WITH CART ELECTRIC | മാലിന്യം കൊണ്ടു പോകുന്നതിനുള്ള വണ്ടി | ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല |
| KL 85 B1364 | E RICKSHAW WITH CART ELECTRIC | മാലിന്യം കൊണ്ടു പോകുന്നതിനുള്ള വണ്ടി | ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല |
| KL 85 | ISUZU | മാലിന്യം | സ്റ്റോക്ക് |

| | | | |
|---|---|---|---|
| B 3386 | | കൊണ്ടു പോകുന്നതിനുള്ള വണ്ടി | രജിസ്റ്റർ,പെട്രോൾ,ഡീസൽ,ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല |

ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ച് എല്ലാ വാഹനങ്ങളുടെയും പരിപാലനം സർക്കാർ നിർദ്ദേശ പ്രകാരം കൃത്യമായി നടത്തേണ്ടത് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എല്ലാ വാഹനങ്ങൾക്കും സർക്കാർ നിർദ്ദേശ പ്രകാരവും മുനിസിപ്പാലിറ്റി ചട്ട പ്രകാരവും സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-26 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഒടുക്കിയത് - രേഖകൾ ലഭ്യമല്ല.**

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ നഗരസഭ 2022-23 വാർഷിക കണക്ക് ഇൻകം ആന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് I-12(b) ഷെഡ്യൂൾ പ്രകാരം 1925490/- രൂപ ചെലവഴിച്ചിട്ടുണ്ട്.

നഗരസഭയിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, ഈടാക്കുന്ന താരിഫ് എന്നിവ സംബന്ധിച്ച രേഖകൾ, സ്ട്രീറ്റ് ലൈറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വൈദ്യുതിബോർഡ് അധികൃതരുമൊത്ത് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (38/2-2-24) മറുപടി നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം, ഈടാക്കുന്ന താരിഫ് എന്നിവ സംബന്ധിച്ച് കൃത്യമായ കണക്കുകളില്ലാതെയും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കത്തുന്ന വിളക്കുകളുടെ കൃത്യമായ എണ്ണത്തിനനുസരിച്ചുമാണ് കറന്റ് ചാർജ്ജ് അടവാക്കുന്നതെന്നും വ്യക്തമല്ല. തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ കാണിക്കുന്ന രജിസ്റ്റർ, കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-27 മോട്ടോർ വാഹന വകുപ്പിന്റെ നിരക്ക് കണക്കിലെടുക്കാതെ ക്വട്ടേഷൻ ക്ഷണിച്ചു.**

ഫയൽ നം FE2/983/22

ചെലവ് :- 302500/ (തനതു ഫണ്ട്) (55000(2021-22) +247500(22-23)

24/12/21 മുതൽ ഒരു വർഷത്തേക്ക് നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സ്ഥല പരിശോധന നടത്തുന്നതിനായി വാഹന വാടകയിനത്തിൽ 302500/- രൂപ ചെലവഴിച്ചിട്ടുണ്ട്. 17-11-2021 ലെ FE/13911/21 നം ക്വട്ടേഷൻ നോട്ടീസ് പ്രകാരം ഫറോക്ക് നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹനം മാസ വാടകയ്ക്ക് എടുക്കുന്നതിലേക്കായി രജിസ്റ്റേർഡ് ടാക്സി ഓണേഴ്സിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുകയാണ് ചെയ്തിരിക്കുന്നത്. സർക്കാർ വാഹനം വാടകയ്ക്ക് എടുക്കുന്നത് സംബന്ധിച്ച എല്ലാ ഉത്തരവുകളും ഇതിന് ബാധകമാണെന്നും ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ഒന്നും ക്വട്ടേഷനിൽ വ്യക്തമാക്കിയിട്ടില്ല. തുടർന്ന് ലഭിച്ച 5 ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ മാസ വാടക നിരക്കായ 27500/-രൂപ ക്വാട്ട് ചെയ്ത ശ്രീ. സുധീഷ്.കെ എന്നവരുടെ ക്വട്ടേഷൻ (5 Seat Tata Indica Vista AC) അംഗീകരിച്ച് (കൗൺസിൽ തീ.നം.17/21-12-21) ടിയാനുമായി കരാർ വെച്ചു. കരാർ പ്രകാരം (നം,തീയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല) പ്രതിമാസം ഈ നിരക്കിൽ വണ്ടി 1500 കി.മീറ്റർ വരെ ഓടുന്നതാണ്.അധികം വരുന്ന ഓരോ കി.മീറ്ററിനും സർക്കാർ നിരക്കിൽ തുക അനുവദിക്കണം . 1500 കി.മീറ്ററിൽ കുറവായി വണ്ടി ഓടുകയാണെങ്കിൽ മാസവാടകയിൽ മാറ്റമുണ്ടാകില്ല. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഫയലിലെ ഓഫീസ് നോട്ട് പ്രകാരം ലോഗ് ബുക്ക് പ്രകാരം മാസ വാടക കൊടുക്കുന്നതിനാധാരമാക്കിയ യാത്ര ചെയ്ത കി.മീറ്റർ താഴെ കൊടുക്കുന്നു.

| ലോഗ് ബുക്ക് പ്രകാരം യാത്ര ചെയ്ത കാലയളവ് | ആകെ യാത്ര ചെയ്ത കി.മീറ്റർ |
|---|---|
| 25-1-22 To 23-2-22 | 847 |
| 24-2-22 To23-3-22 | 840 |
| 24-3-22 To 23-4-22 | 767 |
| 24-4-22 To 23-5-22 | 767 |
| 24-5-22 To23-6-22 | 771 |
| 24-6-22 To 23-7-22 | 790 |
| 24-7-22 To 23-8-22 | 1027 |
| 24-8-22 To 23-9-22 | 917 |
| 24-9-22 To 23-10-22 | 900 |
| 24-10-22 To 23-11-22 | 1227 |
| 24-11-22 To 23-12-22 | 989 |

മേൽ പട്ടിക പരിശോധിച്ചാൽ ഒരൊറ്റ മാസത്തിലും വാഹനം 1500 കി.മീറ്റർ ഓടിയിട്ടില്ലെന്ന് കാണാം. ഒരു മാസം ഏറ്റവും കൂടുതലായി ഓടിയ കി.മീറ്റർ 1227 ആണ്. ഏറ്റവും കുറവ് ഓടിയത് 767 കി.മീറ്ററുമാണ്.

നഗരസഭാ പരിധിയുടെ ആകെ വിസ്തൃതി നോക്കി ഏകദേശം കണക്കു കൂട്ടി ഒരു ദിവസം ഇത്ര കി.മീറ്റർ യാത്ര വരുമെന്ന് കണക്കാക്കി ആയതിനനുസരിച്ച് ക്വട്ടേഷൻ ക്ഷണിക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നതിനാൽ വാടകയിനത്തിൽ വൻതുകനഷ്ടം സംഭവിച്ചിട്ടുണ്ട്.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് **(29/2022-23/ 31-1-24)** മറുപടി നൽകിയിട്ടില്ല. വാഹന വാടകയുടെ കാര്യത്തിൽ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ വാഹനം വാടകയ്ക്കെടുക്കുമ്പോൾ മേൽ വസ്തുതകൾ പരിഗണിച്ച് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ഈയിനത്തിലുള്ള വർദ്ധിച്ച ചെലവ് ഒഴിവാക്കേണ്ടതുമാണ്. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-28 കാലാവധി കഴിഞ്ഞ വാഹനങ്ങൾ കണ്ടം ചെയ്യുന്നതിൽ തുടർനടപടിയില്ല**

17-1-23 ലെ ഇന്ത്യ ഗവൺമെന്റിന്റെ പുതുക്കിയ മോട്ടോർ വാഹന നിയമപ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ തീയതി മുതൽ 15 വർഷം പൂർത്തിയായാൽ വണ്ടിയുടെ ഉപയോഗത്തിന്റെ കാലാവധി കഴിയും. ആയതിനുശേഷം വാഹനം കണ്ടം ചെയ്യേണ്ടതാണ്. എന്നാൽ ഫറോക്ക് നഗരസഭയുടെ താഴെ കൊടുത്തിരിക്കുന്ന രണ്ട് വാഹനങ്ങൾ 15 വർഷം കാലാവധി കഴിഞ്ഞിട്ടും ഉപയോഗശൂന്യമായി കിടക്കുകയല്ലാതെ അവ കണ്ടം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

1.KL11T 2438 മഹീന്ദ്ര ജീപ്പ് - സെക്രട്ടറി ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനം

FE2/B5/13754/17 നമ്പർ ഫയൽ, RCഎന്നിവ പ്രകാരം മെയ് 2004 ന രജിസ്റ്റർ ചെയ്ത വാഹനം 2023

മുതൽ നഗരസഭയുടെ കോമ്പൗണ്ടിൽ നിർത്തിയിട്ടിരിക്കുകയാണ്. വാഹനം ലേലം ചെയ്ത് വില്പന നടത്തുന്നതിന് നടപടികൾ ആരംഭിക്കുക എന്ന് സെക്രട്ടറി 8 -9-23 ന് ഓഫീസ് നോട്ടിൽ എഴുതിയിട്ടുണ്ട്. തുടർന്ന് ഫയലിൽ നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല

2.KL11Z 6365 – മാലിന്യം കൊണ്ടുപോകുന്നതിനുള്ള വണ്ടി

RC പ്രകാരം വണ്ടിയുടെ രജിസ്ട്രേഷൻ തീയതി 11-4-2007 ആണ്. ലോഗ്ബുക്ക് ലഭ്യമല്ലാത്തതിനാൽ വണ്ടി എന്നുവരെ ഉപയോഗിച്ചിരുന്നു എന്നത് വ്യക്തമല്ല. നിലവിൽ വണ്ടി നല്ലൂർ മിനി സ്റ്റേഡിയത്തിൽ നിർത്തിയിട്ടിരിക്കുകയാണെന്ന് സെക്ഷൻ വാക്കാൽ പറഞ്ഞു. വണ്ടിയുടെ ഫയൽ ലഭ്യമല്ലാത്തതിനാൽ കണ്ടം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. മേൽ വണ്ടികൾ കണ്ടം ചെയ്യാൻ കാലതാമസം ഉണ്ടാകും തോറും വണ്ടികൾക്ക് സ്ക്രാപ്പ് വില കൂടി ലഭിക്കാത്ത അവസ്ഥയുണ്ടാകും.

വണ്ടികൾ കണ്ടം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (37/2022-23/ 2-2-24) മറുപടി നൽകിയിട്ടില്ല. മേൽ വണ്ടികൾ പി.ഡബ്ല്യു.ഡി വകുപ്പിൽ നിന്നും വാല്വേഷൻ ലഭ്യമാക്കി എത്രയും പെട്ടെന്ന് കണ്ടം ചെയ്ത് തുക മുനിനിസിപ്പൽ ഫണ്ടിലടവാക്കി അറിയിക്കേണ്ടതാണ്.

**1-29 അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തി ഫണ്ട് ചെലവ് ചെയ്തു.**

24-1-2024 ലെ 8/22-23 ഓഡിറ്റ് എൻക്വയറി പ്രകാരം, സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ നഗരസഭയിൽ ജോലി ചെയ്തുവരുന്ന അംഗീകൃത തസ്തികകളുടെ വിവരവും താത്കാലിക ജീവനക്കാരുടെ വിവരവും ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു. ആയത് പ്രകാരം ഓഡിറ്റിന് സമർപ്പിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ നഗരസഭയിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള അംഗീകൃത തസ്തികകൾക്ക് പുറമെ താത്കാലിക ജീവനക്കാരുടെ നിയമനം നടത്തി ദിവസ വേതനം നൽകി ഫണ്ട് ചെലവ് ചെയ്യുന്നതായി കാണുന്നു. വിശദാംശം താഴ ചേർക്കുന്നു.

| ക്രമനം | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 02 |
| 2 | ഡ്രൈവർ | 01 |
| 3 | അറ്റന്റർ ഹോമിയോ | 01 |
| 4 | സ്വീപ്പർ ഹോമിയോ | 01 |

തസ്തിക നിലവിലില്ലാതെ അധിക ജീവനക്കാരെ നിയമിച്ചതും തനത്ഫണ്ടിൽ നിന്നും വേതനം നൽകിയതും ശരിയായ നടപടിയല്ല. ദിവസവേതനത്തിന് ജീവനക്കാരെ നിയമിച്ചതിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതി സംബന്ധിച്ച രേഖകളും , മേൽ നിയമനങ്ങൾ വ്യക്തമായ സർക്കാർ ഉത്തരവ് പ്രകാരമാണെങ്കിൽ പ്രസ്തുത ഉത്തരവുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

കേരള പബ്ലിക് സർവീസ് വകുപ്പിന്റെ 22.4.1971 ലെ ജി.ഒ.(എം.എസ്.) 112/71/പി.ഡി നമ്പർ ഉത്തരവു പ്രകാരം താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ നടത്താൻ പാടുള്ളൂ. അതോടൊപ്പം നിയമനാധികാരി തങ്ങളുടെ വകുപ്പിലെ ഒഴിവുകൾ അതാതു സമയം കേരള പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കേണ്ടതുമാണ്. കൂടാതെ ജി.ഒ.(പി) നം. 28/2016/Fin. ഉത്തരവു പ്രകാരം ഓരോ സ്ഥാപനങ്ങളിലും ഒഴിവുള്ള തസ്തികകളുടെ വിവരം PSC യെ അറിയിക്കേണ്ടതാണെന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ ഒഴിവുള്ള തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് വാങ്ങിയാണ് നിയമനം നടത്തേണ്ടത്. അത്തരത്തിലുള്ള നിയമനങ്ങൾ 179 ദിവസങ്ങളിൽ കൂടാനും പാടില്ല. എന്നാൽ മുനിസിപ്പാലിറ്റിയിൽ നടത്തിയ മേൽ നിയമനങ്ങൾ അപ്രകാരമല്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ജീവനക്കാരെ നിയമിച്ചതിന് ബന്ധപ്പെട്ട

അധികാരികളുടെ അനുമതി സംബന്ധിച്ച രേഖകളും ലഭ്യമാക്കേണ്ടതും അപ്രകാരം അനുമതി ലഭിച്ച തസ്തികകളിൽ സർക്കാർ നിർദ്ദേശ പ്രകാരം നിയമനം ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

**1-30 സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ജീവനക്കാരുടെ വരിസംഖ്യ വൈകി അടച്ചതിനാൽ പലിശയിനത്തിൽ തുക നഷ്ടമായി**

സ.ഉ(പി) നം 124/2005/ത.സ്വ.ഭ.വ തീയ്യതി-30-4-2005 പ്രകാരം പുറപ്പെടുവിച്ച കേരള മുനിസിപ്പാലിറ്റി (മുനിസിപ്പൽ ജീവനക്കാരുടെ സെൻട്രൽ പ്രോവിഡന്റ് ഫണ്ട്) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം എല്ലാ വിഭാഗം ജീവനക്കാർക്കും വേണ്ടി ഡയറക്ടർ ഒരു മുനിസിപ്പൽ സെൻട്രൽ പ്രോവിഡണ്ട് ഫണ്ട് സ്ഥാപിച്ച് പരിപാലിക്കേണ്ടതും ആയത് ഡയറക്ടറുടെ ഭരണ നിയന്ത്രണത്തിൽ ആയിരിക്കേണ്ടതുമാണ്. ചട്ടം 13 പ്രകാരം ജീവനക്കാരനിൽ നിന്നും ഈടാക്കുന്ന വരിസംഖ്യ ഈടാക്കി 15 ദിവസത്തിനകം ഈടാക്കിയ അധികാരി മുനിസിപ്പൽ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്. തുക അടയ്ക്കേണ്ട സമയത്തിനുള്ളിൽ അടയ്ക്കാത്തപക്ഷം അടയ്ക്കേണ്ട തീയ്യതി മുതൽ അടയ്ക്കുന്ന തീയതി വരെ വരിക്കാർക്ക് അനുവദിക്കുന്ന നിരക്കിലുള്ള പലിശ കൂടി തുകയോടൊപ്പം അടയ്ക്കേണ്ടതാണ്. ഫറോക്ക് മുനിസിപ്പാലിറ്റി ജീവനക്കാരുടെ 2022-23 വർഷത്തെ ശമ്പള ബില്ലുകളും റിക്കവറി അടക്കുന്നതിന്റെയും വിശദാംശങ്ങളും പരിശോധിച്ചപ്പോൾ പലമാസങ്ങളിലും ജീവനക്കാരനിൽ നിന്നും പിടിക്കുന്ന പ്രോവിണ്ട് ഫണ്ട് വരിസംഖ്യ കൃത്യമായി സെൻട്രൽ പ്രോവിഡണ്ട് ഫണ്ടിൽ അടക്കുന്നില്ലെന്ന് കണ്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | വൗച്ചർ നം/തീയ്യതി | വരി സംഖ്യ അടയ്ക്കേണ്ട തീയ്യതി | കണ്ടിജന്റ് ജീവനക്കാരുടെ പി.എഫ് വിഹിതം. വരിസംഖ്യ അടച്ച തീയ്യതി Pay In Slip No/date | റഗുലർ ജീവനക്കാരുടെ ജീവനക്കാരുടെ പി.എഫ് വിഹിതം.വരി സംഖ്യ അടച്ച തീയ്യതി Pay In Slip No/date |
|---|---|---|---|---|
| Sept 2022 | 22200468/1-10-22 | 15-10-22 | 13240<br>15050/26-10-22 | 70477+8500 = 78977<br>14989/26-10-22<br>3444/26-11-22 |
| October 2022 | 22200557/1-11-22(റഗുലർ) | 15-11-22 | 13240<br>2352/26-11-22 | 110679<br>16350/23-11-22 |
| Nov 2022 | 22200632/1-12-22 | 15-12-22 | 13240<br>11951/26-12-22 | 110679<br>11900/26-12-22 |
| December 2022 | 22200764/3-1-23 | 17-1-22 | 13240 | 103313 |

| | | | | |
|---|---|---|---|---|
| | | | 8270/24-1-23 | 8186/24-1-26 |
| Feb 2023 | 22200842/1-3-2023 | 15-03-22 | 13240<br>15744/28-3-23 | 99077<br>15203/28-3-23 |
| March 2023 | 52201088/1-4-2023 | 15-04-22 | 13240<br>3942/10-5-23 | 142483<br>3623/10-5-23 |

ചട്ടത്തിൽ നിർദ്ദേശിച്ച പ്രകാരം ജീവനക്കാരുടെ പി.എഫ് വിഹിതം കൃത്യമായി സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അടക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം പരിശോധിച്ച് ജീവനക്കാരുടെ പി.എഫ് വിഹിതം കൃത്യമായി സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അടക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ജീവനക്കാർക്ക് ലഭ്യമാകേണ്ടിയിരുന്ന പലിശ ഈടാക്കി സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അടച്ച് അറിയിക്കേണ്ടതാണ്.

**1-31 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു**

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, അഡ്വാൻസ് രജിസ്റ്റർ, തനത് ഫണ്ട് വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ 2021-22 വർഷം മുതലുള്ള 236000/-രൂപയുടെ മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | വൗച്ചർ നം/ തീയതി | കൈപ്പറ്റിയ വ്യക്തി | തുക | ഇനം |
|---|---|---|---|---|---|
| 1 | 2021-22 | 22100285/ 29-7-21 | വത്സൻ.സി.കെ എച്ച്.ഐ. | 10,000 | നഗരസഭ ശുചീകരണ വാഹന റിപ്പയർ അഡ്വാൻസ് |
| 2 | 2021-22 | 22100407/ 22-9-21 | വത്സൻ.സി.കെ , എച്ച്.ഐ. | 10,000 | നഗരസഭ ശുചീകരണ വാഹന റിപ്പയർ അഡ്വാൻസ് |
| 3 | 2021-22 | 22001182/ 26-3-21 | വത്സൻ.സി.കെ , എച്ച്.ഐ. | 20000 | LA ELECTION BOOTH CLEANING |
| 4 | 2022-23 | 22200368/ 12-8-22 | ശ്രീ.അനിൽകുമാർ., PWO | 25000 | Independence Day Celebration |

| | | | | | |
|---|---|---|---|---|---|
| 5 | 2022-23 | 22200373/ 12-8-22 | ശ്രീ.ഹരീഷ്.പി JHI GRADE II | 6000 | മരം മുറിച്ച് മാറ്റുന്നതിന് |
| 6 | 2022-23 | 22200374/ 16-8-22 | ഡോ.ലാലു ജോൺസ്.ആർ,സൂപ്രണ്ട്, ഫറോക്ക് താലൂക്ക് ഹോസ്പിറ്റൽ | 75000 | ആശുപത്രി ബ്ളോക്ക് ഉദ്ഘാടനം |
| 7 | 2022-23 | 22200449/ 5-9-22 | ശ്രീ.ഷിബു.വി JHI GRADE II | 25000 | ആംബുലൻസ് ഉദ്ഘാടനം |
| 8 | 2022-23 | 22200703/ 23-1-23 | വത്സൻ.സി.കെ , എച്ച്.ഐ. | 5000 | ഹരിത കർമ്മസേന സംഗമം |
| 9 | 22-23 | 22200776/ 4-2-23 | ശ്രീ.ഹരീഷ്.പി JHI GRADE II | 50000 | ശുചിത്വ മിഷൻ,GEX KERALA 2023 CNCLAVE ,KOCHI |
| 10 | 22-23 | 22200944/ 29-3-23 | ശ്രീ.സുബിൻ.സി JHI GRADE II | 10000 | എം.സി.എഫിൽ അഗ്നി സുരക്ഷാ ഉപകരണം വാങ്ങുന്നതിന് |
| | | | | 236000 | |

മേൽ തുകകൾ ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്ത് അഡ്ജസ്റ്റ്മെന്റ് വൗച്ചറുകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ വ്യക്തികളിൽ നിന്നും അഡ്വാൻസ് തുക 18 ശതമാനം വാർഷിക പലിശയോട് (Note 11 UnderArt53(e)KFC)കൂടി ഈടാക്കി അറിയിക്കേണ്ടതാണ്.

**1-32 സ്ഥല ലഭ്യത ഉറപ്പാക്കാത്തതിനാൽ ജൈവവൈവിധ്യ പാർക്ക് നിർമ്മാണത്തിന് ലഭിച്ച തുക നഷ്ടപ്പെടുന്ന അവസ്ഥയിൽ**

ഫയൽ നം- (1) FE1/10940/21

(2) B2/4343/19

സാംഖ്യ വൗച്ചർ നം - 22200148/26-5-22 തുക - 217800

ഉപയോഗശൂന്യമായ പൊതുസ്ഥലങ്ങളിൽ ജൈവവൈവിധ്യ പാർക്ക് തയ്യാറാക്കൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡിന്റെ 2020-21 പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഫറോക്ക് നഗരസഭ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മറ്റിയെ പദ്ധതി

നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതിക നിർവ്വഹണത്തിനായി ബോർഡ് നിയോഗിച്ചിരിക്കുന്നത് പഴശ്ശി എക്കോ ടൂറിസം ആൻഡ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റിയെയാണ് (PETRADS). പ്രസ്തുത ഏജൻസി നഗരസഭയിൽ ചന്തക്കടവ് പ്രദേശത്തുള്ള 10 സെന്റ് സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് തയ്യാറാക്കുന്നതിനായി സ്ഥലം സന്ദർശിച്ച് പ്രൊപ്പോസൽ തയ്യാറാക്കി. ഫറോക്ക് നഗരസഭാ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി, പഴശ്ശി എക്കോ ടൂറിസം ആൻഡ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി (PETRADS), കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് എന്നിവർ ഉൾപ്പെടുന്ന ത്രികക്ഷി ധാരണപത്രം തയ്യാറാക്കി ആയത് ഒന്നാം കക്ഷിയായ പെട്രാഡ്സുമായി ധാരണപത്രം ഒപ്പുവച്ച് കേരള സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

10 സെന്റ് സ്ഥലത്ത് ഡൈവേഴ്സിറ്റി പാർക്ക് സജ്ജമാക്കുന്നതിന് സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് പരമാവധി നൽകുന്നത് 363,000/- രൂപയാണ്. 2021 ജൂലൈ 31 നാണ് ധാരണ പത്രം ഒപ്പുവച്ചത്. പ്രസ്തുത ധാരണ പത്രം പ്രകാരം PETRADS എന്ന ഏജൻസി ഒരു വർഷത്തിനകം പണിപൂർത്തിയാക്കേണ്ടതും തുടർന്നുള്ള രണ്ട് വർഷം പ്രസ്തുത പാർക്കിന്റെ പരിപാലനം ഉറപ്പുവരുത്തേണ്ടതുമാണ് . 25-3-21 ന് ആദ്യ ഗഡുവായി മൂന്നുലക്ഷം രൂപ ഫറോക്ക് നഗരസഭ മാനേജ്മെന്റ് കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്. നഗരസഭാ സെക്രട്ടറി ബി.എം.സിയുടെ സെക്രട്ടറിയും നഗരസഭാ ചെയർമാൻ ബി.എം.സിയുടെ ചെയർമാനുമായുള്ള ഫറോക്ക് നഗരസഭാ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റിക്ക് ദേശസാൽകൃത ബാങ്കിൽ പ്രത്യേക അക്കൗണ്ട് തുടങ്ങാനാവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ആരംഭിച്ചിട്ടില്ല. ആയതിനാൽ തുക വരവ് വച്ചിരിക്കുന്നത് ഫറോക്ക് സർവ്വീസ് സഹകരണ ബാങ്കിലുള്ള നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ തന്നെയാണ്. 18 -1 -22 ലെ കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ 2260/എ8/2020/KSBB നം കത്ത് പ്രകാരം 63000 രൂപ കൂടി ബി.എം.സി അക്കൗണ്ടിലേക്ക് നെറ്റ് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഗഡുവായി പെട്രാറ്റ്സ് എന്ന സ്ഥാപനത്തിന് 217800/- രൂപ നൽകിയിട്ടുണ്ട്. കൈപ്പറ്റ് രശീതി പ്രകാരം തുക 30.05.22 ന് പെട്രാറ്റ്സ് തുക കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ബയോഡൈവേഴ്സിറ്റി പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 15-10-22 ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ജൈവവൈവിധ്യ പാർക്ക് നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലത്ത് നഗരസഭയുടെ ചില പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ നിർമാണത്തിനായി പുതിയ സ്ഥലം കണ്ടെത്തുന്നതിന് നഗരസഭാ തല ബി.എം.സിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 9.8.23 ലെ 3/1 കൗൺസിൽ തീരുമാന പ്രകാരം ബിഎംസി ജൈവവൈവിധ്യ പാർക്കിന് പുതിയ സ്ഥലം കണ്ടെത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് 19-7-23,27-9-23 എന്നീ തീയതികളിലെ 2260/എ8/2020/KSBB കത്ത് പ്രകാരം അനുവദിച്ച 363000/- രൂപയ്ക്ക് നാളിതുവരെയുള്ള ബാങ്ക് പലിശ സഹിതം സർക്കാരിലേക്ക് നിർബന്ധമായും തിരിച്ചടച്ച് പ്രസ്തുത വിവരം എത്രയും പെട്ടെന്ന് അറിയിക്കാൻ കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് ഫറോക്ക് നഗരസഭാ സെക്രട്ടറിയോടാവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക തിരിച്ചടച്ചതിന്റെ വിശദാംശം ഫയൽ പ്രകാരം ലഭ്യമല്ല. പദ്ധതി നടപ്പാക്കാത്തതിനാൽ ഏജൻസിക്ക് നൽകിയ തുകയും നഷ്ടമാകുന്ന അവസ്ഥയാണുള്ളത് .

സ്ഥലലഭ്യത ഉറപ്പാക്കാതെ പദ്ധതി നിർവ്വഹണത്തിന് ധാരണാപത്രം ഒപ്പ് വച്ച് ഏജൻസിക്ക് തുക കൈമാറിയതിനും മേൽ അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (22/22-23 തീയതി 30.1.2024)മറുപടി നൽകിയിട്ടില്ല. ലഭ്യമായ തുക നഷ്ടമാക്കാതെ എത്രയും പെട്ടെന്ന് മറ്റൊരു സ്ഥലം കണ്ടുപിടിച്ച് പ്രോജക്ട് നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

**1-33 ദേശീയ നഗര ഉപജീവനമിഷൻ (NULM) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച**

നഗരസഭയിലെ ജനങ്ങളുടെ ജീവനോപാധി വികസനത്തിലൂടെ നഗര ദരിദ്രരുടെ ജീവിത നിലവാരം

മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. എന്നാൽ നഗരസഭയിൽ ഈ പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടക്കുന്നില്ല. 2022-23 വർഷത്തിൽ തൊഴിൽ സംരംഭം തുടങ്ങുന്നതിന് 3 അപേക്ഷകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ഒരാൾക്ക് മാത്രമാണ് സ്വയം തൊഴിലിനായി പലിശ സബ്സിഡി ലോൺ അനുവദിക്കാൻ സാധിച്ചിട്ടുള്ളത്. റിവോൾവിംഗ് ഫണ്ട് ലിങ്കേജ് സബ്സിഡി എന്നിവയിലും മറ്റ് ദാരിദ്ര്യ നിർമ്മാജന പദ്ധതികളിലും കാര്യമായ നേട്ടം കൈവരിച്ചിട്ടില്ല. കോർ ബാങ്കിംഗ് സൊല്യൂഷൻ ഇല്ലാത്ത ബാങ്ക് ആയതിനാൽ സബ്സിഡി യഥാ സമയം നൽകാൻ പറ്റുന്നില്ല എന്ന വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യമായ ഇടപെടൽ നടത്തിയിട്ടില്ല. പദ്ധതിയുടെ പ്രചാരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് റിപ്പോർട്ടുകളും മറ്റ് രേഖകളും തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

**1-34 പി.എം.എ.വൈ- ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ |
| പ്രോജക്ട് നമ്പർ | S095/23 (ജനറൽ)<br>S096/23 (എസ്.സി) |
| നമ് അടങ്കൽ | 12401400 = 7401400 (വികസന ഫണ്ട് ജനറൽ) +5000000 (വികസന ഫണ്ട് എസ്.സി.പി) |
| ചെലവ് | 7401400 (വികസന ഫണ്ട് ജനറൽ) +5000000 (വികസന ഫണ്ട് എസ്.സി.പി)= 12401400 |
| നിർവ്വഹണം | സെക്രട്ടറി |

ഭവനനിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി

| ക്രമ. നം | ഡി.പി.ആർ | അംഗീകരിച്ച വർഷം | കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ എണ്ണം | ഭവനനിർമാണം പൂർത്തീകരിക്കാത്തവർ |
|---|---|---|---|---|
| 1 | D.P.R -1 | 2017 -18 | 195 | 19 |
| 2 | D.P.R -2 | 2018 -19 | 163 | 29 |
| 3 | D.P.R -3 | 2019 -20 | 207 | 42 |
| 4 | D.P.R -4 | 2021 -22 | 90 | 81 |
| 5 | D.P.R -5 | 2022 -23 | 170 | 168 |

| | | | | |
|---|---|---|---|---|
| | | | 825 | 339 |

1. സർക്കാർ ഉത്തരവ് (സാധാ) നം.2803/2016/ത.സ്വ.ഭ.വ തീയതി 04.10.2016- PMAY പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക VI(a) പ്രകാരം ഗുണഭോക്താക്കൾ പരമാവധി 1 വർഷത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് 1 മുതൽ 4 വരെയുള്ള DPR-കളിൽ ഉൾപ്പെട്ട കരാറിലേർപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തിയാക്കേണ്ട സമയപരിധി അവസാനിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ ഹാജരാക്കിയ രേഖ പ്രകാരം ഓഡിറ്റ് തീയതിവരെ ഇവരിൽ 171 ഗുണഭോക്താക്കൾ (1 മുതൽ 4 വരെയുള്ള DPRൽ ഉൾപ്പെട്ടവർ) ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ളതായി കാണുന്നു. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിട്ടതിന് കാരണം വ്യക്തമാക്കേണ്ടതും ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും അറിയിക്കേണ്ടതാണ്.

2. തൻവർഷം പി.എം.എ.വൈ പദ്ധതിക്കായി പ്ലാൻ ഫണ്ട് വിഹിതമായി 22585000/- രൂപ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ചെലവ് 12401400/- രൂപയാണ്. മുൻവർഷത്തെ നീക്കിയിരിപ്പ് തുക വകയിരുത്തിയതും ചെലവഴിച്ചതും സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ കേന്ദ്ര സംസ്ഥാന വിഹിതമായി 12120000/- രൂപയും തൻവർഷം പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുകയും ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം പദ്ധതിയിൽ വകയിരുത്തിയതും ചെലവഴിച്ചതുമായി കാണിക്കാതെയാണ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത്. മേൽ തുകകൾ പദ്ധതിയിൽ ഉൾപ്പെടുത്താതെ ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്.

**1-35 അതി ദരിദ്രർക്കും അഗതികൾക്കും പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച**

നഗരസഭ അംഗീകരിച്ച അതിദരിദ്രരുടെ ലിസ്റ്റിൽ 147 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. ഇവരെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നതിന് നഗരസഭ മൈക്രോ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും അവർക്ക് വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജനം എന്ന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഒരു തവണ ഭക്ഷ്യകിറ്റ് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭവനം ആവശ്യമുള്ള 17 ഗുണഭോക്താക്കളിൽ 8 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മണം അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ട്. ഭൂരഹിതരായ ഭവന രഹിതരായി 15 പേരുണ്ട് . അവർക്കായി പദ്ധതികൾ ആരംഭിച്ചിട്ടില്ല. 61 ഗുണഭോക്താക്കൾക്ക് വീടിന് റിപ്പയർ ആവശ്യമുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

2018 ൽ നിലവിൽ വന്ന അഗതി രഹിത കേരളം പദ്ധതിയിൽ നഗരസഭയിൽ നിലവിൽ 65 ഗുണഭോക്താക്കൾ ഉണ്ട്. ഇതിൽ പദ്ധതി പ്രകാരം വീട് ആവശ്യമുള്ള 19 ഗുണഭോക്താക്കളിൽ ആമിന (ഡിവിഷൻ 17), സജ്ന (ഡിവിഷൻ 36), പുഷ്പവല്ലി (ഡിവിഷൻ 2), നബീസ (ഡിവിഷൻ 19) എന്നീ ഗുണഭോക്താക്കൾക്ക് നാളിതുവരെയും വീട് നിർമ്മിച്ച് നൽകിയിട്ടില്ല എന്നതും സ്ഥലം ആവശ്യമുള്ള തങ്കമ്മ (ഡിവിഷൻ 19) എന്ന ഗുണഭോക്താവിന് സ്ഥലവും വീടും നൽകാത്തതും ഗുരുതരമായ വീഴ്ചയാണ്. 2023 ആഗസ്റ്റ് മാസത്തിന് ശേഷം ഇവർക്കായി ഭക്ഷ്യകിറ്റ് വിതരണവും നടത്തിയിട്ടില്ല.

അതീവ പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട മേൽ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

**1-36 പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ തെങ്ങിൽ തൈകൾ വിതരണം ചെയ്യാതെ നശിക്കുന്ന അവസ്ഥയിൽ**

31.1.24 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ കൃഷി ഭവൻ സന്ദർശിച്ചപ്പോൾ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള തെങ്ങിൻ തൈകൾ ഗുണഭോക്താക്കൾക്ക്

വിതരണം ചെയ്യാതെ കൃഷിഭവൻ പരിസരത്ത് സൂക്ഷിക്കുക വഴി അവ നശിച്ച് പോകുന്ന അവസ്ഥയിലാണുള്ളതെന്ന് കണ്ടു. പദ്ധതി പ്രകാരം തെങ്ങിൻ തൈകൾ ആവശ്യമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് നഗര സഭയിൽ നിന്ന് ലഭ്യമല്ലാത്തതിനാലാണ് തൈകൾ വിതരണം ചെയ്യാതിരുന്നത് എന്ന് കൃഷി ഭവനിൽ നിന്ന് അറിയിച്ചു. 2023-24 വർഷത്തിൽ എസ്.സി വിഭാഗത്തിന് തെങ്ങിൻ തൈ എന്ന പദ്ധതിയിലേക്കാണ് (449/24 ) തെങ്ങിൻ തൈകൾ കൃഷി ഭവനിൽ വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. ഇതിനായി ബിൽ നമ്പർ 372/16.1.24 പ്രകാരം 50000/-രൂപ തെങ്ങിൻ തൈയുടെ വിലയായി ജില്ലാ കൃഷി ഫാമിലേക്ക് അനുവദിച്ചിട്ടുണ്ട്. മണ്ണിൽ നട്ട അവസ്ഥയിലല്ലാതെ കൂട്ടിയിട്ടിരിക്കുന്ന തെങ്ങിൻ തൈകൾ ഇനി വിതരണം ചെയ്താലും ഫലം ഉണ്ടാകാത്ത അവസ്ഥയിലാണുള്ളത്. വാർഡ്സഭാ മിനിട്സുകൾ പരിശോധിച്ചതിൽ 23-24 വർഷത്തേയ്ക്ക് ഈ പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി കാണുന്നില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് കാല താമസം ഉണ്ടായതിനും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപെ തൈകൾ വാങ്ങിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-37 പാലിയേറ്റീവ് പദ്ധതിയ്ക്കായി വാഹനം ഉപയോഗിക്കുന്നത് നിയമാനുസൃതമല്ല**

സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പാലിയേറ്റീവ് പരിചരണം എന്ന പദ്ധതിയിൽ കിടപ്പ് രോഗികൾക്കായി ഭവന സന്ദർശനം നടത്തുന്നതിനായി ഉപയോഗിക്കുന്ന KL-11 AQ 5213 എന്ന വാഹനത്തിനുള്ള ചെലവുകൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. 2000 ലെ കേരള മുൻസിപ്പാലിറ്റി വാഹന ഉപയോഗവും പരിപാലനവും ചട്ടങ്ങളിലെ താഴെ പറയുന്ന വ്യവസ്ഥകൾക്കനുസൃതമായല്ല വാഹനം ഉപയോഗിക്കുന്നത്.അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്ന തിയ്യതിയിൽ ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

മേൽ ചട്ടം 9(2) പ്രകാരം വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്ന തിയ്യതിൽ ലോഗ്ബുക്കിൽ എഴുതി സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന നിബന്ധന പാലിക്കുന്നില്ല.

ഉദാഹരണം ബിൽ നമ്പർ 21/3.6.22 പ്രകാരം 2022 ഏപ്രിൽ മാസത്തിൽ 5.4.22 നും 21.4.22 നും 25ലിറ്റർ വീതം ഇന്ധനം വാങ്ങിയതിന് ബിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഏപ്രിൽ മാസത്തിൽ 19.4.22 മാത്രമാണ് വാഹനത്തിൽ ഇന്ധനം നിറച്ചതായി കാണിച്ചിട്ടുള്ളൂ. 2022 മെയ് മാസത്തിൽ 13.5.22 ന് 25ലിറ്റർ, 27.5.22 ന് 5 ലിറ്റർ, 31.5.22 ന് 15 ലിറ്റർ വീതം ഇന്ധനം വാങ്ങിയതിന് ബിൽ തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ലോഗ്ബുക്കിൽ മെയ് മാസത്തിൽ 12.5.22 ന് 25ലിറ്റർ അടിച്ചത് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) ഫുൾടാങ്ക് ഇന്ധനം നിറയ്ക്കണമെന്ന നിബന്ധന പാലിക്കുന്നില്ല.

മേൽ ചട്ടം 9(1) പ്രകാരം വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്ന തിയ്യതിൽ കസ്റ്റോഡിയൽ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ വാഹന ടാങ്കിൽ ഫുൾടാങ്ക് നിറയ്ക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഒരു ബില്ലിലും കസ്റ്റോഡിയൽ ഓഫീസറുടെ സാക്ഷപ്പെടുത്തൽ ഇല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| തിയ്യതി | അളവ് | ബിൽ |
|---|---|---|
| 27.7.22 | 3ലിറ്റർ | 47/6.8.22 |
| 29.7.22 | 3ലിറ്റർ | |
| 20.8.22 | 5.663 ലിറ്റർ | 324/2.9.22 |
| 23.8.22 | 4.719 ലിറ്റർ | |
| 7.9.22 | 5 ലിറ്റർ | 378/3.10.22 |
| 29.9.22 | 5 ലിറ്റർ | |

3) ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല

മേൽ ചട്ടം 8 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് 6 മാസത്തിൽ ഒരിക്കൽ നടത്തി സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. അവസാനമായി 2013 ലാണ് പരിശോധന നടത്തിയത് എന്ന് ഡ്രൈവർ പറഞ്ഞിട്ടുണ്ടെങ്കിലും സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ചട്ടം 4 പ്രകാരം വാഹനത്തിന്റെ റിപ്പയർ നടത്തുമ്പോൾ രേഖപ്പെടുത്തേണ്ട റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെയാണ് റിപ്പയറിനായി തുക അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-38 കൃഷിഭവനിലേക്ക് ഫർണിച്ചറുകൾ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി - 383/23

ചെലവ് തുക - 55600 (വികസന ഫണ്ട്)

ബിൽ നമ്പർ - 351/22.3.23

കൃഷി ഭവനിലേക്കാവശ്യമായ ഫർണിച്ചറുകൾ വാങ്ങുന്നതിനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം 55600/- രൂപയ്ക്ക് സ്റ്റീൽ ക്യാബിനറ്റ്, ടേബിൾ, ഫൈബർ ചെയറുകൾ, റിവോൾവിംഗ് ചെയർ, സ്റ്റീൽ ടേബിൾ, കമ്പ്യൂട്ടർ ടേബിൾ എന്നീ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. ഇവ ടെൻഡർ/ക്വട്ടേഷൻ നടപടികൾ ഇല്ലാതെ SIDCO യിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. 23.12.22 ലെ സ.ഉ(സാധാ)97/22/SPD നമ്പർ സർക്കാർ ഉത്തരവിനോടൊപ്പം കൊടുത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ മാത്രമാണ് ടെൻഡർ/ ക്വട്ടേഷൻ നടപടികളില്ലാതെ SIDCO യിൽ നിന്നും വാങ്ങാൻ അനുവദനീയമായിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസർ വാങ്ങിയ ഉപകരണങ്ങൾ ഒന്നും തന്നെ പട്ടികയിൽ ഉൾപ്പെട്ടവയല്ല.

നേരിട്ട് വാങ്ങുന്നതിന് അനുവദനീയമല്ലാത്ത സാധനങ്ങൾ SIDCO യിൽ നിന്നും ടെൻഡർ/ക്വട്ടേഷൻ ലഭ്യമാക്കാതെ വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് .

## 1-39 സേവന പുസ്തക പരിശോധന

2022-23 വർഷത്തെ ഫറോക്ക് മുൻസിപ്പാലിറ്റിയുടെ ഓഡിറ്റിന്റെ ഭാഗമായി ജീവനക്കാരുടെ സേവനപുസ്തകം പരിശോധിക്കുകയുണ്ടായി. ജീവനക്കാരുടെ സേവന പുസ്തകത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1.സീന കെ**,സീനിയർ ക്ലർക്ക് :- 29.9.14 സേവനത്തിൽ പ്രവേശിച്ച് 1.9.15 ന് ആദ്യത്തെ ഇൻക്രിമെന്റ് നൽകിയിട്ടുണ്ടെങ്കിലും തുടർന്ന് 3. 10.16 ന് പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനുശേഷം നൽകേണ്ടിയിരുന്ന രണ്ടാമത്തെയും 1.9.17 ന് അനുവദിക്കേണ്ട തുടർ വാർഷിക ഇൻക്രിമെന്റും നൽകിയതായി കാണുന്നില്ല.

2. **ശ്രീമതി സഷിത എൻ** :കമ്മ്യൂണിറ്റി ഓർഗനൈസറായി 20.1.16 ന് സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് 28. 3.20ന് JHI ഗ്രേഡ്- II ആയി പുതിയ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ടിയാരിയുടെ സേവനപുസ്തകം പരിശോധിച്ചതിൽ 1.7.19 പ്രാബല്യത്തിൽ കമ്മ്യൂണിറ്റി ഓർഗനൈസർ തസ്തികയിൽ ശമ്പള പരിഷ്കരണ പ്രകാരമുള്ള, ശമ്പളം നിർണ്ണയിക്കാതെ 28.3.20 ന് ജെ എച്ച് ഐ തസ്തികയിൽ 2019 ശമ്പള പരിഷ്കരണ പ്രകാരമുള്ള പുതിയ സ്കെയിലിലേക്ക് മാറ്റുക മാത്രമാണ് ചെയ്തു കാണുന്നത്.

3.**ശ്രീ ഗണേഷ് പി, ഡ്രൈവർ:**- 2014 ശമ്പള പരിഷ്കരണത്തിനു ശേഷം ടിയാന് ഇൻക്രിമെന്റ് തീയതിയിൽ കൃത്യമായി ഇൻക്രിമെന്റ് നൽകിയതായി കാണുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-40 സ്ഥിര നിക്ഷേപത്തിന് ലഭിച്ച പലിശ മുഴുവനായും അക്കൗണ്ട് ചെയ്തിട്ടില്ല**

ഫറോക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഫറോക്ക് ടൗൺ ബ്രാഞ്ചിൽ, നിക്ഷേപ സർട്ടിഫിക്കറ്റ് നം.47622 പ്രകാരം 21.01.2022 തിയ്യതിയിൽ പുനർ നിക്ഷേപിച്ച (2021-22 വാർഷിക കണക്ക് ബി-12 ഷെഡ്യൂൾ) 1,51,05,860/- രൂപയുടെ സ്ഥിരനിക്ഷേപത്തിന് ബാങ്ക് 7.25% പലിശ വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ നിക്ഷേപ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതും, യഥാർത്ഥത്തിൽ ലഭിക്കേണ്ടതുമായ പലിശയേക്കാൾ കുറഞ്ഞ തുകയാണ് 21.01.2023 ൽ പ്രസ്തുത നിക്ഷേപം പുതുക്കുമ്പോൾ നഗരസഭ നിക്ഷേപതുകയോടൊപ്പം ചേർത്ത് പുതുക്കിയിട്ടുള്ളത്. പലിശയിനത്തിൽ ബാങ്ക് വാഗ്ദാനം ചെയ്തതിനേക്കാൾ കുറഞ്ഞ തുക ലഭിക്കുകയോ, പലിശ ഇനത്തിൽ മുഴുവൻ തുകയും ലഭിച്ചിട്ടും ആയത് മുഴുവനായും അക്കൗണ്ട് ചെയ്യപ്പെടാതിരിക്കുകയോ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | |
|---|---|
| പുനർ നിക്ഷേപ തിയ്യതി | 21.01.2022 |
| നിക്ഷേപ തുക (2021-22 ബി-12) | 1,51,05,860/- രൂപ |
| പലിശ നിരക്ക് (%) | 7.25% |
| പുതുക്കിയ തിയ്യതി | 21.01.2023 |
| ലഭിക്കേണ്ട പലിശ | 10,95,175/- രൂപ |
| ലഭിച്ച പലിശ/അക്കൗണ്ട് ചെയ്ത തുക (സ്ഥിര നിക്ഷേപത്തോടൊപ്പം ചേർത്ത് പുതുക്കിയ തുക) | 2,12,534/-രൂപ |
| പലിശ ഇനത്തിൽ കുറവ്/ അക്കൗണ്ട് ചെയ്യാത്ത തുക | 8,82,641/- രൂപ |
| 2022-23വർഷാവസാന സ്ഥിര നിക്ഷേപ തുക (2022-23ബി-12) | 1,53,18,394/- രൂപ്പ തുക (15105860+212534) |
| യഥാർത്ഥ പലിശ ഉൾപ്പെടെ പുനർ നിക്ഷേപിക്ഷിച്ചിരുന്നെങ്കിലുള്ള നിക്ഷേപ തുക | 1,62,01,035/- രൂപ |

നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം ലഭിക്കേണ്ട പലിശയായ 10,95,175/- രൂപയിൽ 2,12,534/-രൂപ സ്ഥിരനിക്ഷേപത്തിനോടൊപ്പം ചേർത്ത് 21.01.2023 ൽ പുതുക്കിയിട്ടുണ്ട്. എന്നാൽ ബാങ്ക് പലിശയിനത്തിൽ നഗരസഭയ്ക്ക് കിട്ടേണ്ടിയിരുന്ന ബാക്കി തുക (8,82,641/- രൂപ) നഗരസഭാ

ഫണ്ടിൽ അക്കൗണ്ട് ചെയ്യപ്പെട്ടതായി കാണുന്നില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. പലിശയിനത്തിൽ ലഭിക്കേണ്ട തുകകൾ നഗരസഭാ ഫണ്ടിൽ അക്കൗണ്ട് ചെയ്ത് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-41 ഫെസ്റ്റിവൽ അഡ്വാൻസായി നൽകിയ തുക നിലവിലും തിരികെ ഈടാക്കിയിട്ടില്ല

ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുൻവർഷങ്ങളിൽ നല്കിയതും, 2021-22 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം തിരികെ ഈടാക്കാനുള്ളതുമായ 9000/- രൂപ 2022-23 വർഷത്തിലും ഈടാക്കാതെ സാമ്പത്തിക വർഷാവസാനം തിരികെ ഈടാക്കാനുള്ള തുകകളിൽ (ബി-18) ഉൾപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടി വിവരങ്ങൾ അറിയിക്കാനും, തുക തിരികെ ഈടാക്കാത്തതിനുള്ള കാരണം വിശദീകരിക്കാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 26/22-23) മറുപടി ലഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കി നഗരസഭാ ഫണ്ടിൽ അടച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-42 ചെലവ് തുക സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ 91/2023 വിവാഹ ധനസഹായം-എസ്.സി, എന്ന പദ്ധതിക്കായി ബിൽ നമ്പർ.180/8.2.23 പ്രകാരം 75000/- രൂപയും ബിൽ നമ്പർ. 449/29.3.23 പ്രകാരം 275000/- രൂപയും ഉൾപ്പെടെ ആകെ 350000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ഈ പദ്ധതിക്കായി ആകെ ചെലവഴിച്ച തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 275000/- രൂപ മാത്രമാണ്. 75000/- രൂപയുടെ ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താത്തതിനുള്ള കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.27) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ബിൽ പ്രകാരം തൻവർഷം തുക ചെലവഴിച്ചിട്ടില്ലെങ്കിൽ ആ വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് അറിയിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്

### 1-43 പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്-സാമ്പത്തിക മിതവ്യയം ഉറപ്പാക്കുന്നില്ല, അനാവശ്യയിനങ്ങൾ ഉൾപ്പെടുത്തുന്നു

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ പല എസ്റ്റിമേറ്റുകളിലും അനാവശ്യ ഇനങ്ങൾ ഉൾപ്പെടുത്തുന്നതായും, ഉയർന്ന നിരക്കിലുള്ള ഇനങ്ങൾ/തെറ്റായ ഇനങ്ങൾ ഉപയോഗപ്പെടുത്തുന്നതായും, ചില പ്രവൃത്തികളുടെ ഇനങ്ങളിൽ ഒരേ വിധം പ്രവൃത്തികളുടെ ഇരട്ടിപ്പ് ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം താഴെ ചേർക്കുന്നു.

<u>അനാവശ്യയിനം എസ്റ്റിമേറ്റിൽ</u>

പ്രോ.നം.57/23 പൊതുകിണറുകളുടെ അറ്റകുറ്റ പണികൾ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഭാഗം 1 ൽ ഇനം 16, ഭാഗം 2 ൽ ഇനം 8, ഭാഗം 4 ൽ ഇനം 4 എന്നിവയായി ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 13.50.3 ആണ്. സ്റ്റീൽ പ്രവൃത്തികളിൽ റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ അടിക്കുന്നതിനുള്ള ഇനമാണിത്. കിണറുകൾക്ക് സ്ഥാപിച്ച ഗ്രില്ലിനും, വെള്ളം കോരുന്ന കപ്പി ഘടിപ്പിക്കുന്നതിനുള്ള സ്റ്റീൽ പൈപ്പിനും പ്രൈമർ നൽകുന്നതിനാണ് ഈയിനം ഉൾപ്പെടുത്തിയതും, തുക നൽകിയതും. ഗ്രില്ല് സ്ഥാപിക്കുന്നതിനും സ്റ്റീൽ പൈപ്പ് സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ 50.10.2, 9.48.2 എന്നിവയാണ്. ഈയിനങ്ങളുടെ വിവരണം പരിശോധിച്ചാൽ സ്റ്റീൽ ഇനങ്ങൾ പ്രൈമർ അടിക്കുന്നതുൾപ്പെടെയുള്ള നിരക്കാണ് ഇവയുടേതെന്ന് കാണാം. പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് പ്രസ്തുതയിനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നിരിക്കെ പ്രത്യേകം ഇനം ഇതിനായി ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

ഉള്ളാട്ടിൽ മൂന്നിലാംപാടം റോഡ് ഫുട്പാത്ത് എന്ന പ്രോജക്ടിൽ ഫുട്ട്പാത്ത് 2ന്റെ നിർമ്മാണത്തിനായി Ordinary Rock എസ്കവേറ്റ് ചെയ്ത് ക്വാറിമക്ക് ഫിൽ ചെയ്ത്, കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. ഉറപ്പുള്ള ഓർഡിനറി റോക്ക് അടിത്തറയായി ഉണ്ടായിരിക്കെ അതിനു മുകളിൽ ക്വാറിമക്ക് നൽകി കോൺക്രീറ്റ് ചെയ്തതിന്റെ ഔചിത്യം വ്യക്തമല്ല.

ഉയർന്ന നിരക്കിലുള്ള ഇനം ഉൾപ്പെടുത്തുന്നു

നഗരസഭയിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ ഡ്രൈനേജ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ തെറ്റായ ഇനങ്ങൾ/നിരക്കുകൂടിയ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതായി കണ്ടു. ഉദാഹരണമായി, പ്രോ.നം.56/23, 71/23എന്നിവയിൽ ഡ്രൈനേജിനായി കുഴിയെടുക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഇനം 11.1.1.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ആഴം കൂടിയ മണ്ണെടുക്കലുകളിൽ ആവശ്യമായി വരുന്ന ഷോറിംഗ്, ബ്രേസിംഗ് തുടങ്ങിയവയും, കുഴിയിൽ മണ്ണ് തിരിച്ചിട്ടു മൂടുന്നതിനും ഉള്ള നിരക്കുകൾ ഉൾപ്പെട്ടതാണിതെന്ന് കാണാം. ഡ്രൈനേജിനായുള്ള ആഴം കുറഞ്ഞ കുഴിയെടുക്കലുകളിൽ ഈയിനം ഉപയോഗപ്പെടുത്തുന്നത് വൻതോതിലുള്ള അധിക ചെലവിന് കാരണമാകുന്നു.

മേൽ പ്രവൃത്തികളിൽ ഡ്രൈനിനു മുകളിൽ സ്ലാബിടുന്നതിന് ഉപയോഗപ്പെടുത്തിയിരിക്കുന്നത് സൂപ്പർ സ്ടക്ച്ചറുടെ നിർമ്മാണത്തിനുള്ള കോൺക്രീറ്റ് ഇനങ്ങൾ 13.1.1.1, 13.1.2എന്നിവയാണ്. സബ് സ്ടക്ച്ചറുകളായി കണക്കാക്കേണ്ട മേൽ നിർമ്മിതികളിൽ സൂപ്പർ സ്ടക്ച്ചർ ഇനങ്ങൾ ഉൾപ്പെടുത്തിയത് വിശദീകരിക്കേണ്ടതാണ്. തൻവർഷം നഗരസഭയിൽ നിർവ്വഹണം നടത്തിയ സമാനമായ പല പ്രവൃത്തികളിലും സബ്സ്ട്രച്ചറിനുള്ള ഇനമാണ്(12.5.4) ഉപയോഗിച്ചിട്ടുള്ളതെന്നത് ശ്രദ്ധേയമാണ്.

തെറ്റായ ഇനം ഉൾപ്പെടുത്തുന്നു/ആവശ്യകത ഉറപ്പാക്കാതെ നിരക്ക് ഉൾപ്പെടുത്തുന്നു

വിവിധ ഡ്രൈൻ/റോഡ് നിർമ്മാണങ്ങളിലെ കോൺക്രീറ്റ് പ്രവൃത്തികൾക്ക് ഉൾപ്പെടുത്തുന്ന ഇനങ്ങളിൽ ഫോം വർക്ക് ആവശ്യമില്ലാത്തിടത്തും, ഫോംവർക്കിന്റെ നിരക്കു കൂടി ഉൾപ്പെട്ട ഇനങ്ങൾ ഉൾപ്പെടുത്തുന്നു. ഉദാഹരണമായി, ഡ്രൈനിനായി കുഴിയെടുത്ത അതേ വീതിയിലും, നീളത്തിലും ബെഡ് കോൺക്രീറ്റ് നൽകുമ്പോഴും 4% ഫോം വർക്കിന്റെ നിരക്കുൾപ്പെടുന്ന ഇനം 11.4.1.1 ആണ് എസ്റ്റിമേറ്റുകളിലുള്ളത്. കൂടാതെ റോഡ് കോൺക്രീറ്റിനുപയോഗപ്പെടുത്തുന്ന 75.8.1 എന്നയിനത്തിലും ഈ വിധം ഫോം വർക്കിനുള്ള നിരക്ക് ഉൾപ്പെടുന്നുണ്ട്.

ഒരേ തരം പ്രവൃത്തികൾക്ക് വ്യത്യസ്ത ഇനങ്ങൾ ഉൾപ്പെടുത്തുന്നു/ഒരേ എസ്റ്റിമേറ്റിൽ തന്നെ ഒരേ പ്രവൃത്തിയ്ക്ക് വ്യത്യസ്ത നിരക്കിലുള്ള ഇനം നൽകുന്നു

വിവിധ റോഡ്/ഫുട്ട്പാത്ത് നിർമ്മാണങ്ങളിൽ ഇന്റർലോക്ക് പതിക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ളത് ഒബ്സേർവ്ഡ് ഡാറ്റകളാണ്. വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ഓരോ പ്രവൃത്തിയ്ക്കും ആധാരമാക്കിയ ഡാറ്റകളും, നിരക്കുകളും വ്യത്യസ്തമാണെന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര്/പ്രോ.നം. | എസ്റ്റിമേറ്റ് നമ്പർ/ OD നമ്പർ | നിരക്ക് |
|---|---|---|
| പുറക്കാട്ട് ഇടവഴി നവീകരണം, 213/23 | LSGD/CELSGD/ EST/64814/2022 OD245261/2022-2023 | 1007.95/sqm |
| ഉള്ളാട്ടിൽ മൂന്നിലാംപാടം റോഡ് ഫുട്ട്പാത്ത്, 151/23 | LSGD/CELSGD/ EST/62765/2022 | 1054.45/sqm |

| | | |
|---|---|---|
| | OD221977/2022-2023 | |
| വലിയപറമ്പ് റോഡ് ഇന്റർലോക്ക് 2nd റീച്ച്, 353/23 | LSGD/CELSGD/ EST/6573/2023 OD373291/2022-2023 | 969.46/SQM |

മുകളിൽ വിവരിച്ച രീതിയിൽ ഒരേയിനം പ്രവൃത്തിയ്ക്ക് വ്യത്യസ്ത ഡാറ്റയും, നിരക്കും അവലംബിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. മറ്റൊരു പദ്ധതിയായ പൊതു കിണറുകളുടെ അറ്റകുറ്റപണികൾ എന്ന പദ്ധതിയിൽ 60mm ഇന്റർലോക്ക് നൽകുന്നതിന് എസ്റ്റിമേറ്റിന്റെ ഒരു ഭാഗത്ത് DAR ലെ ഇനം 16.68 ഉം(നിരക്ക് 1017.97/- രൂപ) മറ്റൊരിടത്ത് 997.98/-രൂപ നിരക്കിലുള്ള OD യുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

മുകളിൽ വിവരിച്ച രീതിയിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലെ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. തെറ്റായ/അനാവശ്യമായ നിരക്കു കൂടിയ ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതു മൂലം ഓരോ വർഷവും വൻതുക നഗരസഭയ്ക്ക് അധിക ചെലവുണ്ടാകുന്നത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

**1-44 കൈതോലിതോട് - എസ്റ്റിമേറ്റിൽ അമിത നിരക്ക്**

ഓഡിറ്റ് വർഷം 7,25,000/-രൂപ അടങ്കലിൽ പുതുതായി തയ്യാറാക്കിയ പ്രോജക്ട് നമ്പർ 258/23, കൈതോലിത്തോട് എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ തെറ്റായി Mord അടിസ്ഥാനപ്പെടുത്തിയതായും, കരിങ്കൽ കെട്ടിനായി അമിത നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതായും ശ്രദ്ധയിൽപ്പെട്ടു. എസ്റ്റിമേറ്റ് നമ്പർ 65425/2022 ൽ ഇനം മൂന്നായി ഉൾപ്പെടുത്തിയത് പ്രൈസിലെ ഒബ്സേർവ്ഡ് ഡാറ്റ 75.7.1 ആണ്. ഒരു ക്യൂബിക് മീറ്റർ അളവിന് 5951.13/-രൂപ നിരക്കുള്ള ഈയിനത്തിൽ കരിങ്കല്ലിന്റെ നിരക്ക് 1 $M^3$ 1222.08 രൂപയാണ്. Random Rubble Mesonry നടത്തുന്നതിനുള്ള Through Bond Stone വിലയും ഈയിനത്തിൽ ഉൾപ്പെടുന്നുണ്ട്. ഓഡിറ്റ് വർഷം ഈ പദ്ധതിയിൽ ചെലവില്ല. തൻവർഷം നടപ്പാക്കിയ സീക്കോസ് മുട്ടിയറ കനാലിന്റെ നവീകരണത്തിന് ഇതേയിനത്തിന് 3660/- രൂപ നിരക്ക് വരുന്ന ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് പി.എ.സി. 614211.79/- രൂപയുള്ള കൈതോലിത്തോടിന്റെ എസ്റ്റിമേറ്റിലെ 5,58,751.6/-രൂപയും കരിങ്കൽ കെട്ടിനാണെന്നുള്ളത് ഈ പദ്ധതിയിൽ വരാവുന്ന അധിക ചെലവിന്റെ വ്യാപ്തി വ്യക്തമാക്കുന്നു.

ഈ രീതിയിൽ അമിത നിരക്കിലുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ പദ്ധതിയിൽ ഈ നിരക്കിൽ കരിങ്കൽകെട്ടിന്റെ ആവശ്യകത പുന:പരിശോധിക്കേണ്ടതും, നടപടി വിവരം അറിയിക്കേണ്ടതുമാണ്.

**1-45 എം.ആർ.എഫ്. നിർമ്മാണം - പദ്ധതി അപൂർണ്ണമായി പൂർത്തീകരിച്ച് ഉപേക്ഷിച്ചു**

2021-22വർഷത്തിൽ പ്രോജക്ട് നമ്പർ 271/22 ആയി രൂപീകരിച്ച പദ്ധതിയാണിത്. 26,14,590/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്, 21,94,500/-രൂപ കേന്ദ്രാവിഷ്കൃത വിഹിതം, 14,60,910/-രൂപ സംസ്ഥാനാവിഷ്കൃത വിഹിതം എന്നിവയുൾപ്പെടെ ആകെ 62,70,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ ഈ പദ്ധതിയുടെ പ്രോജക്ട് രൂപീകരണ ഫോറം 2പ്രകാരം പൊതുമാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് സ്ഥാപിക്കലാണ് പദ്ധതിയുടെ ഭൗതികലക്ഷ്യമായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഇതിനായി വാങ്ങൽ നടപടി സ്വീകരിക്കുന്നതായോ, ആസ്തി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെക്കുറിച്ചോ, അധിക വിവരങ്ങളോ ഫോറത്തിൽ പ്രതിപാദിച്ചിട്ടില്ല. സാങ്കേതികാനുമതി പ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി(TS No.47362/2021-2022, Dt.21.10.2021). ടെണ്ടർ നടത്തി കുറവ് നിരക്ക്

54,86,665.18/-രൂപ ക്വാട്ട് ചെയ്ത പി.മുസ്തഫ എന്ന കരാറുകാരന് പ്രവൃത്തി ഏൽപ്പിക്കുകയും, 16.12.21ന് AE/FM/53/21-22നമ്പർ കരാർ ചമക്കുകയും ചെയ്തു. പ്രസ്തുത വർഷം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പദ്ധതി സ്പിൽഓവർ ആയി 2022-23വർഷത്തിൽ ഉൾപ്പെടുത്തി.

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ 2.5 X0.8M വലുപ്പത്തിലുള്ള കോൺക്രീറ്റ് ബേസ്മെന്റുകളോട് കൂടിയType IIഎം.ആർ.എഫ്.കൾ സ്ഥാപിക്കുന്നതിനുള്ള ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 31.1.22ലെ കൗൺസിൽ തീരുമാനം 13പ്രകാരം നഗരസഭയിലെ 38ഡിവിഷനുകളിലും മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ബേസ്മെന്റ് പ്രവൃത്തികളിൽ മാറ്റം വരുത്തി കൂടിന്റെ വലുപ്പം വർദ്ധിപ്പിക്കുന്ന രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനും, പഴയ എസ്റ്റിമേറ്റ് പ്രകാരം തയ്യാറാക്കിയ എം.ആർ.എഫുകൾ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനും തീരുമാനമെടുത്തു.

പദ്ധതി ഫയൽ പരിശോധിച്ചതിൽ നാളിതുവരെ ആകെ 6,65,181/-രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. നഗരസഭയുടെ വിവിധയിടങ്ങളിൽ 16 ഇരുമ്പുകൂടുകൾ സ്ഥാപിക്കുക മാത്രമാണ് പദ്ധതിയിൽ നടന്നത്. പാർട്ട് ബില്ലായിട്ടാണ് മേൽ തുക കരാറുകാരന് അനുവദിച്ചതെങ്കിലും 2023-24വർഷത്തിൽ ഈ പദ്ധതി തുടരുന്നില്ലെന്ന് തൻവർഷ സുലേഖ ചെലവു പത്രിക പരിശോധിച്ചതിൽ വ്യക്തമാകുന്നു.

പ്രോജക്ടിൽ വിഭാവനം ചെയ്ത പൊതുമാലിന്യ സംസ്കരണത്തിനുള്ള പ്ലാന്റ് എന്നതിൽ നിന്നും വ്യത്യസ്തമായി എസ്റ്റിമേറ്റ് തയ്യാറാക്കി മിനി എം.സി.എഫ്. മാതൃകയിൽ ഇരുമ്പുകൂടുകൾ മാത്രം സ്ഥാപിക്കുന്നതിലേയ്ക്ക് പദ്ധതി ചുരുങ്ങിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതും, ഖരമാലിന്യ ശേഖരണവും, കയ്യൊഴിയലുമെന്ന നഗരസഭയുടെ അനിവാര്യ ചുമതല നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-46 സീക്കോസ് മുട്ടിയറ കനാൽ - ഒരേ എസ്റ്റിമേറ്റിൽ രണ്ടുവിധം സ്റ്റാൻഡേർഡ് അവംലംബിച്ചു

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ എസ്റ്റിമേറ്റിന്റെ ഒരു ഭാഗം നിർമ്മാണം DSR അടിസ്ഥാനമാക്കിയും, ബാക്കി ഭാഗം MORD അടിസ്ഥാനപ്പെടുത്തിയും തയ്യാറാക്കിയതായി കാണുന്നു. കനാലിന്റെ സൈഡ് കരിങ്കൽ ഭിത്തി കെട്ടി മുകളിൽ കോൺക്രീറ്റ് നൽകുന്നതിനായി മൂന്നിനങ്ങൾ Mord അടിസ്ഥാനപ്പെടുത്തിയും(3.5.1, OD For DR, 12.5.1.1), റിംഗ് ബണ്ട് നിർമ്മാണത്തിനും വെള്ളം വറ്റിക്കുന്നതിനുമായി DSR അടിസ്ഥാനപ്പെടുത്തിയുള്ള 60.1.1, 60.2.3 എന്നീയിനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു എസ്റ്റിമേറ്റിൽ മേൽ വിധം രണ്ടു സ്റ്റാൻഡേർഡ്സ് അടിസ്ഥാനപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. കൂടാതെ തോടിന്റെ/ കനാലിന്റെ നവീകരണത്തിന് Mord അടിസ്ഥാനപ്പെടുത്താനുണ്ടായ കാരണം വിശദീകരിക്കേണ്ടതാണ്. MORD അടിസ്ഥാനപ്പെടുത്തിയതിനാൽ പ്രസ്തുത ഇനങ്ങൾക്ക് കരാറുകാരന് CPOH ഇനത്തിൽ 5% അധികം തുക നൽകേണ്ടി വന്നിട്ടുണ്ട്.

തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ 85% തുകയും വേണ്ടിവരുന്നത് കരിങ്കൽ കെട്ടിനാണ്. DRനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ OD1642751/2021-2022 പരിശോധിച്ചതിൽ DSRലെ ഒബ്സേർവ്ഡ് ഡാറ്റ 60.7.1 ന്റെ നിരക്കിനോട് കൂടി 10% OH ഉം 10% CP യും ഉൾപ്പെടുത്തി തയ്യാറാക്കിയതാണിതെന്ന് വ്യക്തമാകുന്നു. DSR ലെ ഡാറ്റയ്ക്ക് 1 Cum ന് 3513.33/-രൂപ നിരക്കുള്ളപ്പോൾ, Mord അടിസ്ഥാനപ്പെടുത്തിയപ്പോൾ 1 Cum ന് 3660.07/-രൂപ നിരക്ക് നൽകേണ്ടി വരുന്നു. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഈയിനത്തിനു മാത്രം ഇപ്രകാരം 68,792.12/-രൂപ അധികം കണ്ടെത്തേണ്ടി വന്നിട്ടുണ്ട്.

ഒരു എസ്റ്റിമേറ്റിൽ മേൽ വിധം രണ്ടു സ്റ്റാൻഡേർഡ്സ് അടിസ്ഥാനപ്പെടുത്താനുണ്ടായ സാഹചര്യവും, കനാലിന്റെ പ്രവൃത്തിയ്ക്ക് Mordഅടിസ്ഥാനപ്പെടുത്താനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ സാഹചര്യം വിശദീകരിക്കേണ്ടതും, കനാൽ നവീകരണ പ്രവൃത്തികൾക്ക് മോർഡ് അടിസ്ഥാനപ്പെടുത്താൻ

ഏതെങ്കിലും സാങ്കേതികമേൽനോട്ട വിഭാഗത്തിൽ നിന്നും നിർദ്ദേശമുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

**1-47 ടേക്ക് എ ബ്രേക്ക് - നിലവിലും പ്രവർത്തനക്ഷമമാക്കിയില്ല**

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

ഫറോക്ക് നഗരസഭയിൽ ഇതിനടിസ്ഥാനപ്പെടുത്തി 2020-21വർഷത്തിൽ പ്രോജക്ട് നം.415/21ആയി 12,00,000/-(804000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്, 396000/- കേന്ദ്രാവിഷ്കൃത വിഹിതം)രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കി. നിർമ്മാണത്തിനായി ആദ്യം കണ്ടെത്തിയ സ്ഥലങ്ങളിൽ പ്രദേശവാസികളുടെ എതിർപ്പ് കാരണം പ്രവൃത്തി നടത്താൻ സാധിക്കാതെ വന്നതിനാൽ പദ്ധതി സ്പിൽഓവർ ആയി തുടർവർഷത്തേയ്ക്ക് ഉൾപ്പെടുത്തി. 2021-22 വർഷത്തിൽ ടെണ്ടർ നടത്തി ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ച് തുക ചെലവഴിച്ചത് 2022-23 വർഷത്തിലാണ്.

ബഹു.ജില്ലാ കളക്ടറുടെ 9.9.21തിയ്യതിയിലെ ഡി.സി.കെ.കെ.ഡി/6890/ 2021/എൽ1 നമ്പർ ഉത്തരവ് പ്രകാരം ഫറോക്ക് വില്ലേജിലെ നല്ലൂർ ദേശത്ത് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള റീസർവ്വേ നമ്പർ 194/2-ബി ലുള്ള മൂന്ന സെന്റ് സ്ഥലം ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി നഗരസഭയ്ക്ക് താല്ക്കാലിക ഉപയോഗാനുമതി ലഭിച്ചു. ഈ സ്ഥലത്താണ് നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. നിർമ്മാണസ്ഥലം പ്രധാന റോഡരുകിലാണെങ്കിലും പൊതുജന ശ്രദ്ധ ലഭിക്കുന്ന ശരിയായ സ്ഥലമല്ല. സ്ഥലത്തിനടുത്തായി ഒരു പൊതുവിദ്യാലയമുണ്ട്. ഭൂമി താൽക്കാലികമായി അനുവദിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം മേൽ ഭൂമി ലീസിന്/ഭൂമി വിലയ്ക്കു വാങ്ങൽ പദ്ധതികൾ പ്രകാരം ആറു മാസത്തിനകം ക്രമവത്കരിക്കേണ്ടതാണെന്ന് ജില്ലാ കളക്ടറുടെ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയതിനു തുടർപ്രവർത്തനങ്ങൾ നടത്തിയതായി വിവരമില്ല.

മേൽ പദ്ധതിയ്ക്കു പുറമേ പ്രോജക്ട് നമ്പർ 241/23ആയി ടേക്ക് എ ബ്രേക്ക് പൂർത്തീകരണമെന്ന പേരിൽ 2,00,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി മറ്റൊരു പദ്ധതി കൂടി രൂപീകരിക്കുകയും, 2023-24 വർഷത്തിൽ ആയത് നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണവും, അനുബന്ധ പ്ലംബിംഗ്, സീവേജ് പ്രവൃത്തികളും പൂർത്തീകരിച്ചെങ്കിലും നിലവിലും വൈദ്യുതീകരണ പ്രവൃത്തികളും, വൈദ്യുതീകരണവും നടത്താത്തതിനാൽ പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തിട്ടില്ല. ഓഡിറ്റ് സമയം തൻവർഷത്തെ അംഗീകരിച്ച പദ്ധതികളുടെ വിവരങ്ങൾ പരിശോധിച്ചതിൽ വൈദ്യുതീകരണത്തിനായി പദ്ധതികളൊന്നും രൂപീകരിച്ചതായി കാണുന്നില്ല.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഏകദേശം രണ്ടു വർഷമായിട്ടും നിലവിലും കെട്ടിടം പൊതുജനങ്ങൾക്ക് ഉപയോഗക്ഷമമാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ സാഹചര്യവും, വൈദ്യുതീകരണ പ്രവൃത്തികൾക്കായി നിലവിലും പദ്ധതി രൂപീകരിക്കാത്തതിന്റെ കാരണവും

വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശ പ്രകാരമുള്ള സേവനം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്ന വിധത്തിൽ ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമാക്കാൻ കൗൺസിലിന്റെ അടിയന്തിര ഇടപെടലുകളുണ്ടാകേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി അറിയിക്കേണ്ടതാണ്.

**1-48 തനത് ഫണ്ട് ചെലവ് വൗച്ചറുകൾ- ചെലവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമല്ല.**

തൻവർഷത്തെ തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരം ചെലവ് ചെയ്ത തുകയ്ക്ക് അവയ്ക്ക് നേരെ കാണിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | വൗച്ചർ നം/തീയ്യതി | ചെലവ് തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 22200134/ 20-5-22 | 25182 | Stationery Items ത്രിവേണി സൂപ്പർ മാർക്കറ്റ് ഫറോക്കിൽ നിന്നും വാങ്ങിയത്. | സ്റ്റോക്ക്, വിതരണം എന്നിവ ലഭ്യമല്ല. |
| 2 | 22200209/ 14-6-22 | 152000 | പതിനാലാം പഞ്ചവത്സര പദ്ധതി വാർഡ് സഭ, 38 കൗൺസിലർമാർക്ക് ചെലവായ തുക. | 152000 രൂപയുടെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമല്ല. |
| 3 | 22200206/ 13-6-22 | 11771 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും കമ്പ്യൂട്ടർ രശീതി 10000 എണ്ണം വാങ്ങിയത് | സ്റ്റോക്ക്, വിതരണം എന്നിവ ലഭ്യമല്ല. |
| 4 | 22200200/ 13-6-22 | 20758 | ത്രിവേണി സൂപ്പർ മാർക്കറ്റ് ഫറോക്കിൽ നിന്നും Stationery Items വാങ്ങിയത് | സ്റ്റോക്ക്, വിതരണം എന്നിവ ലഭ്യമല്ല. |
| 5 | 22200570/ 3-11-22 | 115522 | പ്രിന്റിംഗ്ആന്റ് സ്റ്റേഷണറി | കാഷ് ബിൽ,സ്റ്റോക്ക് എന്നിവ ലഭ്യമല്ല. |
| 6 | 22200725/ 9-1-23 | 40135 | ചന്ത താലൂക്ക് ആശുപത്രിയിൽ അടിയന്തിരമായി കുടിവെള്ള പൈപ്പ് | പ്രവൃത്തിയുമായി ബന്ധപ്പെട്ട ചെലവിന്റെ ബില്ലുകൾ, |

| | | | | |
|---|---|---|---|---|
| | | | ലൈൻ സ്ഥാപി ച്ചതുമാ യി ബന്ധപ്പെട്ട് ശ്രീ അബ്ദുൾ മൻസൂറിന് നൽകിയ തുക | എസ്റ്റിമേറ്റ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. |
| 7 | 22200863/ 16-2-23 | 47001 | ഗ്രാമലക്ഷ്മി മുദ്രാലയ ത്തിൽ നിന്നും സ്റ്റേഷനറി വാങ്ങിയത് | കാഷ് ബിൽ, സ്റ്റോക്ക് എന്നിവ ലഭ്യമല്ല. |
| | | 412369 | | |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട കൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 412369/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-49 സർക്കാരിന്റെ സംവരണ തത്വം മറികടന്ന് കണ്ടിജന്റ് ജീവനക്കാരെ നിയമിച്ചു**

ഫറോക്ക് നഗരസഭയിലെ സാനിറ്റേഷൻ വർക്കർമാരുടെ 7 ഒഴിവുകൾ നികത്തുന്നതിനായി ഒഴിവുള്ള തസ്തികളിലേക്ക് ലിസ്റ്റ് ആവശ്യപ്പെട്ട പ്രകാരം 1.3.2021 ലെ 20-2021/34 നമ്പർ കത്ത് പ്രകാരം പൊതുവിഭാഗത്തിനും സംവരണ ക്രമത്തിലുമായി ചിട്ടപ്പെടുത്തിയിരിക്കുന്ന ഒഴിവുകളുടെ എണ്ണവും നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണവും താഴെ കൊടുത്ത പ്രകാരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നഗരസഭാ സെക്രട്ടറിക്ക് അയച്ചു കൊടുത്തിരുന്നു

| | സംവരണം ചെയ്യപ്പെട്ട ആകെ ഒഴിവുകൾ | നിർദ്ദേശിക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|
| തുറന്ന മത്സരം ഓപ്പൺ-2, Ews-01 | 3 | 27 |
| ഈഴവൻ, തീയ, ബില്ലവ | 1 | 9 |
| പട്ടികജാതി | 1 | 9 |
| ലാറ്റിൻ കത്തോലിക്കൻ ബാർ ആംഗ്ലോ ഇന്ത്യൻ | 1 | 9 |
| മുകളിൽ ഉൾപ്പെടുത്തിയി ട്ടില്ലാത്ത മറ്റു പിന്നോക്ക വിഭാഗങ്ങൾ | 1 | 9 |
| | 7 | |

തുടർന്ന് 28-1-21, 29-1-21 എന്നീ തീയതികളിൽ നടന്ന ഇന്റർവ്യൂ പ്രകാരം എംപ്ലോയ്മെന്റ് ലിസ്റ്റിൽ നിന്നും 6 ആറുപേരെ താൽക്കാലികമായി നിയമിച്ചു. കൂടാതെ WP(C) NO.14438/21 കേസിന്റെ ഇടക്കാല വിധിപ്രകാരം നിലവിൽ നഗരസഭയിൽ താൽക്കാലികമായി ജോലി ചെയ്തുവരുന്ന ശ്രീ മുഹമ്മദ് അബ്ദു

റഹിമാൻ എന്നയാളെ കൂടി ഇന്റർവ്യൂവിൽ ഉൾപ്പെടുത്തിയിരുന്നു. മേൽ ഇന്റർവ്യൂവിന്റെയടിസ്ഥാനത്തിൽ ശ്രീ ഷിബു വി (Ews),ശ്രീ മുഹമ്മദ് അബ്ദുറഹിമാൻ (ഓപ്പൺ), ശ്രീ ഷൈനീഷ് എം.ടി (Ews), വിനോദ്. സി (എസ്. സി.), ശ്രീ.വിജു.പി(ഒ.ബി.സി), ശ്രീ.ജിതേഷ് .കെ. പി (ഇ ടി ബി), ശ്രീമതി ജിഷി.ഒ.എഫ്.(എൽ.സി) എന്നിങ്ങനെ ആകെ 7 പേരെ 28-10-2021 ലെ 9 നമ്പർ കൗൺസിൽ തീരുമാനപ്രകാരം താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. 20-7-2021 ലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം താത്കാലികമായി കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്ന ഇന്റർവ്യൂവിന് ടിയാനെ കൂടി ഉൾപ്പെടുത്തേണ്ടതാണെന്നും ഇത് താത്കാലികവും റിട്ട് പെറ്റീഷന്റെ തുടർന്നു വരുന്ന ഉത്തരവുകൾക്ക് വിധേയമായിരിക്കുമെന്നുമാണ് നഗരസഭയെ അറിയിച്ചത്. തുടർന്ന് FHI/2024 /2017 തീയതി 29- 12 -2021 കത്ത് പ്രകാരം ഓപ്പൺ കാറ്റഗറിയിൽ നിയമിച്ച ശ്രീ. മുഹമ്മദ് അബ്ദുറഹിമാൻ എന്നയാളുടെ നിയമനം ഒഴികെയുള്ള മറ്റ് 6 പേരുടെ നിയമന വിവരങ്ങൾ എംപ്ലോയ്മെന്റിനെ അറിയിച്ച് സാധൂകരണം ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ലിസ്റ്റ് പ്രകാരം ഓപ്പൺ വിഭാഗത്തിൽ നിന്നും ആരെയും നിയമിച്ചിട്ടില്ല എന്നും Ews വിഭാഗത്തിൽ ഒരു ഒഴിവിലേക്ക് നാമനിർദേശം ചെയ്ത ലിസ്റ്റിൽ നിന്നും രണ്ടുപേരെ നിയമിച്ചിട്ടുമുണ്ട് എന്നും ആയതിനാൽ Ews വിഭാഗത്തിൽ നിയമിച്ച ഒരാളെ പിരിച്ചു വിടാൻ ആവശ്യപ്പെട്ടുകൊണ്ട് 28-1-22, 5-3-22, 22-11-22 എന്നീ തീയതികളിൽ എംപ്ലോയ്മെന്റ് ഓഫീസർ നഗരസഭാ സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 3-2-23 ലെ FG3/FH1/2024/17 നമ്പർ കത്ത് പ്രകാരം ഹൈക്കോടതി ഉത്തരവുപ്രകാരം നിലവിൽ നഗരസഭയിൽ കണ്ടിജന്റ് ജോലിയിൽ ഉള്ള ശ്രീ മുഹമ്മദ് അബ്ദുറഹിമാൻ എന്നയാളെ ഓപ്പൺ വിഭാഗത്തിൽ നിയമിച്ചു എന്നാണ് എംപ്ലോയ്മെന്റ് ഓഫീസറെ അറിയിച്ചിരിക്കുന്നത്. 8/12/22 ലെ ജി.ഒ.(പി).1440/22 എൽ.ബി.ആർ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലേയും പി.എസ്.സി യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് ലിസ്റ്റ് പ്രകാരം നികത്തുമ്പോൾ അന്തിമമായി തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ചുകൊടുത്ത് സ്ഥിരീകരണം വാങ്ങിയ ശേഷം മാത്രമേ നിയമന ഉത്തരവ് പുറപ്പെടുവിക്കാവൂ. എന്നാൽ ഇവിടെ അപ്രകാരം ചെയ്തതായി കാണുന്നില്ല . 19-5-23 ലെ DEE-KZD/59/2022-C2 നമ്പർ കത്ത് പ്രകാരം വിനോദ്. സി (എസ്. സി.),ശ്രീ.വിജു.പി(ഒ.ബി.സി), ശ്രീ.ജിതേഷ് കെ. പി (ഇ ടി ബി),ശ്രീമതി ജിഷി.ഒ.എഫ്.(എൽ.സി). എന്നിങ്ങനെ മാനദണ്ഡങ്ങൾ അനുസരിച്ചും സംവരണതത്വം പാലിച്ചു കൊണ്ടും നിയമിക്കപ്പെട്ട 4 പേരുടെ നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് ഓഫീസർ സ്ഥിരീകരണം നൽകിയിട്ടുള്ളതാണ്. ഫയലിൽ ലഭ്യമാക്കിയ 2-8-23 ലെ WP(C) NO.14438/21 കേസിന്റെ അന്തിമ ഉത്തരവിൽ ഇടക്കാല ഉത്തരവ് പ്രകാരം ടിയാനെ ഇന്റർവ്യൂവിൽ ഉൾപ്പെടുത്തി ഇക്കാര്യത്തിൽ സുപ്രീം കോടതിയുടെ നിലവിലുള്ള ഉത്തരവ് പാലിച്ചിട്ടുണ്ട് എന്ന് കോടതിക്ക് ബോധ്യപ്പെട്ടതായി പറഞ്ഞിട്ടുണ്ട്. ഇന്റർവ്യൂ പ്രകാരമുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും ടിയാനെ നിയമിച്ചിട്ടുണ്ട്. ആയതിനാൽ ഇടക്കാല ഉത്തരവ് തന്നെ സ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നും വിധിയിൽ പറയുന്നു. ഇയാളുടെ കേസിന്റെ അന്തിമ വിധി എംപ്ലോയ്മെന്റ് ഓഫീസറെ അറിയിച്ചിരുന്നില്ല. 17-1-23 ലെ 6/1 കൗൺസിൽ തീരുമാന പ്രകാരം നിലവിലുള്ള Ews വിഭാഗത്തിൽ നിയമിച്ച 2 പേരെ നിലനിർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 9-8-23 ലെ 5/1 കൗൺസിൽ തീരുമാന പ്രകാരം താത്കാലികമായി നിയമിച്ച 7 പേർക്ക് സ്ഥിരനിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 13-12-23 ലെ DEE-KZD/59/2022-C2 നമ്പർ കത്ത് പ്രകാരം ശ്രീ മുഹമ്മദ് അബ്ദുറഹിമാൻ എന്നയാളെ ഓപ്പൺ വിഭാഗത്തിൽ നിയമിച്ച കാര്യത്തിൽ ബഹു ഹൈക്കോടതിയുടെ അന്തിമവിധിക്ക് വിധേയമായി നിയമനം നൽകേണ്ടതും അക്കാര്യം എംപ്ളോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ലിസ്റ്റ് പ്രകാരം ഓപ്പൺ വിഭാഗത്തിൽ നിന്നും ആരെയും നിയമിച്ചിട്ടില്ല എന്നും Ews വിഭാഗത്തിൽ ഒരു ഒഴിവിലേക്ക് നാമനിർദേശം ചെയ്ത ലിസ്റ്റിൽ നിന്നും രണ്ടുപേരെ നിയമിച്ചിട്ടുമുണ്ട് എന്നും ആയതിനാൽ Ews വിഭാഗത്തിൽ നിയമിച്ച ഒരാളെ പിരിച്ചു വിട്ട് നിയമനം സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമാക്കാനും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ നിയമന വിഷയത്തിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ വ്യക്തമായ ലംഘനം നടന്നിട്ടുണ്ട്.

1.എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും നിയമനത്തിനായുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് അയച്ച

തന്നപ്പോൾ ലിസ്റ്റിന്റെ ആമുഖ കത്തിൽ തന്നെ നിയമനം നടത്തുമ്പോൾ ഉദ്യോഗ ദായകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളും സംവരണ തത്വങ്ങൾ കൃത്യമായി പാലിക്കണമെന്ന നിർദ്ദേശവും ഉണ്ടായിരുന്നിട്ടു കൂടി ആയത് തീർത്തും അവഗണിച്ച് നിയമനം നടത്തി.

2. എംപ്ലോയ്മെന്റ് ലിസ്റ്റ് പ്രകാരം ഓപ്പൺ വിഭാഗത്തിൽ നിന്നും 2 പേരെയും Ews വിഭാഗത്തിൽ ഒരാളെയും നിയമിക്കാനാവശ്യപ്പെട്ടിട്ടും ഓപ്പൺ വിഭാഗത്തിൽ നിന്നും ആരെയും നിയമിച്ചിട്ടില്ല . Ews വിഭാഗത്തിൽ ഒരു ഒഴിവിലേക്ക് നാമനിർദേശം ചെയ്ത ലിസ്റ്റിൽ നിന്നും രണ്ടുപേരെ നിയമിക്കുകയും ചെയ്തു.

3. കൗൺസിൽ സംവരണ തത്വം പാലിക്കാതെ ജീവനക്കാരെ നിയമിക്കാനുള്ള തീരുമാനമെടുക്കുമ്പോൾ ഫയലിൽ ലഭ്യമാക്കിയ കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് പ്രകാരം സെക്രട്ടറി ഇക്കാര്യത്തിൽ കൗൺസിലിന് വ്യക്തമായ നിയമോപദേശം നൽകുകയോ വിയോജന കുറിപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. (പ്രസ്തുത കാലയളവിലെ കൗൺസിൽ മിനുട്സ് വിജിലൻസ് വിംഗിന്റെ കയ്യിലായിരുന്നതിനാൽ പരിശോധിക്കാനായിട്ടില്ല)

4. പി.എസ്.സിയുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ എംപ്ലോയ്മെന്റ് ലിസ്റ്റ് പ്രകാരം നികത്തുമ്പോൾ അന്തിമമായി തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ചുകൊടുത്ത് സ്ഥിരീകരണം വാങ്ങിയ ശേഷം മാത്രമേ നിയമന ഉത്തരവ് പുറപ്പെടുവിക്കാവൂ എന്നിരിക്കെ സംവരണ തത്വം പാലിക്കാതെ നിയമിച്ച 3 പേർക്ക് സ്ഥിര നിയമന ഉത്തരവ് നൽകി.

5. WP(C) NO.14438/21 കേസിന്റെ ഇടക്കാല വിധിപ്രകാരം നിലവിൽ നഗരസഭയിൽ താൽക്കാലികമായി ജോലി ചെയ്തുവരുന്ന എംപ്ലോയ്മെന്റ് ലിസ്റ്റിൽ പെടാത്ത ശ്രീ. മുഹമ്മദ് അബ്ദു റഹിമാൻ എന്നയാളെ കൂടി ഇന്റർവ്യൂവിൽ ഉൾപ്പെടുത്തി ഓപ്പൺ വിഭാഗത്തിൽ ടിയാന് നിയമനം നൽകിയതിന്റെ വിവരം നിയമന വിവരം അറിയിക്കുന്ന സമയത്ത് എംപ്ളോയ്മെന്റ് ഓഫീസറെ അറിയിച്ചില്ല.

6. 2-8-23 ൽ WP(C) NO.14438/21 കേസിന്റെ അന്തിമ വിധി വന്നിട്ടും പ്രസ്തുത വിവരം ഇതുവരെയും എംപ്ലോയ്മെന്റ് ഓഫീസറെ അറിയിച്ചില്ല.

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/22-23 തീയതി : 2.2.2024)മറുപടി നൽകിയിട്ടില്ല. നിയമനവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും - ശ്രീ മുഹമ്മദ് അബ്ദുറഹിമാൻ എന്നയാളെ ഓപ്പൺ വിഭാഗത്തിൽ നിയമിച്ച കാര്യത്തിൽ ബഹു ഹൈക്കോടതിയുടെ അന്തിമ വിധിവന്നത് ഉൾപ്പെടെ- എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതും എംപ്ളോയ്മെന്റ് ഓഫീസറുടെ നിർദ്ദേശ പ്രകാരം ഓപ്പൺ വിഭാഗത്തിലേയും Ews വിഭാഗത്തിലേയും നിയമനങ്ങൾ ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ജീവനക്കാർക്ക് നൽകിയ ശമ്പളം തെറ്റായ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങൾക്കും ഇക്കാര്യത്തിൽ കൃത്യമായ നിയമോപദേശം നൽകാതിരുന്ന സെക്രട്ടറിക്കും തുല്യമായ ഉത്തരവാദിത്വം കണക്കാക്കി അവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്. 2022-23 വർഷം 23700(pay)+1659(DA)+ 1422(HRA)+ 220(Broom Allowance)+ 280(Risk Allowance) എന്നിങ്ങനെ ഒരാൾക്ക് മാസത്തിൽ 27281/- രൂപ അനധികൃതമായി നിയമനം നൽകുക വഴി ശമ്പളമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം തൻവർഷം അനധികൃത നിയമനം ലഭിച്ച 3 പേർക്കായി 27281x3=81843x12 = 982116/- രൂപ ശമ്പളമിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് ഓഫീസറുടെ നിർദ്ദേശ പ്രകാരം നിയമനം ക്രമീകരിച്ച് അറിയിക്കുന്നതുവരെ 982116/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-50 പദ്ധതി നടത്തിപ്പിനായി മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല**

സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. താഴെ

കാണിച്ച പ്രകാരമുള്ള മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | ബിൽ | ലഭ്യമാകാത്ത മരുന്നുകൾ | റിമാർക്സ് |
|---|---|---|---|
| 10/23 മരുന്ന് വാങ്ങൽ | 186/3.2.23 | 27311 | കെഎംഎസ് സി എല്ലി ന് മരുന്ന കൾ ലഭ്യമാക്കു ന്നതിന് അഡ്വാ ൻസ് ആയി നൽകുന്ന തുകയ്ക്ക് സമയ ബന്ധിത മായി മരുന്ന് ലഭ്യമാക്കാതെ ഘട്ടം ഘട്ടമായാ ണ് മരുന്നുകൾ ലഭ്യമാക്കുന്നത് |
| 134/23 ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം | 161/9.1.23 | 10963 | ടി |
| | 115/21.11.22 | 14230 | ടി |
| | 236/25.2.23 | 81975 | ടി |
| 135/23 ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ | 160/16.1.23 | 2437 | ടി |
| | 215/17.2.23 | 33325 | ടി |
| | ആകെ | 170241 | |

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകാത്തത് സംബന്ധിച്ച് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ഇടപെടലുകൾ നടത്തുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നത് വരെ ചെലവ് തുക 170241/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-51 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം - പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്**

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെൽത്ത് ഓഫീസർ

പദ്ധതി നമ്പർ -20/23

ചെലവ് തുക - 763000 (വികസന ഫണ്ട് ) 52/17.8.22

നഗരസഭയിൽ ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന് 18.11.21 ലെ ജി.ഒ. (ആർടി)2307/2021/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണം താഴെകാണിച്ച പ്രകാരം 763000/- രൂപ പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോണിന് അനുവദിച്ചിട്ടുണ്ട്.

| ഇനം | ചെലവ് തുക |
|---|---|
| സർവ്വീസ് ചാർജ് | 649000 |
| SMS ചാർജ് | 24000 |
| ലാപ്പ്ടോപ്പ് | 40000 |
| QR കോഡ് | 50000 |
| ആകെ | 763000 |

പദ്ധതി നടപ്പിലാക്കി ഈ സംവിധാനം പ്രവർത്തന സജ്ജമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ പദ്ധതിയ്ക്കായി വാങ്ങിയിട്ടുള്ള 50000/- രൂപയുടെ ലാപ്പ്ടോപ്പ് സ്റ്റോക്കിൽ എടുത്തിട്ടില്ല. ഈ ലാപ്ടോപ്പ് ഉപയോഗിച്ച് ഹരിത മിത്രം ആപ്പിലൂടെ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ മോണിട്ടറിംഗ് ചെയ്യുന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. സ്മാർട്ട് ഗാർബേജ് തുടർ പ്രവർത്തനങ്ങൾക്കായി 700000/- രൂപ വകയിരുത്തി 385/23 പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. കൂടാതെ ഹെൽത്ത് ഓഫീസർ നടപ്പിലാക്കുന്ന പദ്ധതി ചെലവ് പ്രൊജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

**1-52 മാലിന്യങ്ങൾ കയറ്റി അയക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പദ്ധതി -19/23

ചെലവ് - 385010/-സ്പിൽ ഓവർ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ബിൽ -103/2.11.22

നഗരസഭയിലെ ലെ മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് 2021-22 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയിലേക്ക് ബാക്കി തുക നൽകുന്നതിന് 2022-23 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതിയാണിത്. 1.1.22 ൽ ക്വനാരി അഡ്വാൻസ്ഡ് പോളിമേർസ് എന്ന സ്ഥാപനത്തിന് കരാർ പ്രകാരം അജൈവ മാലിന്യങ്ങൾ കയറ്റി കൊണ്ടു പോകുന്നതിന് കിലോയ്ക്ക് 6.50 രൂപ വിതം നൽകുന്നതിനാണ് പദ്ധതിയിൽ തുക ചെലവഴിച്ചിട്ടുള്ളത് . പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഹരിതകർമ്മ സേനയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച :- ഹരിതകർമ്മ സേനയ്ക്ക് ബെയിലിംഗ് മെഷീൻ വാങ്ങി നൽകാത്തതിനാൽ ഉപയോഗയോഗ്യമായ അൺ ബെയിൽഡ് അജൈവ മാലിന്യങ്ങൾ ബെയിൽ ചെയ്യാതെ വിൽപ്പന നടത്തുക വഴി ഹരികർമ്മസേനയ്ക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. മുനിസിപ്പാലിറ്റിക്കു കീഴിലുള്ള വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനും അല്ലാത്തവ ബെയ്ൽ ചെയ്ത് വിൽപ്പന നടത്തി വരുമാനം ആർജിക്കുന്നതിനും 2017-18 വർഷത്തിൽ 880000/- രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഏജൻസി പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യന്ത്രം മുനിസിപ്പാലിറ്റിയിൽ സ്ഥാപിച്ചു നൽകിയിട്ടില്ല. മാലിന്യ സംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ

ഒരുക്കാതെയാണ് നിർവ്വഹണ ഏജൻസിയായ ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് ആന്റ് ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറിയത്. നിലവിൽ ഒരു ബെയിലിംഗ് മെഷീൻ എം.സി.എഫിൽ ഇറക്കിയിട്ടിട്ടുണ്ടെന്നും അത് പ്രവർത്തന സജ്ജമല്ലെന്നും ഹരിത കർമ്മസേന അറിയിച്ചു. വർഷങ്ങളായി പദ്ധതികൾ നടപ്പിലാക്കിയിട്ടും മാലിന്യ സംസ്കരണത്തിന് സ്ഥിരമായ ഒരു സംവിധാനം ഒരുക്കാൻ കഴിയാത്തത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയ്ക്കുണ്ടായ വീഴ്ചയാണ്. ഇത് മാലിന്യ സംസ്കരണത്തിന് നഗരസഭയ്ക്ക് വൻ ചെലവ് വരാനിടയാക്കിയിട്ടുണ്ട്.

**2) കയറ്റി അയച്ച മാലിന്യത്തിന്റെ തൂക്കത്തിലെ അപാകതകൾ**

നഗരസഭയിൽ നിന്ന് ശേഖരിച്ചിട്ടുള്ള മാലിന്യങ്ങൾ തൂക്കി അളവെടുത്തതിന്റെ ബിൽ കോനാരി എന്ന സ്ഥാപനം ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. 12.7.22 ലെ B2B/LSGD /21/22-23 നമ്പർ ബിൽ പ്രകാരം 16.2.22, 19.5.22, 25.5.22, 26.5.22, 10.6.22, 15.6.22 തിയ്യതികളിലായി ശേഖരിച്ചിട്ടുള്ള 40440 കിലോ മാലിന്യം കയറ്റി അയച്ചതിന് കിലോയ്ക്ക് 6.50വീതം 262860/- രൂപ അനുവദിക്കാനുള്ളതിൽ 232625/- രൂപ ഈ പദ്ധതിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. . 40440 കിലോ മാലിന്യങ്ങൾ നഗരസഭാ പരിധിയിലെ വെയ്ബ്രിഡ്ജിൻ നിന്ന് തൂക്കം എടുത്തതിന്റെ രേഖയും മാലിന്യങ്ങൾ തൂക്കം എടുക്കുന്നത് നഗരസഭ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലായിരിക്കണം എന്ന് നിബന്ധന പാലിച്ച് നഗരസഭ പരിശോധന നടത്തിയതിന്റെ രേഖയും ഹാജരാക്കിയിട്ടില്ല.

ഹരിത കർമ്മസേന വേർതിരിച്ച ശേഷം ഖരമാലിന്യങ്ങളുടെ തൂക്കം എടുത്ത ശേഷമല്ല കയറ്റി അയക്കുന്നത്. കയറ്റി അയക്കുന്ന മാലിന്യങ്ങളുടെ തൂക്കം ഹരിത കർമ്മസേനയുടെ രേഖകളുമായി പൊരുത്തമുണ്ടായിരിക്കേണ്ടതാണ്.ഹരിത കർമ്മ സേന വേർതിരിച്ച് വിൽപ്പന നടത്തിയ ഉപയോഗ യോഗ്യമായ മാലിന്യങ്ങൾ ഒഴികെയുള്ള റിജക്ടഡ് വെയിസ്റ്റുകൾ തൂക്കമെടുത്ത് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തൂക്കത്തിനുള്ള തുക മാത്രമാണ് ഏജൻസിയ്ക്ക് നൽകേണ്ടത്. കോനാരി സമർപ്പിക്കുന്ന ബിൽ പ്രകാരമുള്ള അളവാണ് ഹരിത കർമ്മസേന രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത് .

3) അജൈവ മലിന്യ സംസ്കരണത്തിന്റെ ചുമതലയുള്ള കോനാരി, ഹരിതകർമ്മസേന വിവിധ വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ അവ ശാസ്ത്രീയമായാണ് കൈയ്യൊഴിഞ്ഞത് എന്നും സംസ്കരിക്കുന്നത് എങ്ങനെയെന്നതിന്റെയും സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. കൂടാതെ ടി സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ പ്രകാരം മാലിന്യങ്ങൾ അംഗീകൃത പുന:ചംക്രമണ കേന്ദ്രത്തിൽ എത്തിച്ചു എന്നതിന് പുന:ചംക്രമണ കേന്ദ്രത്തിലെ അധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

4) അജൈവ മാലിന്യ നിർമ്മാർജനം നഗരസഭയ്ക്ക് വൻ ബാധ്യതയാകുന്നു. ഒരു ചെറിയ കാലയളവിൽ വിവിധ വാർഡുകളിൽ നിന്ന് ഹരിത കർമ്മസേന വഴി ശേഖരിച്ച മാലിന്യം കയറ്റി അയച്ചതിന് കോനാരി സമർപ്പിച്ചിട്ടുള്ള ബില്ലിന്റെ അടിസ്ഥാനത്തിലാണ് 385010/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് **മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്തമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് സേനയെന്നിരിക്കെ** റിജക്ടഡ് മാലിന്യം കൈയ്യൊഴിയുന്നതിന് തുക വിനിയോഗിക്കേണ്ടി വന്നത് ഹരിതകേരള മിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ അംഗീകരിക്കാവുന്നതല്ല. മാലിന്യത്തിൽ നിന്നുള്ള വരവിൽ നിന്നു തന്നെയാണ് റിജക്ടഡ് മാലിന്യം കൈയ്യൊഴിയാനുള്ള ചെലവും വഹിക്കേണ്ടതെന്ന് സർക്കാർ നിർദ്ദേശങ്ങളിൽ നിന്നും വ്യക്തമാണ്. സർക്കാർ നിർദ്ദേശപ്രകാരം വി ജി എഫ്, വളരെ അപകടകരമായ മാലിന്യങ്ങൾ നീക്കുന്നതിനുള്ള ചെലവ്, പ്രതിമാസ ഫീസ് ഹരിത കർമ്മ സേനയ്ക്ക് നല്കാൻ ശേഷിയില്ലാത്ത അതിദരിദ്രർ, അഗതികൾ തുടങ്ങിയവരുടെ വരിസംഖ്യ, വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിലേക്ക് മാറ്റുന്നതിനുള്ള വാഹന ചെലവ്, എന്നീ ഇനങ്ങളിൽ മാത്രമാണ് നഗരസഭയ്ക്ക് ചെലവ് വരേണ്ടത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-53 കാർഷിക തൈ വിതരണ പദ്ധതികൾ - നടത്തിപ്പിലെ അപാകതകൾ**

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ വാങ്ങിയിട്ടുള്ള തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് തുക | ബിൽ നമ്പർ തിയ്യതി | അപാകതകൾ |
|---|---|---|---|
| 174/23കുറ്റി കുരുമുളക് തൈ വിതരണം | 447040 | 300/16.3.23<br>360/28.3.23<br>344/20.3.23<br>419/28.3.23 | പദ്ധതി പ്രകാരം 1270 കുറ്റി കുരുമുളക് തൈകളുടെ വില പെരിന്തൽമണ്ണ അഗ്രോ സർവ്വീസ് സെന്ററിന് അനുവദിച്ചിട്ടുണ്ട്.തൈകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത തിന്റെ രേഖകൾ ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഹാജരാക്കിയില്ല.<br>പദ്ധതി പ്രകാരം 111760/- രൂപ ഗുണഭോക്തൃ വിഹിതം ചെലവായിട്ടുണ്ടെങ്കിലും സുലേഖ ചെലവ് സ്റ്റേറ്റ് മെ ന്റിൽ ചെലവ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| 195/23പച്ചക്കറി തൈ വിതരണം ഗ്രൂപ്പുകൾക്ക് | 451000 | 304,<br>362/16.3.23<br>204,206/12.3.23 | പദ്ധതി പ്രകാരം 164000 പച്ചക്കറി തൈകൾ വാങ്ങിയി ട്ടുണ്ട്. തൈകൾ സ്റ്റോക്കിൽ എടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖ കൾ ഹാജരാക്കിയിട്ടില്ല<br>പദ്ധതി പ്രകാരം 451000/- രൂപ ചെലവായിട്ടുണ്ടെങ്കിലും സുലേഖ ചെലവ് സ്റ്റേറ്റ് മെന്റി ൽ ചെലവ് 450000/- എന്നാ ണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| ആകെ | 898040 | | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് . രേഖകൾ ഹാജരാക്കുന്നത് വരെ 898040/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-54 കൂമ്പ് ചീയൽ ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയ തൈ വെയ്ക്കൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

പദ്ധതി - 176/23

ചെലവ് തുക - 154540(136550-വികസന ഫണ്ട് 4500-തനത് ഫണ്ട്),

ബിൽ നമ്പർ - 284,285/22.3.23,303/16.3.23,361/23.323,

കുമ്പ് ചീയൽ രോഗം മൂലം ഉൽപാദനം ഇല്ലാത്ത തെങ്ങുകൾ വെട്ടി മാറ്റി പുതിയ തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് . പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു .

1)വാർഡ്സഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

പദ്ധതി പ്രകാരം തെങ്ങ് ഒന്നിന് 1000/-രൂപ വീതവും തെങ്ങിൻ തൈയ്യും കൈപ്പറ്റിയിട്ടുള്ള താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച വാർഡ്സഭാ ലിസ്റ്റിലും വാർഡ്സഭാ മിനുട്സിലും ഉൾപ്പെട്ടതായി കാണുന്നില്ല.

| ക്രമനമ്പർ | പേര് | ഡിവിഷൻ | അനുവദിച്ചതുക |
|---|---|---|---|
| 1 | വേലായുധൻ നാഗശ്ശേരി | 25 | 2000 |
| 2 | വേലായുധപെരിക്കത്തറ | 25 | 2000 |
| 7 | കുഞ്ഞി മരക്കാർ | 26 | 2000 |
| 18 | മുഹമ്മദ്കുട്ടി | 15 | 1000 |
| 20 | വിജയൻ | 32 | 1000 |

മേൽ ഗുണഭോക്താക്കളെ അംഗീകരിച്ച ലിസ്റ്റ് ഹാജരാക്കുമെന്ന് ഓഡിറ്റ് വേളയിൽ അറിയിച്ചിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല.

2) ഗുണഭോക്തൃ വിഹിതം പിരിച്ചതിലെ അപാകതകൾ.

ഈ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് 18000/- രൂപയുടെ തെങ്ങിൻ തൈ വാങ്ങിയിട്ടുണ്ട്.(150 X120). ഇതിലേക്കായി 4500/- രൂപ ഗുണഭോക്തൃ വിഹിതമായി നഗരസഭയിൽ 15.3.23 ന് അടച്ചിട്ടുണ്ട്. 336,337 നമ്പർ രശീതി ബുക്കുകളാണ് ഗുണഭോക്തൃ വിഹിതം പിരിക്കാൻ ഉപയോഗിച്ചിട്ടുള്ളത്. തുക പിരിച്ച രശീതി ഡബിൾസൈഡ് കാർബൺ ഉപയോഗിച്ചല്ല എഴുതിയിട്ടുള്ളത്. പിരിച്ച തുകയുടെ വിശദാംശങ്ങൾ കലക്ഷൻ രജിസ്റ്ററിൽ എഴുതിയിട്ടില്ല. പിരിച്ച തുകകളായി രശീതിബുക്കിൽ എഴുതിയ തുകകൾ കൂട്ടിയതിൽ 4410/- രൂപയാണ് ഉള്ളത് . 337/33617 നമ്പർ രശീതിയിൽ ഒറിജിനൽ രശീതിയിൽ തുക രേഖപ്പെടുത്താതെ ഡ്യൂപ്ലിക്കേറ്റ് മുറിച്ച് നൽകിയ അവസ്ഥയിലാണ്. രശീതി പിരിവിൽ മേൽ ഉദ്യോഗസ്ഥൻ പരിശോധന നടത്തുന്നില്ല.

3)ഗുണഭോക്താവിന്റെ അർഹത പരിശോധിക്കാതെ ആനുകൂല്യം അനുവദിച്ചു

പദ്ധതിപ്രകാരം ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താക്കൾ രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റി എന്നതിന് യാതൊരു രേഖയും ഇല്ലാതെയാണ് അനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് പരിശോധന റിപ്പോർട്ട് ഫോട്ടോ എന്നിങ്ങനെ യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) പദ്ധതി പ്രകാരമുള്ള മുഴുവൻ ചെലവുകളും സുലേഖ ചെലവ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം 4500/- രൂപ ഗുണഭോക്തൃ വിഹിതം ചെലവായിട്ടുണ്ടെങ്കിലും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവ് ഇല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 154540/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-55 സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ ,

ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ

പദ്ധതി - (209/23)

അടങ്കൽ - 1500000

ചെലവ് - 1497322

ബിൽ നമ്പർ തിയ്യതി -347/20.3.23,424/28.3.23 (വികസന ഫണ്ട് ജനറൽ)

നഗരസഭയിലെ സർക്കാർ സ്കൂളുകളിലെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഫർണിച്ചറുകൾ വാങ്ങുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗവ.അംഗീകൃത ഏജൻസി വഴി നടപ്പിലാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. 23.1.23 ലെ എഫ്ജി 2-14229/22 നമ്പർ പ്രകാരമുള്ള ക്വട്ടേഷൻ നോട്ടീസിൽ ഗവ. അംഗീകൃത പ്രൊഡക്ഷൻ യൂണിറ്റുകൾ/*സ്ഥാപനങ്ങളിൽ നിന്ന്* മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ *ക്ഷണിച്ചു*. 2.2.23 ലെ പർച്ചേസിംഗ് കമ്മറ്റിയുടെ തീരുമാന പ്രകാരവും കൗൺസിലിന്റെ 7.7.23 ലെ 4/4-4 നമ്പർ തീരുമാന പ്രകാരവും സിഡ്കോ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്ന് ഫർണിച്ചർ വാങ്ങാൻ തീരുമാനിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ക്വട്ടേഷനിൽ പങ്കെടുത്ത് കുറഞ്ഞ നിരക്കുകൾ ക്വോട്ട് ചെയ്ത കാഡ്കോ, ആർട്കോ എന്നീ സ്ഥാപനങ്ങൾ ഗവൺമെന്റ് അംഗീകൃത പ്രൊഡക്ഷൻ യൂണിറ്റുകൾ അല്ല എന്ന തെറ്റായ തീരുമാനം എടുത്ത് അവരുടെ ക്വട്ടേഷൻ ഒഴിവാക്കിയാണ് സിഡ്കോ വഴി പദ്ധതി നടപ്പിലാക്കിയത്. 2.11.22 ലെ ജി.ഒ(ആർ.ടി) 73/22/SPD നമ്പർ ഉത്തരവ് പ്രകാരം കാഡ്കോയ്ക്കും 2.2.22 ലെ ജി.ഒ(ആർ.ടി)6/22/SPD നമ്പർ ഉത്തരവ് പ്രകാരം ആർട്ക്കോയ്ക്കും സർക്കാർ അക്രഡിറ്റേഷൻ നൽകിയത് ഈ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന ഫർണിച്ചറുകൾ അവർ നിർമ്മിച്ചതായിരിക്കണം എന്ന നിബന്ധനയിലാണ് എന്നിരിക്കെ ഈ സ്ഥാപനങ്ങൾക്ക് സ്വന്തമായി പ്രൊഡക്ഷൻ യൂണിറ്റുകൾ ഇല്ല എന്ന തെളിയിക്കുന്നതിന് രേഖ ഹാജരാക്കേണ്ടതാണ്.

2) ആവശ്യമുള്ള ഫർണ്ണിച്ചറുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ നഷ്ടം.

ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ആവശ്യമുള്ള ഫർണിച്ചറുകളുടെ സ്പെസിഫിക്കേനും എണ്ണവും നിശ്ചയിച്ചിരുന്നില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി തയ്യാറാക്കിയ കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനങ്ങൾ വ്യത്യസ്ത സ്പെസിഫിക്കേഷനും നിരക്കുകളുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. സാധനങ്ങളുടെ വില പരിഗണിക്കുമ്പോൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത 2 സ്ഥാപനങ്ങളെയും ഒഴിവാക്കി സിഡ്കോയിൽ നിന്ന് സാധനങ്ങൾ വാങ്ങിയത് മൂലമുണ്ടായ അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | കാഡ്കോ ക്വാട്ട് ചെയ്ത നിരക്ക് 18% ജിഎസ്.ടി ഉൾപ്പെടെ | ആർട്കോ ക്വാട്ട് ചെയ്ത നിരക്ക് 18% ജിഎസ്.ടി ഉൾപ്പെടെ | സിഡ്കോയ്ക്ക് നൽകിയ തുക 18% ജിഎസ്.ടി ഉൾപ്പെടെ | അധിക ചെലവ് |
|---|---|---|---|---|---|
| 1 | ബേബി ബെഞ്ച് | 25x2494= 62350 | 25x5776= 144403 | 25x5364.28= 134107 | 71757 (134107-62350) |
| 2 | ബേബി ഡെസ്ക്ക് | 25x3492= 87300 | --- | 25x5379.62= 134491 | 47191 (134491-87300) |

| | | | | | |
|---|---|---|---|---|---|
| 3 | ബെഞ്ച് വുഡൻ ടോപ്പ് | 80x3474= 277920 | 80x4153.6= 332288 | 80x4544= 363534 | 85614 (363534-277920) |
| 4 | ഡെസ്ക് വുഡൻ ടോപ്പ് | 80x4474= 357920 | 80x5322= 425744 | 80x5674.62= 453970 | 96050 (453970-357920) |
| 5 | ഹാഡ് വുഡ് ആം ചെയർ | 50x2994= 149700 | 50x3422= 171100 | 50x3816.12 =190806 | 41106 (190806-149700) |
| 6 | ഫൈബർ ആം ചെയർ | 45x644= 28980 | 45x755= 33984 | 45x790.6= 35577 | 6597 (35577-28980) |
| 7 | സ്റ്റൂൾ | 30X244= 7320 | --- | 30x413=12390 | 5070 (12390-7320) |
| 8 | സ്റ്റീൽ കേബിനെറ്റ് (SMALL) 20 ഗേജ് | 6X6974= 41844 | 6X7552= 45312 | 6x11090.82= 66545 | 24701 (66545-41844) |
| 9 | സ്റ്റീൽ കേബിനെറ്റ് (BIG) 20 ഗേജ് | 12X9444= 113328 | 12X8496= 101952 | 12x8825.22= 105902 | 3950 (105902-101952) |

3)ടെണ്ടർ രേഖകൾ ഹാജരാക്കിയില്ല.

സിഡ്കോ സമർപ്പിച്ച ക്വട്ടേഷൻ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ട് ഒരു പേപ്പറിൽ നിരക്ക് രേഖപ്പെടുത്തിയതിന്റെ പകർപ്പ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മറ്റ് രണ്ട് സ്ഥാപനങ്ങളും സമർപ്പിച്ചിട്ടുള്ള സാക്ഷ്യപത്രം, ഒറിജിനൽ ക്വട്ടേഷൻ, പ്രിലിമിനറി അഗ്രിമെന്റ് , അഗ്രിമെന്റ്, സർക്കാർ അനുമതി ഉത്തരവ് എന്നിവ ഹാജരാക്കിയിട്ടില്ല. സ്ഥാപനം 31.1.23 ന് നടന്ന ക്വട്ടേഷനിൽ പങ്കെടുത്തതിന് യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. കൂടാതെ ക്രമ നമ്പർ 2,5,6 എന്നിവ ടെണ്ടർ നടപടികൾ കൂടാതെ വിൽക്കാൻ സിഡ്ക്കോയ്ക്ക് അനുവാദം കിട്ടിയിട്ടില്ലാത്ത സാധനങ്ങളാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. സ്ഥാപനവുമായി ഉണ്ടാക്കിയ കരാർ ആയി ഹാജരാക്കിയിട്ടുള്ളത് 23.12.23 തിയ്യതിയിലുള്ള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയിട്ടുള്ള വ്യാജ കരാറാണ്. അനുമതിയില്ലാത്ത സാധനങ്ങളാണ് വിറ്റത് എന്ന പരാമർശത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ ഇക്കാര്യം സ്ഥാപനം അറിയിച്ചിരുന്നില്ല എന്ന് മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ ബില്ലിൽ തന്നെ ഈ ഇനങ്ങളുടെ നേരെ സ്ഥാപനം ഈ സാധനം ഗവ.അപ്രൂവ്ഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന വ്യക്തമാക്കിയിട്ടുണ്ട്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 1497322/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-56 അമൃത് മുൻസിപ്പാലിറ്റി വിഹിതം നൽകൽ - ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല**

നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള അമൃത് മുൻസിപ്പാലിറ്റി വിഹിതം എന്ന പ്രോജക്ടിന് ( നം. 391/23), 2022-23 വർഷത്തെ Development Fund- General ന്റെ ACR പ്രകാരം, ബിൽ നമ്പർ 484/31.03.2023 മുഖേന 50,00,000/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന്(നം.24/31.01.2024) മറുപടി നൽകുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സുലേഖ ചെലവ് പത്രികയിൽ ഈ പദ്ധതി പ്രകാരമുള്ള ചെലവ് വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ, പ്രസ്തുത ബിൽ പ്രകാരം തൻവർഷം പണം ചെലവഴിച്ചിട്ടില്ലെങ്കിൽ അത് സംബന്ധിച്ച വിവരങ്ങളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് അറിയിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 50,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

**1-57 തടത്തിൽത്താഴം 8/4കുന്നത്ത്കുഴി ഡ്രൈനേജ് കം റോഡ് -ഫീസിബിലിറ്റി വിവരം ലഭ്യമല്ല**

പ്രോജക്ട് നമ്പർ 189/23 ആയി രൂപീകരിച്ച മേൽ പ്രവൃത്തിയുടെ പദ്ധതിയടങ്കൽ 4,00,000/-രൂപയാണ്. 3,50,000/- രൂപ വികസനഫണ്ട് എസ്.സി.പി.യും, 50,000/-രൂപ തനതുഫണ്ടുമാണ് ഇതിനായി കണ്ടെത്തിയത്. സർക്കാർ ഉത്തരവ് നം 86/2022/ത.സ്വ.ഭ.വ, തിയ്യതി:19.4.22 ലെ അദ്ധ്യായം 6 ൽ വിവരിക്കും പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്തുന്നതിന് ആകെ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ ഒരു സാമൂഹ്യ ഭൂപടം തയ്യാറാക്കേണ്ടതും, സാക്ഷ്യപത്രം നൽകേണ്ടതുമാണ്. എന്നാൽ ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയ സാമൂഹ്യ ഭൂപടവും, ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. പട്ടികജാതി ഉപവിഹിതത്തിന്റെ വിനിയോഗ അർഹത ഉറപ്പാക്കാതെ പദ്ധതി രൂപീകരിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് വിശദീകരിക്കേണ്ടതാണ്. പട്ടികജാതി ഉപവിഹിതത്തിന്റെ വിനിയോഗ അർഹത ഉറപ്പാക്കാൻ സാധിക്കാത്തതിനാൽ ഈ പദ്ധതിയ്ക്കായി ചെലവഴിച്ച ആകെ 3,97,187/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-58 നഗരസഭാ ഓഫീസിൽ സോളാർ സ്ഥാപിക്കൽ - വിവരം ലഭ്യമല്ല**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജ്ക്ട് നം : 92/23

അടങ്കൽ :25,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1895000/-

തനതുഫണ്ട് -605000/-)

ചെലവ് : 1895000/- ബിൽ നം. 244/28.2.23

ഈ പദ്ധതിയിൽ 20 KWp ശൃംഖല ബന്ധിത സൗരോർജ്ജ നിലയം മുനിസിപ്പാലിറ്റി കെട്ടിടത്തിൽ സ്ഥാപിക്കുന്നതിനായി മേൽ ബിൽ പ്രകാരം 1895000/- രൂപ അനർട്ട്, കോഴിക്കോട് ജില്ലാ കാര്യാലയത്തിന് കൈമാറിയിട്ടുണ്ട്. അനർട്ട് നഗരസഭയിൽ പരിശോധന നടത്തി നൽകിയ പ്രാരംഭ പഠന റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തിയാണ് തുക കൈമാറിയിരിക്കുന്നത്. 10.2.23 തിയ്യതിയിലെ നം.10/ SPV-GEN/ANERT/KKD/2022-23 നമ്പർ കത്തു മുഖേന അനർട്ടിന്റെ ജില്ലാ എഞ്ചിനീയർ അറിയിച്ചതനുസരിച്ച് ശൃഖല ബന്ധിത സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് നഗരസഭയിൽ ഒരുക്കേണ്ട അധിക ഘടനയും, ഗോവണി സൗകര്യവും, അനർട്ടിന്റെ 10% സർവ്വീസ് ഉൾപ്പെടെയുള്ള തുകയാണ് അനർട്ടിന് ഡെപ്പോസിറ്റ് ആയി നൽകിയത്. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമല്ല.

- അനർട്ടുമായി ചമച്ച കരാർ വിവരങ്ങൾ
- മേൽ വിവരിച്ച കത്തിൽ 2023 ഫെബ്രുവരി 28 ന മുമ്പ് അനർട്ടിന്റെ ജില്ലാ കാര്യാലയം മുഖേന

ഡെപ്പോസിറ്റ് പ്രവൃത്തിയായി സ്ഥാപിക്കുന്ന സോളാർ നിലയങ്ങൾക്ക് പദ്ധതി തുകയുടെ 10% തുക അനർട്ട് ഇൻസെന്റീവ് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ തിയ്യതിയിൽ തുക കൈമാറിയ നഗരസഭയ്ക്ക് ഈ ആനുകൂല്യം ലഭിക്കുമോയെന്നത് സംബന്ധിച്ച് വ്യക്തതയില്ല. കരാർ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

- നഗരസഭാ കാര്യാലയത്തിന്റെ നിലവിലെ കണക്റ്റഡ് ലോഡ് 13000 വാട്ട്സ് ആണെന്നും, 20kWp സൗരോർജ്ജ നിലയം സ്ഥാപിക്കാൻ ആയത് റിവിഷൻ നടത്തണമെന്നും, ഇത് ഉപഭോക്താവ് നിർവ്വഹിക്കണമെന്നും മേൽ കത്തു മുഖേന അനെർട്ട് എഞ്ചിനീയർ അറിയിച്ചിരുന്നു. ഇതിനായി നഗരസഭ സ്വീകരിച്ച പ്രവർത്തനങ്ങളുടെ വിവരം
- പ്രവൃത്തിയുടെ പൂർത്തീകരിച്ചതിന്റെയും, യഥാർത്ഥ ചെലവിന്റെയും വിവരങ്ങൾ

മേൽ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മേൽ വിവരങ്ങളുടെ അഭാവത്തിൽ 1895000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-59 വയോമിത്രം പദ്ധതി - സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചു**

പ്രൊജക്ട് നമ്പർ - 104/23

നിർവ്വഹണം - സെക്രട്ടറി

ചെലവ് തുക - 15,00,000(വികസന ഫണ്ട് ജനറൽ)

ബിൽ നമ്പർ/ തിയതി - 124/30-11-22

സംസ്ഥാനത്തെ നഗര പ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസികോല്ലാസവും അവരുടെ സ്ഥലങ്ങളിൽ തന്നെ ഒരുക്കുക, പ്രതിമാസം 1800 നും 2000 നും ഇടയ്ക്ക് വയോജനങ്ങൾക്ക് കൃത്യതയോടും സമയബന്ധിതമായും മെഡിക്കൽ സേവനങ്ങൾ എത്തിക്കുന്നതോടൊപ്പം മാനസികാരോഗ്യം പകരാൻ ഉതകുന്ന വയോജനങ്ങളുടെ കലാവിരുന്നുകൾ, വിനോദയാത്രകൾ, ആഘോഷങ്ങൾ എന്നിവ നഗരസഭ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ വാർഡുകളിൽ സംഘടിപ്പിക്കുന്നതിലൂടെ വയോജനങ്ങൾക്ക് ശാരീരിക മാനസിക ആരോഗ്യം പകരുക തുടങ്ങിയവയാണ് 'വയോമിത്രം' പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി നഗരസഭ മേൽ സൂചിപ്പിച്ച പ്രകാരം 15,00,000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് അനുവദിച്ചിട്ടുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷ മിഷന് ഫണ്ട് കൈമാറുന്നതുമായി ബന്ധപ്പെട്ട 06.05.2013 ലെ സ.ഉ.(സാധാ)നം.1209/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഈ പദ്ധതിയ്ക്കായി മിനിസിപ്പാലിറ്റിയ്ക്ക് ചെലവഴിക്കാവുന്ന പരമാവധി തുക 10,00,000/- രൂപയാണ്. 15,00,000/- ചെലവഴിക്കാൻ അടിസ്ഥാനമായ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഈയിനത്തിൽ തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മുനിസിപ്പാലിറ്റിയിൽ വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റിയിൽ വയോമിത്രം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/22-23 തീ-23-1-24) മറുപടി ലഭ്യമാക്കിയിട്ടില്ല. വയോമിത്രം പദ്ധതിക്ക് 15,00,000/- രൂപ ചെലവഴിക്കാൻ അടിസ്ഥാനമായ സർക്കാർ ഉത്തരവ് , പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. അതുവരെ 5,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-60 വീട് വാസയോഗ്യമാക്കൽ- പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്താവിനെ തെരഞ്ഞെടുത്തു**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ (പ്രോ.നം- 318/23) എന്നീ പദ്ധതി പ്രകാരം 38 ഗുണഭോക്താക്കൾക്ക് 1700000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. 8 വർഷത്തിൽ കൂടുതൽ പഴക്കമുള്ളതും വാസയോഗ്യമല്ലാത്തതുമായ വീടുകൾ വാസയോഗ്യമാക്കുന്നതിന് രണ്ട് ഗഡുക്കളായി 1 ലക്ഷം രൂപയാണ് ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ലഭിക്കുന്നത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കളായ ശ്രീ. കുഞ്ഞാത്തുട്ടി, ശ്രീമതി. സൈനബ എന്നിവർ വീട് റിപ്പയർ 6 മാസത്തിനകം തൃപ്തികരമായി പൂർത്തിയാക്കുന്നതാണെന്ന് 28.02.23 തീയതിയിൽ കരാർ ഒപ്പുവച്ചിട്ടുള്ളതും 28.3.23 തീയതിയിൽ ആദ്യഗഡുവായ 50000/- രൂപ കൈപ്പറ്റിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

2.ശ്രീമതി. സൈനബ കുന്നത്ത്കുഴി എന്ന ഗുണഭോക്താവിന് നഗരസഭ നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം വീടിന്റെ കാലപ്പഴക്കം 6 വർഷമാണ്. എന്നാൽ 8 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള വീടുകൾക്കാണ് പദ്ധതി പ്രകാരം ധനസഹായം നല്കുന്നത്.
ബിൽ നം. 335/19-3-23( 1000000രൂപ )
ബിൽ നം.81/19-6-23 (500000 രൂപ )
എന്നീ ബില്ലുകൾ പ്രകാരം രണ്ടു ഗഡുക്കളായി 100000/- രൂപ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 2022-23 വർഷത്തിൽ ചെലവഴിച്ച 50000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-61 കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ.- അപാകതകൾ**

പ്രൊജക്റ്റ് നമ്പർ 38/23

അടങ്കൽ 144385/-

ചെലവ് 143653/-(98/25.10.22)

21-22 -155615 (330/22.3.22)

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2022 -23 വർഷം സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതിയിൽ 21-22 വർഷം കുടുംബശ്രീ ഓഫീസിലേക്ക് വിവിധയിനം ഫർണിച്ചറുകൾ വാങ്ങിയതിന്റെ ഫൈനൽ ബിൽ തുകയായ 1,43653/- രൂപ KADCO യ്ക്ക് നൽകുകയാണ് ചെയ്തത്.

കുടുംബശ്രീ ഓഫീസിലേക്ക് വാങ്ങിയ ഫർണിച്ചർ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിയിട്ടുണ്ടെങ്കിലും കുടുംബശ്രീ ഓഫീസ് നേരിട്ട് സന്ദർശിച്ചതിൽ വാങ്ങിയ എല്ലാ ഫർണിച്ചറുകളും കുടുംബശ്രീ ഓഫീസിൽ കാണുകയോ സ്റ്റോക്കിലെടുക്കുകയോ, ചെയ്തിട്ടില്ല.

| | വാങ്ങിയ ഫർണ്ണിച്ചറുകളുടെ എണ്ണം | കുടുംബശ്രീ ഓഫീസിൽ ലഭ്യമായ ഫർണ്ണിച്ചറുകൾ |
|---|---|---|
| എക്സിക്യൂട്ടീവ് ടേബിൾ | 1 | 1 |
| എക്സിക്യൂട്ടീവ് ചെയർ | 2 | 2 |
| ക്ലറിക്കൽ | 10 | 5 |

| | | |
|---|---|---|
| ടേബിൾ | | |
| ക്ലറിക്കൽ ചെയർ | 10 | 10 |
| സ്റ്റീൽ കബോർഡ് | 9 | 7 |
| ക്ലസ്റ്റർ ടേബിൾ | 3 | 2 |
| കർട്ടൻ | 3 | 4*2 |
| നോട്ടീസ് ബോർഡ് | 2 | 0 |

27.11.21 ൽ KADCO നൽകിയ ക്വട്ടേഷനിൽ എല്ലാ ഫർണ്ണിച്ചറുകൾക്കും അഞ്ചുവർഷം വാറന്റി നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 6.1.22 ൽ ചമച്ച കരാറിൽ വാറണ്ടി 12 മാസം മാത്രമാണ് കാണിച്ചിരിക്കുന്നത്.

കുടുംബശ്രീ ഓഫീസിൽ ഇല്ലാത്ത ഫർണ്ണിച്ചറുകൾ ഇപ്പോൾ എവിടെയാണെന്ന് അറിയിക്കേണ്ടതും ആവശ്യകത നിർണ്ണയിക്കാതെ ഫർണിച്ചറുകൾ വാങ്ങിയതിനും ക്വട്ടേഷനിൽ കാണിച്ച വാറണ്ടി കരാറിൽ ഉൾപ്പെടുത്താതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

**1-62 മഞ്ചാടി- പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രിൻസിപ്പാൾ ,
ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ

പദ്ധതി - (142/23)

നഗരസഭയിലെ സർക്കാർ സ്കൂളുകളിലെ വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനാണ് തനത്ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 105800/-രൂപയാണ് പദ്ധതിയുടെ ചെലവ്. എന്നാൽ 17.2.23ന് പ്രിൻസിപ്പാൾ ചെക്ക് നമ്പർ 01050203/20.1.23 പ്രകാരം മഞ്ചാടി പദ്ധതിയ്ക്കായി അഡ്വാൻസായി ലഭിച്ച 75000/- രൂപയുടെ ബില്ലുകളും വൗച്ചറുകളും ഹാജരാക്കുന്നുണ്ട്. എന്നാൽ ഈ തുക പ്രിൻസിപ്പാളിന് നൽകിയതിന്റെ സാധ്യാ ബിൽ, പ്രിൻസിപ്പാൾ ടി തുക ആരുടെ അക്കൗണ്ടിലേക്കാണ് അനുവദിച്ചത് എന്നതിന്റെയും രേഖ പരിശോധനയ്ക്ക്ഹാജരാക്കിയിട്ടില്ല. ആകെ 180800/-രൂപയുടെ ചെലവുണ്ടായിട്ടും സ്റ്റേറ്റ്മെന്റിൽ 105800/- രൂപ മാത്രം കാണിച്ചിട്ടുള്ളതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) **ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക നൽകിയില്ല**

28.05.22 ലെ സഉ(കൈ)115/2022/LSGD ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ ചെലവ് തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ നൽകാൻ പാടുള്ളൂ എന്ന് നിർദ്ദേശമുണ്ട്. എന്നാൽ ഈ പദ്ധതിയിൽ താഴെ പറയുന്ന ചെലവ് തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം പദ്ധതി നിർവ്വഹണത്തിന് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് തുക നൽകിയതായി കണ്ടു.

| ബിൽ നമ്പർ, തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 425/28.3.23 | 105800 | DOC XEROX എന്ന സ്ഥാപനത്തിൽ നിന്ന് സ്റ്റഡി മെറ്റീരിയൽ വാങ്ങിയതിന്റെ 20000/- രൂപയുടെ ചെലവ് ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടില്ല. |
| | | ധന ബേക്ക്സ് എന്ന സ്ഥാപനത്തിന് അനുവദിക്കേണ്ട 35000/- രൂപയുടെ ഭക്ഷണ ചെലവ് ടി സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടില്ല. |
| | | വിഎച്ച്എസ് സി വിദ്യാർഥികളുടെ പഠന പുരോഗതിയ്ക്ക് വേണ്ടി(പടവുകൾ) പ്രിൻസിപ്പാളിന്റെ അക്കൌണ്ടിലേക്ക് അനുവദിച്ച തുക 7000/- രൂപ എന്ത് ആവശ്യത്തിനാണ് ഉപയോഗിച്ചത് എന്നതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല |

മേൽ ഉത്തരവ് പ്രകാരം ബെനിഫിഷ്യറിയുടെ അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടത് എന്ന നിബന്ധന പാലിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/ *22-23) നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി നിർവ്വഹണ സമയത്തെ പ്രായോഗിക ബുദ്ധിമുട്ടുകൾ വിശദീകരിച്ച് കൊണ്ട് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഇത്തരം അപാകത ആവർത്തിക്കായിരിക്കാൻ* ശ്രദ്ധിക്കേണ്ടതാണ്

**1-63 പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല**

നഗരസഭയിൽ നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ , ഇവ സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 208 എ (1) പ്രകാരം ഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും (മുനിസിപ്പൽ പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തീരങ്ങളും തടങ്ങളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും മുനിസിപ്പാലിറ്റിയിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. മേൽ വകുപ്പ് പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ഭൂമി നഗരസഭയുടെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ

ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം നൽകേണ്ടതും, നഗരസഭയിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച്, സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ച് അറിയിക്കേണ്ടതുമാണ്. അപാകത പരിഹരിച്ച് പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-64 മാവേലി സ്റ്റോർ നവീകരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചതും, മറ്റപാകതകളും**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 3,50,000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 2,40,037/- ബിൽ നം.132/7.12.22

ഈ പ്രവൃത്തിയിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നാലു ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതും, മുറ്റം ഇന്റർലോക്ക്, ചുമരുകളുടേയും, ഷട്ടർ, ഗ്രിൽ എന്നിവയുടെയും പെയിന്റിംഗ് മുതലായവയാണ് വിഭാവനം ചെയ്തിരുന്നത്. പ്രവൃത്തി ടെണ്ടർ നടത്തി അലി.പി. എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. അളവുപുസ്തകം 12/22-23 പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ചതായി രേഖപ്പെടുത്തി, കരാറുകാരന് മേൽ ബിൽ പ്രകാരം തുക അനുവദിച്ചു.

ഓഡിറ്റിന്റെ ഭാഗമായി 31.1.24 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത പ്രവൃത്തി നേരിൽ പരിശോധിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന സ്റ്റേഡിയത്തിലെ കെട്ടിടത്തിനു മുമ്പിൽ ഏകദേശം 30 മീറ്റർ നീളത്തിൽ വിരിച്ചിരുന്ന ഇന്റർലോക്കിൽ ഏഴു മീറ്ററോളം നീളത്തിലുള്ള പൊളിഞ്ഞ/ കേടായ ഭാഗം പുനർ നിർമ്മിക്കുകയാണുണ്ടായതെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. ബാക്കി ഭാഗം നിലവിലും പൊട്ടിപൊളിഞ്ഞ നിലയിലാണ്. സ്റ്റോറിന്റെ റീട്ടെയിൽ സെയിൽ നടക്കുന്ന രണ്ടു കടമുറിയുടെ മുന്നിലുള്ള ഇന്റർലോക്കുകൾ പഴയത് ഇളക്കിമാറ്റി വീണ്ടും വിരിക്കുകയാണുണ്ടായതെന്ന് സ്റ്റോർ ജീവനക്കാരും അറിയിച്ചു. സ്ഥലപരിശോധനയിൽ കൂടെയുണ്ടായ ഓവർസിയർ കരാറുകാരനുമായി ഫോണിൽ സംസാരിച്ചതിൽ പഴയ ഇന്റർലോക്ക് ഉപയോഗിക്കുകയാണുണ്ടായതെന്ന് അറിയിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇന്റർലോക്ക് വിരിക്കുന്നതിനായി മൂന്നിനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇനം 4,5,6 എന്നിവയായി ഐറ്റം 51.2.3. ക്വാറി മക്ക് ഫില്ലിംഗ്, OD 1651500/2021-2022 ഇന്റർലക്ക് പേവിംഗ്, 4.1.3. PCC കോൺക്രീറ്റ് എന്നിവ. പഴയ ഇന്റർലോക്ക് വിരിക്കുന്നതിന് ക്വാറിമക്ക്, കോൺക്രീറ്റ് എന്നിവ ഉപയോഗപ്പെടുത്തിയിരിക്കാമെങ്കിലും, ഇന്റർലോക്ക് പേവിംഗിനായുള്ള OD യിൽ ഉൾപ്പെട്ട ഇന്റർലോക്ക് കട്ട ആവശ്യമില്ല/ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ലഭ്യമായ ഇന്റർലേക്ക് ഉപയോഗിച്ചുള്ള പേവിംഗിനു പകരം പുതിയ ഇന്റർലോക്ക് ഉപയോഗിക്കും വിധം എസ്റ്റിമേറ്റ് തയ്യാറാക്കിയ സാഹചര്യവും/പഴയത് ഉപയോഗപ്പെടുത്തി പ്രവൃത്തി നടത്തിയിട്ടും പുതിയവ പേവിംഗ് നടത്തിയതായി അളവെഴുതിയതും വിശദീകരിക്കേണ്ടതാണ്.

നിലവിലുണ്ടായിരുന്ന റോളിംഗ് ഷട്ടറുകൾ എന്തു ചെയ്തു എന്നതു സംബന്ധിച്ച് വ്യക്തതയില്ല. പരിശോധനാ വേളയിൽ ഇവ കണ്ടിട്ടില്ല. പുതിയതായി സ്ഥാപിച്ച റോളിംഗ് ഷട്ടറുകൾ സുഗമമായി ഉയർത്താൻ സാധിക്കുന്നില്ലെന്ന് സ്റ്റോർ ജീവനക്കാർ അറിയിക്കുകയുണ്ടായി. ആയത് പരിഹരിക്കാൻ നടപടികളെടുക്കേണ്ടതാണ്. മുകളിൽ വിവരിച്ച പ്രകാരം ചെയ്യാത്ത പ്രവൃത്തിയുടെ നിരക്ക് ചെയ്തതായി രേഖപ്പെടുത്തി തുക നൽകിയതിനാൽ നഗരസഭാഫണ്ടിന് അധികചെലവുണ്ടായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പഴയ ഷട്ടറുകൾ എന്തു ചെയ്തുവെന്നത് സംബന്ധിച്ച വിവരം അറിയിക്കേണ്ടതും, കരാറുകാരന് മുകളിൽ വിവരിച്ച പ്രകാരം അധികമായി നൽകിയ തുക (5007+12%GST) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും

ഈടാക്കേണ്ടതുമാണ്.

**1-65 പൊതുകിണറുകളുടെ അറ്റകുറ്റപണികൾ - അളവ് രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകിയതും, മറ്റപാകതകളും**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 15,00,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 8,82,751/- ബിൽ നം. 56/22.8.22 - 699638/-

ബിൽ നം. 413/28.3.23 – 183113/-

നഗരസഭയിലെ വിവിധ പൊതുകിണറുകളുടെ നവീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ അഞ്ചു ഭാഗങ്ങളാണുള്ളത്.

| | |
|---|---|
| ഭാഗം 1 | ഡിവിഷൻ 4 ലെ കിണറിനായി 18 ഇനങ്ങൾ |
| ഭാഗം 2 | കൃഷിഭവൻ കിണറിനായി 11 ഇനങ്ങൾ |
| ഭാഗം3 | 2HP Submersible Pumpset നും, HD കേബിളിനുമായി<br>ലംസം തുക 85000/-രൂപ |
| ഭാഗം 4 | വിവിധ കിണറുകൾക്കായി 8 ഇനങ്ങൾ |
| ഭാഗം 5 | 1.5HP Submersible Pumpset നും, HD കേബിളിനുമായി<br>ലംസം തുക 28000/- രൂപ |

മേൽ പ്രവൃത്തി ക്വട്ടേഷനിലൂടെ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത അബ്ദുൾ മൻസൂർ എം. എന്ന കരാറുകാരന് നൽകുകയും 26.3.22 ന് AE/FM/89/21-22 പ്രകാരം കരാർ ചമക്കുകയും ചെയ്തു. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകളും, ലഭ്യമല്ലാത്ത രേഖകളുടെ വിവരവും ചുവടെ കൊടുക്കുന്നു.

1. മോട്ടോർ സ്ഥാപനം

ഫയലിൽ ലഭ്യമായ ബിൽ പ്രകാരം 2HP Submersible Pumpset നായി 85000/-രൂപയും, 1.5HP Submersible Pumpset നായി 28000/- രൂപയും കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ സ്പെസിഫിക്കേഷനിലുള്ള മോട്ടോറുകളുടെ ആവശ്യം നിർണ്ണയിച്ചു കൊണ്ടു ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം ലഭ്യമല്ല. മോട്ടോറും അനുബന്ധ സാമഗ്രികളുടെയും വാങ്ങൽ പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചതിന്റെ വിവരവും ലഭ്യമല്ല.

2. അനാവശ്യയിനം എസ്റ്റിമേറ്റിൽ

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഭാഗം 1 ൽ ഇനം 16, ഭാഗം 2 ൽ ഇനം 8, ഭാഗം 4 ൽ ഇനം 4 എന്നിവയായി ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 13.50.3 ആണ്. സ്റ്റീൽ പ്രവൃത്തികളിൽ റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ അടിക്കുന്നതിനുള്ള ഇനമാണിത്. കിണറുകൾക്ക് സ്ഥാപിച്ച ഗ്രില്ലിനും, വെള്ളം കോരുന്ന കപ്പി ഘടിപ്പിക്കുന്നതിനുള്ള സ്റ്റീൽ പൈപ്പിനും പ്രൈമർ നൽകുന്നതിനാണ് ഈയിനം ഉൾപ്പെടുത്തിയതും, തുക നൽകിയതും. ഗ്രില്ല്, സ്റ്റീൽ പൈപ്പ് എന്നിവ സ്ഥാപിക്കുന്നതിന്

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ 50.10.2, 9.48.2 എന്നിവയാണ്. ഈയിനങ്ങളുടെ വിവരണം പരിശോധിച്ചാൽ സ്റ്റീൽ ഇനങ്ങൾ പ്രൈമർ അടിക്കുന്നതുൾപ്പെടെയുള്ള നിരക്കാണ് ഇവയുടേതെന്ന് കാണാം. പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് പ്രസ്തുതയിനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നിരിക്കെ പ്രത്യേകം ഇനം ഇതിനായി ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

3. അളവു രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകി

എസ്റ്റിമേറ്റിന്റെ ഭാഗം 4 ൽ ഇനം 7 ആയി കിണറിലെ വെള്ളം വറ്റിക്കുന്നതിനായി ഐറ്റം 50.2.3.1 ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ പ്രവൃത്തി നടത്തിയതായി അളവു പുസ്തകങ്ങളിൽ(എം ബുക്ക് നം.13/22-23, 113/2021-22) രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബിൽ തുക നൽകിയപ്പോൾ 15 മണിക്കൂർ നേരം പ്രവൃത്തി നടത്തിയതിന് 286.39/- രൂപ നിരക്കിൽ 4295.85/-രൂപ കരാറുകാരന് അനുവദിച്ചതായി കാണുന്നു. പ്രസ്തുത പ്രവൃത്തിയുടെ DLR (Daily Labour Report)ഉം ഫയലിലില്ല. ഇത്തരത്തിൽ അളവു രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകിയ സാഹചര്യം വ്യക്തമല്ല.

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും, അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നൽകിയ ഓഡിറ്റ് എൻക്വയറി( 14/2022-23/25.1.24)യ്ക്ക് മറുപടി ലഭിച്ചില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അനാവശ്യയിനം ഉൾപ്പെടുത്തിയതിനാലും, അളവു രേഖപ്പെടുത്താത്തയിനത്തിന് തുക കണക്കാക്കിയതിനാലുമുണ്ടായ അധിക ചെലവ് തിരികെ ഈടാക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

**1-66 വയോജനപാർക്ക് - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗപെടുത്തിയില്ല, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപെടുത്തി**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 390/23, വയോജനങ്ങൾക്ക് ഓപ്പൺ സ്റ്റേജ്, ബിൽ തുക നൽകൽ

അടങ്കൽ : 1,27,662/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 1,27,662/- ബിൽ നം. 471/30.3.23

2021-22 വർഷത്തിൽ പ്രോജക്ട് നമ്പർ 48/22 ആയി 15,31,000/-രൂപ അടങ്കലിൽ(231000 വികസനഫണ്ട് ജനറൽ +1100000 ധനകാര്യകമ്മീഷൻ ഗ്രാന്റ് +200000 തനതുഫണ്ട്) വയോജന പാർക്കിന് സംരക്ഷണഭിത്തി നിർമ്മിക്കാനും, സ്റ്റേജ് നിർമ്മാണം, ഇരിപ്പിടങ്ങൾ, മറ്റു മോടിപിടിപ്പിക്കൽ പ്രവൃത്തികൾ എന്നിവയ്ക്കായി രൂപീകരിച്ചതാണ് ഈ പദ്ധതി. പദ്ധതി നിർവ്വഹണം പ്രസ്തുത വർഷം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 11,00,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് മാത്രമാണ് ചെലവായി 2021-22 വർഷ ചെലവു പത്രികയിൽ ഉള്ളത്. ആകെ പ്രവൃത്തി മൂല്യമായ 12,27662/-രൂപയിൽ ബാക്കി നൽകാനുള്ള തുക നൽകാനാണ് ഓഡിറ്റ് വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിരിക്കുന്നത്. മേൽ ബിൽ പ്രകാരം തുക അനുവദിച്ചതായി എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും IKM ചെലവ് പത്രികയിൽ ആയത് പ്രതിഫലിച്ചിട്ടില്ല. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- മുൻവർഷാവസാനത്തിൽ വികസനഫണ്ട് നൽകാൻ പര്യാപ്തമായിരുന്നില്ല എങ്കിലും, വകയിരുത്തിയ തനതുഫണ്ടിൽ നിന്നും തുക നൽകാതെ തുടർവർഷം അടങ്കൽ മാറ്റി തുക നൽകിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. തനതുഫണ്ട് വകയിരുത്തി രൂപീകരിക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ പിന്നീട് മാറ്റം വരുത്തരുതെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടും ഇപ്രകാരം ചെയ്തത് വിശദീകരിക്കേണ്ടതാണ്.
- പദ്ധതിയിൽ പാർക്കിൽ മണ്ണ് ഫിൽ ചെയ്ത് നിറക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നു. കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫിൽ ചെയ്യുന്ന DAR ലെ ഇനം 50.2.25.1 ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. വീതി കുറഞ്ഞ ട്രഞ്ചുകളിൽ മണ്ണ് നിറക്കുന്ന ഇനമാണിതെന്ന് ആയതിന്റെ

വിവരണം പരിശോധിച്ചാൽ മനസ്സിലാകും. ഫയലിൽ ലഭ്യമായ ലെവൽ ബുക്ക് പ്രകാരമുള്ള അളവാണ് ഫില്ലിംഗിന്റെ അളവായി(481.6m$^3$) അളവുപുസ്തകം 39/21-22ൽ പേജ് 20 ൽ രേഖപ്പെടുത്തിയത്. ഇതിൽ നിന്നും തുറന്ന പ്രദേശത്താണ് ഫില്ലിംഗ് നടന്നിട്ടുള്ളതെന്ന് വ്യക്തമാണ്. ഇത്തരത്തിൽ തുറന്ന പ്രദേശത്തെ ഫില്ലിംഗിന് ഉയർന്ന നിരക്കിലുള്ള മേലിനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

- അളവു പുസ്തകം പ്രകാരം സംരക്ഷണഭിത്തി നിർമ്മാണത്തിനായി ആകെ 78.546m$^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയ മണ്ണിന്റെ അളവിൽ നിന്ന് ഈ അളവ് കുറവ് വരുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗയോഗ്യമല്ലാത്തത് സംബന്ധിച്ച് രേഖപ്പെടുത്തലുകളൊന്നും അളവു പുസ്തകത്തിലില്ല. കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ കുറവു വരുത്താതിരുന്ന സാഹചര്യം വ്യക്തമല്ല.

മേൽ സാഹചര്യങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വറി നമ്പർ 18/2022-23/29.1.24 ന് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച രീതിയിൽ തെറ്റായ ഇനം എസ്റ്റിമേറ്റിലുൾപ്പെടുത്തി തുക നൽകിയതിനാലും, കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതിരുന്നതിനാലും നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

| നൽകിയ തുക<br>ഇനം 50.2.25.1 പ്രകാരം(529.11രൂപയുടെ 24.4% കുറവു നിരക്കിൽ) | നൽകാവുന്ന തുക<br>ഇനം 50.2.26.1 പ്രകാരം | അധികം നൽകിയത് |
|---|---|---|
| 481.6m$^3$ X 400= 192640/- | 481.6m$^3$ X 297.37=143213.39/- | 49427/- |

മുകളിൽ കണക്കാക്കിയത് ഇനം 50.2.26.1 ന് ലഭിക്കാമായിരുന്ന ടെണ്ടർ കുറവ് കണക്കാക്കാതെയുള്ള അധിക ചെലവാണ്. ഇനം 50.2.25.1 ന് ലഭിച്ച വിധം 24.4% ടെണ്ടർ കുറവു കണക്കാക്കിയാൽ ഈ നഷ്ടം 84372/-രൂപയോളം വരും!!!

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് 78.546m$^3$ ഫില്ലിംഗ് അളവിൽ കുറവു വരുത്താത്തതിനാൽ മണ്ണിന്റെ റോയൽറ്റി (40രൂപ), ക്യാരേജ് (129.71രൂപ) എന്നീയിനത്തിൽ ആകെ 13330/- (78.546 X169.71)രൂപ കരാറുകാരന് അധികം നൽകി.

മേൽ വിവിരിച്ച വിധം കരാറുകാരന് അധികം നൽകിയ ആകെ 62757/-(49427+13330)+ 12% GSTരൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മൊബൈൽ ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെ വസ്തുനികുതി നിർണ്ണയിച്ചു- തനത് വരുമാനത്തിൽ നഷ്ടം

ഫയൽ നമ്പർ : FE2/14521/2020

കെട്ടിട നമ്പർ : 23/328 A

ഫറോക്ക് നഗരസഭയിലെ ഡിവിഷൻ 23 ൽ ഫറോക്ക് വില്ലേജിൽ റീസർവ്വെ 483/63 ൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് മൊബൈൽ ടവറിന്റെ (ഇൻഡസ് ടവർ ലിമിറ്റഡ്, 8ാം നില വൻകാരത്ത് ടവർ,

കൊച്ചിൻ, പാലാരിവട്ടം) വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു.

27/01/2024 തിയതിയിൽ സ്ഥലപരിശോധന നടത്തിയതിലും, സഞ്ചയ ഫോറം-6, നമ്പറിംഗ് ഫയൽ എന്നിവ പരിശോധിച്ചതിലും മൊബൈൽ ടവറിന്റെ വിസ്തീർണ്ണം (22.75 ചതുരശ്ര മീറ്റർ) കണക്കാക്കാതെയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചത് എന്ന് വ്യക്തമാകുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26/02/2022 ലെ ആർ.ഡി.3/94/2020 നം. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ വസ്തുനികുതി നിർണ്ണയിക്കുന്നതിന് മൊബൈൽ ടവറുകളുടെ ടവറിന്റെ വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നികുതി നിർണ്ണയിക്കാത്തതിനാൽ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഇൻഡസ് ടവർ നിർമ്മിക്കുന്നതിന് 29/12/2019 ന് FE-BA(356065)/2019 പെർമിറ്റ് പ്രകാരം 19.40 ചതുരശ്ര മീറ്ററിനാണ് അനുമതി നല്കിയത്. (Tower = 05.00 ചതുരശ്ര മീറ്റർ, Shelter = 08.40 ചതുരശ്ര മീറ്റർ, D.G Room = 06.00 ചതുരശ്ര മീറ്റർ ). എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം 39.9 ചതുരശ്ര മീറ്ററിലാണ് (Tower = 22.75 ചതുരശ്ര മീറ്റർ, Shelter = 12.65 ചതുരശ്ര മീറ്റർ, D.G Room = 04.50 ചതുരശ്ര മീറ്റർ)മൊബൈൽ ടവർ നിർമ്മിച്ചിരിക്കുന്നത്

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മൊബൈൽ ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെയാണ് 17/03/2022 ന് ഒക്യൂപ്പൻസി അനുവദിച്ച് നികുതി നിർണ്ണയിച്ചത്. അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത ചുവടെ ചേർക്കുന്നു.

| നികുതി | Area | നികുതി നിരക്ക് | അടിസ്ഥാന നികുതി | ലൈബ്രറിസെസ്സ് | ആകെ |
|---|---|---|---|---|---|
| നിർണ്ണയിച്ച നികുതി | 17.16 Sq.M | 500/- | 17.16X500 = 8580 | 429 | 9009/- |
| നിർണ്ണയിക്കേണ്ടത് | 39.9 Sq.M | 500/- | 39.9X500 = 19950 | 998 | 20948/- |
| നികുതി നിർണ്ണയിച്ചതിൽ കുറവ് | 22.75 Sq.M | | 22.75X500 = 11370/- | 569/- | 11939/- |

അടിസ്ഥാന വസ്തുനികുതിയിൽത്തന്നെ 11370/- രൂപയും, ഗ്രന്ഥശാലാവരി 569/- രൂപയും കുറവായാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. അടിസ്ഥാന വസ്തുനികുതി നിർണ്ണയത്തിലെ അപാകത മൂലം നഗരസഭയ്ക്ക് നികുതി വരുമാനത്തിൽ പ്രതിവർഷം 11939/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള മൊബൈൽ ടവറിന്റെ വിസ്തീർണ്ണം ഉൾപ്പെടുത്താതെ 17/03/2022 ന് ഒക്യുപെൻസി അനുവദിച്ചതിനും, വസ്തുനികുതി നിർണ്ണയിച്ചതിനും വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി. 47/2022-23, തിയതി. 02/02/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സൈറ്റും വസ്തുതകളും പരിശോധിക്കാതെ വസ്തുനികുതി നിർണ്ണയിച്ച റവന്യൂ

ഇൻസ്പെക്ടറിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും വസ്തുനികുതി പുനർ നിർണ്ണയിച്ച് വസ്തുനികുതിയിലും, ഗ്രന്ഥശാലാവരിയിലും ഉണ്ടായ നഷ്ടം ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മാവേലി സ്റ്റോർ നവികരണം - എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്തമായ നിർമ്മാണത്തിന് എസ്റ്റിമേറ്റ് നിരക്കിൽ തുക അനുവദിച്ചു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 3,50,000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 2,40,037/- ബിൽ നം.132/7.12.22

ഈ പ്രവൃത്തിയിൽ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നാലു ഷട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതും, മുറ്റം ഇന്റർലോക്ക്, ചുമരുകളുടേയും, ഷട്ടർ, ഗ്രിൽ എന്നിവയുടെയും പെയിന്റിംഗ് മുതലായവയാണ് വിഭാവനം ചെയ്തിരുന്നത്. പ്രവൃത്തി ടെണ്ടർ നടത്തി അലി.പി. എന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. അളവു പുസ്തകം 12/22-23 പ്രകാരം പ്രവൃത്തികൾ പൂർത്തീകരിച്ചതായി രേഖപ്പെടുത്തി, കരാറുകാരന് മേൽ ബിൽ പ്രകാരം തുക അനുവദിച്ചു.

ഓഡിറ്റിന്റെ ഭാഗമായി 31.1.24 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത പ്രവൃത്തി നേരിൽ പരിശോധിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന സ്റ്റേഡിയത്തിലെ കെട്ടിടത്തിനു മുമ്പിൽ ഏകദേശം 30 മീറ്റർ നീളത്തിൽ വിരിച്ചിരുന്ന ഇന്റർലോക്കിൽ ഏഴു മീറ്ററോളം നീളത്തിലുള്ള പൊളിഞ്ഞ/ കേടായ ഭാഗം പുനനിർമ്മിക്കുകയാണുണ്ടായതെന്ന് പരിശോധനയിൽ വ്യക്തമാകുന്നു. ബാക്കി ഭാഗം നിലവിലും പൊട്ടിപൊളിഞ്ഞ നിലയിലാണ്. സ്റ്റോറിന്റെ റീടെയിൽ സെയിൽ നടക്കുന്ന രണ്ടു കടമുറിയുടെ മുന്നിലുള്ള ഇന്റർലോക്കുകൾ പഴയത് ഇളക്കിമാറ്റി വീണ്ടും വിരിക്കുകയാണുണ്ടായതെന്ന് സ്റ്റോർ ജീവനക്കാരും അറിയിച്ചു. സ്ഥലപരിശോധനയിൽ കൂടെയുണ്ടായ ഓവർസിയർ കരാറുകാരനുമായി ഫോണിൽ സംസാരിച്ചതിൽ പഴയ ഇന്റർലോക്ക് ഉപയോഗിക്കുകയാണുണ്ടായതെന്ന് അറിയിക്കുകയും ചെയ്തു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇന്റർലോക്ക് വിരിക്കുന്നതിനായി മൂന്നിനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇനം 4,5,6 എന്നിവയായി ഐറ്റം 51.2.3. ക്വാറി മക്ക് ഫില്ലിംഗ്, OD 1651500/2021-2022 ഇന്റർലോക്ക് പേവിംഗ്, 4.1.3. PCC കോൺക്രീറ്റ് എന്നിവ. പഴയ ഇന്റർലോക്ക് വിരിക്കുന്നതിന് ക്വാറിമക്ക്, കോൺക്രീറ്റ് എന്നിവ ഉപയോഗപ്പെടുത്തിയിരിക്കാമെങ്കിലും, ഇന്റർലോക്ക് പേവിംഗിനായുള്ള OD യിൽ ഉൾപ്പട്ട ഇന്റർലോക്ക് കട്ട ആവശ്യമില്ല/ഉപയോഗിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ലഭ്യമായ ഇന്റർലോക്ക് ഉപയോഗിച്ചുള്ള പേവിംഗിനു പകരം പുതിയ ഇന്റർലോക്ക് ഉപയോഗിക്കും വിധം എസ്റ്റിമേറ്റ് തയ്യാറാക്കിയ സാഹചര്യവും/പഴയത് ഉപയോഗപ്പെടുത്തി പ്രവൃത്തി നടത്തിയിട്ടും പുതിയവ പേവിംഗ് നടത്തിയതായി അളവെഴുതിയതും വിശദീകരിക്കേണ്ടതാണ്.

മുകളിൽ വിവരിച്ച പ്രകാരം ചെയ്യാത്ത പ്രവൃത്തിയുടെ നിരക്ക് ചെയ്തതായി രേഖപ്പെടുത്തി തുക നൽകിയതിനാൽ നഗരസഭാഫണ്ടിന് അധികചെലവുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഇന്റർലോക്ക് പേവിംഗിനായി ഉൾപ്പെടുത്തിയ OD 1651500/2021-2022 യിൽ ഇന്റർലോക്ക് കട്ടയുടെ നിരക്ക് ഒഴിവാക്കിയാൽ പ്രസ്തുത ഇനത്തിന് നൽകാവുന്ന നിരക്ക് 522.69/-രൂപയാണ്. എന്നാൽ കട്ടയുടെ വില 450/sqm ഉൾപ്പെടെ 880.34/-രൂപ നിരക്കിലാണ് കരാറുകാരന് തുക നൽകിയത്. ഈയിനത്തിലുണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| നൽകിയ തുക | നൽകേണ്ട തുക | അധികം നൽകിയത് |
|---|---|---|

| | | |
|---|---|---|
| 880.34 X 14m²=12324.76 | 522.69 X 14m²= 7317.66 | 5007/- |

യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുൾപ്പടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ പുതിയ ഇന്റർലോക്ക് പേവിംഗിന്റെ അളവ് രേഖപ്പടുത്തി തുക നൽകിയത് വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നമ്പർ 43/2022-23/ 2.2.24) മറുപടി ലഭിച്ചില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, കരാറുകാരന് മുകളിൽ വിവരിച്ച പ്രകാരം അധികമായി നൽകിയ 5608/-രൂപ (5007+12%GST) തെറ്റായി അളവ് രേഖപ്പെടുത്തി ബിൽ തുക നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

**3-2 പൊതുകിണറുകളുടെ അറ്റകുറ്റപണികൾ - അളവു രേഖപെടുത്താത്ത ഇനത്തിന് തുക നൽകി, അനാവശ്യയിനം എസ്റ്റിമേറ്റിൽ**

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 15,00,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 8,82,751/- ബിൽ നം. 56/22.8.22 - 699638/-

ബിൽ നം. 413/28.3.23 – 183113/-

നഗരസഭയിലെ വിവിധ പൊതുകിണറുകളുടെ നവീകരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ അഞ്ചു ഭാഗങ്ങളാണുള്ളത്.

| | |
|---|---|
| ഭാഗം 1 | ഡിവിഷൻ 4 ലെ കിണറിനായി 18 ഇനങ്ങൾ |
| ഭാഗം 2 | കൃഷിഭവൻ കിണറിനായി 11 ഇനങ്ങൾ |
| ഭാഗം 3 | 2HP Submersible Pumpset നം, HD കേബിളിനുമായി ലംസം തുക 85000/-രൂപ |
| ഭാഗം 4 | വിവിധ കിണറുകൾക്കായി 8ഇനങ്ങൾ |
| ഭാഗം 5 | 1.5HP Submersible Pumpset നം, HD കേബിളിനുമായി ലംസം തുക 28000/- രൂപ |

മേൽ പ്രവൃത്തി ക്വട്ടേഷനിലൂടെ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത അബ്ദുൾ മൻസൂർ എം. എന്ന കരാറുകാരന് നൽകുകയും 26.3.22 ന് AE/FM/89/21-22 പ്രകാരം കരാർ ചമക്കുകയും ചെയ്തു. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ യഥാർത്ഥത്തിൽ ആവശ്യമില്ലാത്ത ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി തുക നൽകിയതായും, അളവു രേഖപ്പെടുത്താത്തയിനത്തിന് തുക അനുവദിച്ചതായും കാണുന്നു

1. അനാവശ്യയിനം എസ്റ്റിമേറ്റിൽ

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഭാഗം 1 ൽ ഇനം 16, ഭാഗം 2 ൽ ഇനം 8, ഭാഗം 4 ൽ ഇനം 4 എന്നിവയായി ഉൾപ്പെടുത്തിയത് DARലെ ഐറ്റം 13.50.3 ആണ്. സ്റ്റീൽ പ്രവൃത്തികളിൽ റെഡ് ഓക്സൈഡ് സിങ്ക് ക്രോമേറ്റ് പ്രൈമർ അടിക്കുന്നതിനുള്ള ഇനമാണിത്. കിണറുകൾക്ക് സ്ഥാപിച്ച ഗ്രില്ലിനും, വെള്ളം കോരുന്ന കപ്പി ഘടിപ്പിക്കുന്നതിനുള്ള സ്റ്റീൽ പൈപ്പിനും പ്രൈമർ നൽകുന്നതിനാണ് ഈയിനം ഉൾപ്പെടുത്തിയതും, തുക നൽകിയതും. ഗ്രില്ല്, സ്റ്റീൽ പൈപ്പ് എന്നിവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ 50.10.2, 9.48.2 എന്നിവയാണ്. ഈയിനങ്ങളുടെ വിവരണം പരിശോധിച്ചാൽ സ്റ്റീൽ ഇനങ്ങൾ പ്രൈമർ അടിക്കുന്നതുൾപ്പെടെയുള്ള നിരക്കാണ് ഇവയുടേതെന്ന് കാണാം. പ്രൈമർ അടിക്കുന്നതിനുള്ള നിരക്ക് പ്രസ്തുതയിനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നിരിക്കെ പ്രത്യേകം ഇനം ഇതിനായി ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.

2. അളവു രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകി

എസ്റ്റിമേറ്റിന്റെ ഭാഗം 4 ൽ ഇനം 7 ആയി കിണറിലെ വെള്ളം വറ്റിക്കുന്നതിനായി ഐറ്റം 50.2.3.1 ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ പ്രവൃത്തി നടത്തിയതായി അളവു പുസ്തകങ്ങളിൽ(എം ബുക്ക് നം.13/22-23, 113/2021-22) രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബിൽ തുക നൽകിയപ്പോൾ 15 മണിക്കൂർ നേരം പ്രവൃത്തി നടത്തിയതിന് 286.39/- രൂപ നിരക്കിൽ 4295.85/-രൂപ കരാറുകാരന് അനുവദിച്ചതായി കാണുന്നു. പ്രസ്തുത പ്രവൃത്തിയുടെ DLR (Daily Labour Report)ഉം ഫയലിലില്ല. ഇത്തരത്തിൽ അളവു രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകിയ സാഹചര്യം വ്യക്തമല്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറി( 14/2022-23 /25.1.24)യ്ക്ക് മറുപടി ലഭിച്ചില്ല. ഓഡിറ്റിന്റെ ഭാഗമായി 31.1.24 ന് സാങ്കേതിക വിഭാഗം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ വിവിധ കിണറുകൾ നേരിൽ സന്ദർശിച്ചപ്പോൾ, എല്ലാ കിണറുകളുടേയും ഗ്രിൽ, വെള്ളം കോരുന്നതിനുള്ള ജി.ഐ.പൈപ്പ് എന്നിവ തുരുമ്പിച്ച അവസ്ഥയിലാണ്. ഇവയിൽ അടിച്ച അലുമിനിയം പെയിന്റ് പലയിടങ്ങളിലും പൂർണ്ണമായും പോയിരിക്കുന്നു. പൂർണ്ണമായും പെയിന്റ് പോയ പൈപ്പുകളിൽ പ്രൈമർ നൽകിയിട്ടില്ലെന്ന് മനസ്സിലാകുന്നു. സ്റ്റീലിനായി ഉൾപ്പെടുത്തിയ ഇനത്തിൽ പ്രൈമർ നൽകുന്നതിനുള്ള നിരക്ക് ഉൾപ്പെട്ടിട്ടുണ്ടെന്നിരിക്കെ പ്രത്യേകം പ്രൈമറിനായി മറ്റൊരു ഇനം കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും, ആയത് ചെയ്തതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തത് വിശദീകരിക്കേണ്ടതാണ്. മുകളിൽ വിവരിച്ച വിധം അനാവശ്യമായി ഇനം ഉൾപ്പെടുത്തിയതിനാലും, അളവു രേഖപ്പെടുത്താത്ത ഇനത്തിന് തുക നൽകിയതിനാലും താഴെ ചേർക്കും പ്രകാരം അധിക ചെലവ് നഗരസഭാഫണ്ടിനുണ്ടായി.

| പ്രൈമർ ഇനം നൽകിയതിനാൽ | | | |
|---|---|---|---|
| എസ്റ്റിമേറ്റ് ഭാഗം | ഐറ്റം നമ്പർ | അളവ്x നിരക്ക് | തുക |
| I | 16 | $15.582m^2$x60.03 | 935.39 |
| II | 8 | 9.23 X 60.03 | 554.07 |
| IV | 4 | 36.13 X 60.03 | 2168.88 |
| ആകെ | | | 3658.34/- |

ഈ വിധം അനാവശ്യയിനം ഉൾപ്പെടുത്തിയതിനാൽ 3658/-രൂപയും, അളവു രേഖപ്പെടുത്താത്തയിനത്തിന് 4296/-രൂപയുമടക്കം ആകെ 7954+12% GST രൂപ കരാറുകാരന് അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. 4097/-രൂപ (3658+12%GST) എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും, 4812 രൂപ(4296+12%GST) ബിൽ തയ്യാറാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 വയോജനപാർക്ക് - കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗപെടുത്തിയില്ല, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപെടുത്തി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 390/23, വയോജനങ്ങൾക്ക് ഓപ്പൺ സ്റ്റേജ്,

ബിൽ തുക നൽകൽ

അടങ്കൽ : 1,27,662/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ് : 1,27,662/- ബിൽ നം. 471/30.3.23

2021-22 വർഷത്തിൽ പ്രോജക്ട് നമ്പർ 48/22 ആയി 15,31,000/-രൂപ അടങ്കലിൽ (231000 വികസനഫണ്ട് ജനറൽ+1100000 ധനകാര്യകമ്മീഷൻ ഗ്രാന്റ് + 200000 തനതുഫണ്ട്) വയോജന പാർക്കിന് സംരക്ഷണഭിത്തി നിർമ്മിക്കാനും, സ്റ്റേജ് നിർമ്മാണം, ഇരിപ്പിടങ്ങൾ, മറ്റു മോടിപിടിപ്പിക്കൽ പ്രവൃത്തികൾ എന്നിവയ്ക്കായി രൂപീകരിച്ചതാണ് ഈ പദ്ധതി. പദ്ധതി നിർവ്വഹണം പ്രസ്തുത വർഷം

പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 11,00,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് മാത്രമാണ് ചെലവായി 2021-22 വർഷ ചെലവ് പത്രികയിൽ ഉള്ളത്. ആകെ പ്രവൃത്തി മൂല്യമായ 12,27662/-രൂപയിൽ ബാക്കി നൽകാനുള്ള തുക നൽകാനാണ് ഓഡിറ്റ് വർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയിരിക്കുന്നത്. മേൽ ബിൽ പ്രകാരം തുക അനുവദിച്ചതായി എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും IKM ചെലവ് പത്രികയിൽ ആയത് പ്രതിഫലിച്ചിട്ടില്ല. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

- മുൻവർഷാവസാനത്തിൽ വികസനഫണ്ട് നൽകാൻ പര്യാപ്തമായിരുന്നില്ല എങ്കിലും, വകയിരുത്തിയ തനതുഫണ്ടിൽ നിന്നും തുക നൽകാതെ തുടർവർഷം അടങ്കൽ മാറ്റി തുക നൽകിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. തനതുഫണ്ട് വകയിരുത്തി രൂപീകരിക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ പിന്നീട് മാറ്റം വരുത്തരുതെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടും ഇപ്രകാരം ചെയ്തത് വിശദീകരിക്കേണ്ടതാണ്.
- പദ്ധതിയിൽ പാർക്കിൽ മണ്ണ് ഫിൽ ചെയ്ത് നിറക്കുന്ന പ്രവൃത്തി ഉൾപ്പെട്ടിരുന്നു. കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫിൽ ചെയ്യുന്ന DAR ലെ ഇനം 50.2.25.1 ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. വീതി കുറഞ്ഞ ട്രഞ്ചുകളിൽ മണ്ണ് നിറക്കുന്ന ഇനമാണിതെന്ന് ആയതിന്റെ വിവരണം പരിശോധിച്ചാൽ മനസ്സിലാകും. ഫയലിൽ ലഭ്യമായ ലെവൽ ബുക്ക് പ്രകാരമുള്ള അളവാണ് ഫില്ലിംഗിന്റെ അളവായി($481.6m^3$) അളവു പുസ്തകം 39/21-22 ൽ പേജ് 20 ൽ രേഖപ്പെടുത്തിയത്. ഇതിൽ നിന്നും തുറന്ന പ്രദേശത്താണ് ഫില്ലിംഗ് നടന്നിട്ടുള്ളതെന്ന് വ്യക്തമാണ്. ഇത്തരത്തിൽ തുറന്ന പ്രദേശത്തെ ഫില്ലിംഗിന് ഉയർന്ന നിരക്കിലുള്ള മേലിനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.
- അളവു പുസ്തകം പ്രകാരം സംരക്ഷണഭിത്തി നിർമ്മാണത്തിനായി ആകെ $78.546m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഫില്ലിംഗിനായി ഉപയോഗപ്പെടുത്തിയ മണ്ണിന്റെ അളവിൽ നിന്ന് ഈ അളവ് കുറവ് വരുത്തിയിട്ടില്ല. കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗയോഗ്യമല്ലാത്തത് സംബന്ധിച്ച് രേഖപ്പെടുത്തലുകളൊന്നും അളവുപുസ്തകത്തിലില്ല. കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ഫില്ലിംഗിന്റെ അളവിൽ കുറവു വരുത്താതിരുന്ന സാഹചര്യം വ്യക്തമല്ല.

മേൽ സാഹചര്യങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വറി നമ്പർ 18/2022-23/29.1.24 ന് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച രീതിയിൽ തെറ്റായ ഇനം എസ്റ്റിമേറ്റിലുൾപ്പെടുത്തി തുക നൽകിയതിനാലും, കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതിരുന്നതിനാലും നഗരസഭാ ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കേണ്ടതാണ്.

| നൽകിയ തുക<br>ഇനം 50.2.25.1 പ്രകാരം<br>(529.11രൂപയുടെ 24.4% കുറവു നിരക്കിൽ) | നൽകാവുന്ന തുക<br>ഇനം 50.2.26.1 പ്രകാരം | അധികം നൽകിയത് |
|---|---|---|
| $481.6m^3$ X 400= 192640/- | $481.6m^3$ X 297.37=143213.39/- | 49427/- |

മുകളിൽ കണക്കാക്കിയത് ഇനം 50.2.26.1 ന് ലഭിക്കാമായിരുന്ന ടെണ്ടർ കുറവ് കണക്കാക്കാതെയുള്ള അധിക ചെലവാണ്. ഇനം 50.2.25.1 ന് ലഭിച്ച വിധം 24.4% ടെണ്ടർ കുറവു കണക്കാക്കിയാൽ ഈ നഷ്ടം 84372/-രൂപയോളം വരും!!!

കുഴിച്ചെടുത്ത മണ്ണിന്റെ അളവ് $78.546m^3$ ഫില്ലിംഗ് അളവിൽ കുറവു വരുത്താത്തതിനാൽ മണ്ണിന്റെ റോയൽറ്റി(40രൂപ), ക്യാരേജ് (129.71രൂപ) എന്നീയിനത്തിൽ ആകെ 13330/- (78.546 X169.71)രൂപ കരാറുകാരന് അധികം നൽകി.

മേൽ വിവരിച്ച വിധം കരാറുകാരന് അധികം നൽകിയ ആകെ 70288/-രൂപ (49427+13330)+12% GST) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 22.01.2024 - 02.02.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി(HUDCO) | ജി.ഒ(ആർ.ടി)നം. 2278/2018/ എൽ.എസ്.ജി.ഡി തീ-18.08.18 | ഇല്ല | 59520000 | 4960000 | -- | 54560000 |

കുറിപ്പ്:- പരിശോധനയ്ക്ക് ലഭ്യമാക്കിയ ലോൺരജിസ്റ്ററിൽ 2022-23 വർഷത്തെ വായ്പ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

### 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15105860 |
| തൻവർഷം നിക്ഷേപിച്ച തുക | 212534 |
| ആകെ | 15318394 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15318394 |

കുറിപ്പ് :- സ്ഥിരനിക്ഷേപത്തിന് 7.25% പലിശ നിരക്കിൽ 1095175/- രൂപ പലിശ ഇനത്തിൽ ലഭിക്കേണ്ടതായിരുന്നെങ്കിലും 212534/-രൂപ മാത്രമാണ് നിക്ഷേപത്തോടൊപ്പം ചേർത്ത് പുതുക്കിയിട്ടുള്ളത്. പലിശയിനത്തിൽ വാഗ്ദാനം ചെയ്ത തുക ലഭിക്കാതിരിക്കുകയോ, ലഭിച്ച തുക അക്കൗണ്ട് ചെയ്യാതിരിക്കുകയോ ഉണ്ടായിട്ടുണ്ട്.

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഫറോക്ക് സർവീസ് കോപ്പറേറ്റീവ് ബാങ്ക്, ഫറോക്ക് ടൗൺ ബ്രാഞ്ച് (നിക്ഷേപ സർട്ടിഫിക്കറ്റ് നം.47622) | 21.01.2023 | 12 മാസം | 15318394 | നിക്ഷേപ കാലാവധി -12 മാസം |
| **ആകെ** | | | | **15318394** | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മുമ്പ് ഗ്രാമപഞ്ചായത്തായിരുന്ന കാലത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | | 2000-01 | 102 | കെട്ടിട വാടക കുടിശ്ശിക | 2006-08 (11)-ാമത് റിപ്പോർട്ട് ഖ. 63 നഷ്ടം ഈടാക്കുന്നത് |

| | | | | | |
|---|---|---|---|---|---|
| | | | | | സംബന്ധിച്ച തുടർ നടപടി വിവരം അറിയിക്കാൻ ശുപാർശ |
| 1999-2000 | 39 ഇ, 39 ജി | 2003-04 പൊതു പരാമർശം | 11(9) | ഫറോക്ക് ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് പണിയിൽ നഷ്ടം | 2011-14 (12)-ാമത് റിപ്പോർട്ട് തുക ഈടാക്കിയതിനാൽ ഒഴിവാക്കാൻ ശുപാർശ |
| 1999-2000 | 51 | 2003-04 പൊതു പരാമർശം | 11.13.5.10 | മൈത്രി ഭവന പദ്ധതി | തുടരുന്നു |
| 2000-01 | - | 2003-04 മറ്റ് പരാമർശം | 11.14 | 1)ആയുർവ്വേദാശുപത്രി വികസനം | 2019-21(53)-ാമത് റിപ്പോർട്ട് ഉത്തരവാദിയിൽ നിന്നും ഈടാക്കണം |
| 2014-15 | 2-5 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി അപാകതകൾ | തുടരുന്നു. |
| 2017-18 | 3-5 | 2018-19 | ഖരമാലിന്യ സംസ്കരണം-2 | മാലിന്യ സംസ്കരണ കേന്ദ്രത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ നിർവഹണ ഏജൻസിയ്ക്ക് പ്ലാസ്റ്റിക്ക് ഷ്രെഡിംഗ്, ആന്റിംഗ്, ബെയിലിംഗ് യൂണിറ്റിനായി തുക കൈമാറി | തുടരുന്നു. |
| 2017-18 | 3-1 | 2018-19 | പ്രോക്യൂർ-മെന്റ് മാന്വൽ | വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചില്ല | തുടരുന്നു. |
| 2018-19 | അനുബന്ധം-2 | 2020-21 | അദ്ധ്യായം-2-4 | മരാമത്ത് പ്രവൃത്തി സ്പെഷ്യൽ ഓഡിറ്റ് | തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 13,16, 23 | ശ്രീ. വി. സുധാകരൻ, സെക്രട്ടറി | LF.12553/ SPL.CELL/ SC.4/ 2000 Dt. 29.11.01 | 3447 | - | - | | - | - | 3447 | |
| 2 | 2000-01 | 9(1), 10 ബി, സി, 11 | ശ്രീ. പി. ദയാനന്ദൻ, AE, LSGD | LF.16204/ SPL.CELL/ SC.5എ/ 04 Dt.19.8.06 | 18938 | - | - | | - | - | 18938 | |
| 3 | 2001-02 | 7,13 | ശ്രീ. ആർ. മധുസൂദനൻ നായർ, സെക്രട്ടറി | LF.17591/ SPL.CELL/ SC.5/04 Dt.4.7.06 | 67527 | - | - | | - | - | 67527 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 230428741 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 204324232 |
| വരവിനങ്ങളിലുള്ള നഷ്ടം | 11939 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 84805 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12719815 |

(ബി). മുനിസിപ്പാലിറ്റി ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 11,939 | | ശ്രീ. അഭിലാഷ്.ടി, സെക്രട്ടറി ഇൻ ചാർജ് |
| 3-1 | - | 5608 | ശ്രീ. അനി ഐസക്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | - | 4097 | ശ്രീ. അഭിലാഷ് ടി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | - | 4812 | ശ്രീ. അനി ഐസക്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | - | 70288 | ശ്രീ. അനി ഐസക്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 11,939 | 84805 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-48 | 202658 | ശ്രീ. അനിൽകുമാർ, സെക്രട്ടറി |
| 1-48 | 209711 | ശ്രീ. അഭിലാഷ്.ടി, സെക്രട്ടറി ഇൻ ചാർജ് |
| 1-49 | 409215 | ശ്രീ. അഭിലാഷ്.ടി, സെക്രട്ടറി ഇൻ ചാർജ് |
| 1-49 | 572901 | ശ്രീ. അനിൽകുമാർ, സെക്രട്ടറി |
| 1-50 | 170241 | ശ്രീ. ലാലു ജോൺസ്.ആർ, താലൂക്കാശുപത്രി സൂപ്രണ്ട് |
| 1-51 | 763000 | ശ്രീ. വത്സൻ.സി.കെ, ഹെൽത്ത് |

| | | |
|---|---|---|
| | | ഇൻസ്പെക്ടർ |
| 1-53 | 898040 | ശ്രീ. അഷ്ഹദലി, കൃഷി ഓഫീസർ |
| 1-54 | 154540 | ശ്രീ. അഷ്ഹദലി, കൃഷി ഓഫീസർ |
| 1-55 | 1497322 | ശ്രീമതി താരാ ബാബു, പ്രിൻസിപ്പാൾ ജി.ജി.എച്ച്.എസ്,ഫറോക്ക് |
| 1-56 | 5000000 | ശ്രീ. അനിൽകുമാർ, സെക്രട്ടറി |
| 1-57 | 397187 | ശ്രീ. അഭിലാഷ് ടി, അസി.എഞ്ചിനിയർ |
| 1-58 | 1895000 | ശ്രീ. അനി ഐസക്, അസി.എഞ്ചിനിയർ |
| 1-59 | 500000 | ശ്രീ. അനിൽകുമാർ, സെക്രട്ടറി |
| 1-60 | 50000 | ശ്രീ. അനിൽകുമാർ, സെക്രട്ടറി |
| ആകെ | 12719815 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനി ഐസക്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ഫറോക്ക് മുനിസിപ്പാലിറ്റി | അമ്പഴശ്ശേരിൽ, ശാന്തി നഗർ, തേഞ്ഞിപ്പാലം |
| ശ്രീ. അഭിലാഷ് ടി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് | ഹരിനയനം, കുരുവിശ്ശേരി പി. ഒ, കോഴിക്കോട് – 673010 |

| | | |
|---|---|---|
| | | |
| ശ്രീ. വത്സൻ.സി.കെ, ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ, ഫറോക്ക് മുനിസിപ്പാലിറ്റി | 12/365,ചെറിയകടവത്ത് മണിയൂർ, വടകര – 673523 |
| ശ്രീ അഷ്ഹദലി. എ | കൃഷി ഓഫീസർ, ചേലേമ്പ്ര | പുതുക്കയിൽ ഹൌസ്, നല്ലളം- 673027 |
| ശ്രീ. അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, കളമശ്ശേരി മുനിസിപ്പാലിറ്റി | കൊടിയഴകത്ത് വീട്,തഴമേൽ, അഞ്ചൽ, കൊല്ലം. 691306 |
| ശ്രീ. ലാലു ജോൺസ്.ആർ, താലൂക്കാശുപത്രി സൂപ്രണ്ട് | താലൂക്കാശുപത്രി സൂപ്രണ്ട്, ഫറോക്ക് മുനിസിപ്പാലിറ്റി | ഷാരോൺ വില്ല, പൊറ്റമ്മൽ,കോഴിക്കോട് – 17 |
| ശ്രീമതി താരാ ബാബു | പ്രിൻസിപ്പാൾ ജി.ജി.എച്ച്.എസ് ഫറോക്ക് | ചെറയങ്ങോട്ട് ഹൌസ്, വൈദ്യരങ്ങാടി, രാമനാട്ടുകര |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | |
|---|---|---|---|
| | | എണ്ണം | ഖണ്ഡികകൾ |
| 1996-97 | എൽ.എഫ്.കെ.കെ.ഡി/ പി.2/1485/13(1)11.11.13 | 6 | 13, 14, 16, 22, 23, 24 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(2)/11.11.13 | 12 | 30, 31, 36(1,2), 38, 39, 46, 47, 53, 54, 59, 62, 63 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(1)/11.11.13 | 12 | |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(3)/11.11.13 | 2 | 28, 51 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(4)/11.11.13 | 9 | 7, 8, 12, 13, 14, 15, 17, 18, 19 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(5)/11.11.13 | 4 | 2(3), 2(4), 2(10), 3(7) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(6)/11.11.13 | 4 | 2-1, 2-11, 2-13, 3-8 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(7)/11.11.13 | 12 | 2-1, 2-2, 2-6, 2-7, 3-1, 3-2,3-3, 3-6(എ & ബി), 3-8, 3-9, 3-11, 3-20 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(8)/11.11.13 | 4 | 2-1, 3-1, 3-9, 3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി2/1485/13(9)/11.11.13 | 16 | 2-1, 2-2, 2-3, 2-4, 3-1,3-2,3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 14 | 2-2, 2-3, 2-4, 2-5(1),(2),( 3),( 4), 2-6, 3-2,3-3, 3-9, 3-11, 3-12, 3-15,3-16, 3-17, 3-19(3) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി2/578/12/04.05.2012 | 17 | 2-1, 2-9(1,2,4,6), 2-13,3-2, 3-3, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10,3-12, 3-13, 3-14, 3-16, 3-18 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി2/842/13(6)/15.7.2013 | 45 | 2-1, 2-2, 2-3, 2-4, 2-5,2-6, 2-7, 2-8, 2-9, 2-10,2-11, 2-12, 2-13, 2-14, 2-15, 2-16, 2-17, 2-18, 2-19, 2-20,2-21, 2-22, 3-1, 3-2, 3-3, 3-4,3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 3-13, 3-14, 3-15,3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി2/1782/11/20.01.2012 | 35 | 2-4, 2-5, 2-6, 2-7, 2-9, 2-10,2-11, 3-1, 3-2(1)(2), 3-3,3-4, 3-5, 3-6(ബി), 3-9,3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, 3-21,3-22, 3-23, 3-24, 3-25,3-26, 3-27,3-28,3-29, 3-30, 3-31, 3-36 |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി2/1443/13/25.10.13 | 38 | 1-4, 2-1, 2-3, 2-4, 2-8, 2-9,2-10, 2-11, 2-12, 2-13, 2-14, 3-1, 3-2, 3-3, 3-4, 3-5, 3-6,3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-18,3-20, 3-21, 3-22, 3-23,3-24, 3-25, 3-26, 3-28, 3-29, 3-30, 4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി2/244/14/11.06.2014 | 18 | 2-5, 2-6, 2-7, 2-8, 2-9,2-11, 2-12, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7,3-8, 3-11, 3-12, 3-14 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/ പി2/394/14/16.07.2014 | 32 | 2-1, 2-2, 2-3, 2-4, 2-5,3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, 3-19,3-21, 3-22, 3-23, 3-24,3-25, 4-1, 4-5, 4-11 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/ പി.2/2024/15/29.9.2016 | 23 | 2-2, 2-4, 2-5(2), 2-7, 2-8,3-1, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13,3-14, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2015-16 പഞ്ചായത്ത് | കെ.എസ്.എ.കെ.കെ.ഡി/ പി.14/799/17/30.1.2017 | 10 | 2-1, 2-2, 2-3, 2-4, 2-5,3-2, 3-3, 3-4, 3-5, 3-6 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/ പി.14/124 /17/30.1.2017 (01-11.15-31.3.2016) | 30 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 2-8, 2-9, 2-10, 2-11, 2-12, 2-13, 3-1, 3-2, 3-3,3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/ പി.14/1691/17/31.03.2018 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6,2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10,3-11, 3-12, 3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി13/1339/19/16.06.20 | 14 | 1-5, 1-12, 2-1, 2-2, 2-3, 2-4(3), 2-6,3-1, 3-3,3-4, 3-6,3-8, 3-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി പി13/117/21/27.1.21 | 32 | 1-7, 1-8, 1-9, 1-10, 1-11, 1-12,1-13, 1-14, 1-15, 1-16, 1-17, 1-18, 1-19,1-20, 1-21, 1-22, |

| | | | |
|---|---|---|---|
| | | | 1-23, 1-24, 1-25, 1-26,1-27,1-28, 1-29, 1-30,2-1, 3-1, 3-2, 3-3, 3-4,3-5, 3-6, അനുബന്ധം-2 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി പി9/332/22/10.5.23 | 32 | 1-1-1, 1-2-1,1-4 മുതൽ 1-7 വരെ, 1-9, 1-11 മുതൽ 1-42 വരെ2-1,3-1,3-2,3-3, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി പി9/1366/22/23.06.23 | 49 | 1-1-1,2-1,1-4,1-4-1,1-7,1-9 മുതൽ 1-45 വരെ, 3-1,3-2,3-3,3-4, 4-8-4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി പി9/1966/22/21.06.23 | 46 | 1-1,1-2-1,1-4,1-5,1-8 മുതൽ 1-43 വരെ, 1-45, 3-1,3-2,3-3,4-8,4-11 |

**ജോയിന്റ് ഡയറക്ടർ,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 02 dated 31-07-2023 and submitted on 26-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Feroke Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Feroke Municipality for the year 2022-2023

**Date:** **12/03/2024**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Feroke Municipality for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

a) The following mandatory financial statements prescribed in accounts rules are not submitted for audit. Ratios & Notes to account

b) Monthly bank reconciliation statement not prepared

c) No Annual abstract is prepared in demand registers.

Eg:- License register, Permit register, Rent etc

d) Demand register does not match with AFS. Eg:- Property Tax

e) The following register does not match with accounts.
Eg:- Deposit register, advance register, Stock register etc

f) The Asset register is not reliable for audit due to defective maintenance.

g) Lapses in making timely and and accurate demand entries in respect of items of tax and non tax revenue.
Eg:- License, Permit, Rent etc

h) The following demand registers are not periodically reconciled with accounts
Ex:- Property tax, License.

i)Lack of Authenticated documents for supporting journal entries

j) The amount remaining outstanding in respect of Tender Form Fee (E Tender Fee) applicable to projects executed by the Municipal Engineer is seen not included in the balance sheet as receivable in the AFS.

k) Grant liability shown as liability in balance sheet does not match with bank account opened for the specific grant account

l) Inaccuracy in year-end balance of CFC grants

m) Instead of disbursing the amount from the Suchitwa Mission Fund, it disbursed from the Swachh Bharat Mission Fund.

n) Development Fund General Expenditure- The amount in the Annual Accounts and Sulekha Expenditure Sheet is not match with the ACR.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ഫറോക്ക് മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്